# വൈവാഹിക നിയമങ്ങൾ

**(Malayalam)**

أحكام الزواج

[ باللغة مليالم ]


تأليف: عبد اللطيف السلّمي



المكتب التعاوني للدعوة وتوعية الجاليات بالسلي

الرياض – المملكة العربية السعودية



തയ്യാറാക്കിയത് :
അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി



കോഓപറേറ്റീവ് ഓഫീസ് ഫോർ കാൾ ആന്റ് ഗൈഡൻസ് സുലൈ, റിയാദ് – സൗദി അറേബ്യ

Web edition retyped by:

islamhouse.com

1431 - 2010

# ആമുഖമായി രണ്ട് വാക്ക്

ശിഥിലമായ കുടുംബബന്ധങ്ങൾ, കണ്ണീരിൽ കുതിർന്ന മനസ്സുകൾ, നരകിച്ച് ജീവിക്കുന്ന കണക്കറ്റ ജനങ്ങൾ. ഇതിന് പരിഹാരം തേടുന്ന ജനത. ഇത് ഇന്നിന്റെ തീരാദു:ഖമായി മാറിയിരിക്കുകയാണ്. കുടുംബ ജീവിതത്തിന് അടിത്തറ പാകുന്ന വിവാഹം. അവിടെ ശ്രദ്ധിക്കുകയും ഉണ്ടാക്കി എടുക്കുകയും ചെയ്യേണ്ടതായ നിർദ്ദേശങ്ങളും നിയമങ്ങളും പാലിക്കുന്നതിൽ കാണിക്കുന്ന അശ്രദ്ധ, ഇത് മാത്രമാണ് മേൽപറയപ്പെട്ട പ്രശ്നങ്ങളുടെ കാരണം. അവക്കുള്ള പരിഹാരമാകട്ടെ മനുഷ്യനെ സൃഷ്ടിച്ച സൃഷ്ടാവ് കുടുംബ ജിവിതത്തിൽ അനിവാര്യമായും ഉണ്ടാക്കിയിരിക്കണമെന്ന് കൽപ്പിച്ച നിർദ്ദേശങ്ങളിലേക്ക് തിരിച്ച് പോവുക എന്നുള്ളതുമാണ്.

വൈവാഹികജിവിത വിഷയത്തിൽ രചിക്കപ്പെട്ട ഗ്രന്ഥങ്ങൾ മലയാളത്തിൽ കുറച്ചൊന്നുമല്ല. എന്നാൽ പ്രസ്തുത ഗ്രന്ഥങ്ങളിൽ കാണാൻ കഴിഞ്ഞിട്ടില്ലാത്ത പല വിഷയങ്ങളും ജനങ്ങൾ അറിയേണ്ടതായിട്ടുണ്ട്. ജീവിതത്തിന്റെ എല്ലാ മേഖലളിലേക്കും വെളിച്ചം വീശുന്ന ഇസ്ലാമിക ശരീഅത്ത് വിവാഹത്തേയും ദാമ്പത്യ മര്യാദകളേയും അവഗണിച്ചിട്ടില്ല. വൈവാഹിക ജീവിതം ഖുർആന്റെയും നബിചര്യയുടേയും അടിസ്ഥാനത്തിൽ പ്രതിപാദിക്കുവാനുള്ള ഒരു ശ്രമമാണ് ഇവിടെ നടത്തിയിട്ടുള്ളത്. കുറ്റമറ്റ ഹദീസുകൾ മാത്രമാണ് ഇതിൽ ഉൾകൊള്ളിച്ചിട്ടുള്ളത്. ബുഖാരിയിലും മുസ്ലിമിലും വന്നിട്ടുള്ളതല്ലാത്ത ഹദീസുകൾ നാസിറുദ്ദീൻ അൽബാനി(ﷺ) സ്വഹീഹാണ് എന്ന് രേഖപ്പെടുത്തിയവ മാത്രമാണ് ഇതിൽ ഉൾകൊള്ളിച്ചിട്ടുള്ളത്; അവതന്നെ ഹദീസ് നമ്പറും ഗ്രനഥത്തിന്റെ പേരും അടിക്കുറിപ്പായി ചേർത്തിട്ടുമുണ്ട്.

ഇത് കുറ്റമറ്റതാണെന്ന് അവകാശപ്പെടുന്നില്ല. പോരായ്മകൾ ചൂണ്ടി കാണിക്കുന്നവരോട് നന്ദിയുണ്ടായിരിക്കും. ഇതിന്റെ രചനയിൽ സഹായിച്ചവരോടുള്ള കടപ്പാടുകൾ ഓർമ്മിക്കുകയും പ്രതിഫലത്തിനായി പ്രാർത്ഥിക്കുകയും ചെയ്യുന്നു. നാഥാ ഇതൊരു സൽകർമ്മമായി സ്വീകരിച്ച് എല്ലാവർക്കും പ്രതിഫലം നൽകണമേ. (ആമീൻ)

നാഥാ, ഞങ്ങളുടെ ഇണകളിലൂടെയും മ ക്കളിലൂടെയും നീ ഞങ്ങൾക്ക് കൺ കുളിർമ നൽകണമേ, ഞങ്ങളെ വളർത്തിയ മതാപിതാക്കളോടും, ഞങ്ങൾ വളർത്തുന്ന മക്കളോടും, ഇണകളോടുമൊത്ത് ഞങ്ങളെ നീ സ്വർഗ്ഗത്തിൽ ഒരുമിച്ചു കൂട്ടേണമേ. (ആമീൻ)

*അബ്ദുല്ലത്തീഫ് സുല്ലമി, മാറഞ്ചേരി*
*23/08/2005 റിയാദ് , സൗദി അറേബ്യ*

***********

# വിവാഹം പ്രകൃതിയുടെ തേട്ടം

പ്രപഞ്ചത്തിലെ സകല വസ്തുക്കളെയും പ്രപഞ്ച നാഥനായ സ്രഷ്ടാവ് ഇണകളായി സൃഷ്ടിക്കുകയും പരസ്പരം ഇണ ചേരുന്ന പ്രകൃതിയോടെ വളര്‍ത്തിക്കൊണ്ടിരിക്കുകയുമാണ് ചെയ്യുന്നത്. മനുഷ്യനില്‍ മാത്രമല്ല, മനുഷ്യേതര ജന്തുക്കളിലും സസ്യങ്ങളില്‍ പോലും ഇത് ദൃശ്യമാകുന്നുണ്ട്. ഇണ ചേരാനുള്ള പ്രായമാകുമ്പോള്‍ അതിനായി ശരീര പ്രകൃതിയില്‍ തന്നെ മാറ്റമുണ്ടാകുന്നു. സ്വന്തമായി ഇണചേരുവാന്‍ കഴിയാത്തവര്‍ക്ക് അല്ലാഹു തന്നെ അതിനുള്ള മറ്റുമാര്‍ഗ്ഗങ്ങളും പ്രകൃതിയുടെ സൃഷ്ടിപ്പില്‍ തന്നെ ക്രമീകരിച്ചു. കാറ്റിലൂടേയും വെള്ളത്തിലൂടേയും പറവകളിലൂടേയും പരാഗണം നടത്തുന്നതും അതിനായി പറവകളെ ആകര്‍ഷിക്കാന്‍ പൂക്കളുടെ നിറവും മണവുമെല്ലാം സംവിധാനിച്ചിരിക്കുന്നതും എന്തു മാത്രം ആസൂത്രിതമായിട്ടാണ് ??.

سُبْحَانَ الَّذِي خَلَقَ الْأَزْوَاجَ كُلَّهَا مِمَّا تُنبِتُ الْأَرْضُ وَمِنْ أَنفُسِهِمْ وَمِمَّا لَا يَعْلَمُونَ - سورة يس : ٣٦

**“ഭൂമി മുളപ്പിക്കുന്ന സസ്യങ്ങളിലും അവരുടെ സ്വന്തം വര്‍ഗ്ഗങ്ങളിലും, അവര്‍ക്ക് അറിയാത്ത വസ്തുക്കളിലും പെട്ട എല്ലാ ഇണകളേയും സൃഷ്ടിച്ചവന്‍ എത്ര പരിശുദ്ധന്‍.” (സൂറ യാസീന്‍ : 36)**

# വിവാഹം നിർബന്ധം

പ്രകൃതിമതമായ ഇസ്‌ലാമിലെ കൽപനകൾ തീർത്തും പ്രകൃതിക്ക് അനുയോജ്യമായിട്ടുള്ളതാണ്. ഇണ ചേർന്നു കൊണ്ടുള്ള ജീവിതം അ താണ് പ്രകൃതിക്ക് അനുയോജ്യമായിട്ടുള്ളത്. അത് അവഗണിച്ചു കൊണ്ടുള്ള ജീവിതം തീർത്തും ഒരു ജീവിക്കും സസ്യങ്ങൾക്ക് പോലും ചിന്തനീയമല്ല. അതിനാലാണ് സ്വന്തമായി അത് നിർവഹിക്കാൻ കഴിയാത്ത സൃഷ്ടികൾക്ക് സൃഷ്ടാവ് തന്നെയാണ് അതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയത്. എന്നാൽ വിശേഷബുദ്ധിയുള്ള മനുഷ്യന് പ്രസ്തുത പ്രക്രിയ നിർവഹിക്കാൻ സൃഷ്ടാവ് നിശ്ചയിച്ച മാർഗ്ഗമാണ് വിവാഹം. കഴി വുള്ളവർ അതിൽനിന്ന് അകന്ന് ജിവിക്കാൻ പാടില്ലാത്തവിധം അത് നിർബ ന്ധമാക്കുകയും ചെയ്തു. അല്ലാഹു പറയുന്നു:

وَخَلَقْنَاكُمْ أَزْوَاجًا - سورة النبأ : ٨

**''നിങ്ങളെ നാം ഇണകളായി സൃഷ്ടിക്കുകയും ചെയ്തില്ലയോ.'' (സൂറ ന ബഅ്: 8)**

താഴെ പറയുന്ന ഹദീസുകളിൽ നിന്ന് ഇ ക്കാര്യം മനസ്സിലാക്കാവുന്ന താണ്. അല്ലാഹുവിന് ആരാധനകൾ നിർവഹിക്കാൻ വൈവാഹിക ജീവിതം തടസ്സമാകും എന്ന് ചിന്തിച്ച് അതിൽ നിന്ന് വിട്ടു നിൽക്കാൻ തീരു മാനിച്ച വ്യക്തിയോടായി പ്രവാചകൻ(ﷺ) പറഞ്ഞത് കാണുക:

إنّي أتزوّج النّساء فمن رغب عن سنّتي فليس منّي (مختسر مسلم رقم : ٧٩٥)

**''നിശ്ചയം ഞാൻ സ്ത്രീകളെ വിവാഹം കഴിച്ച് ജീവിക്കുന്നവനാണ്. വല്ല വനും എന്റെ ജീവിതചര്യ വെറുത്താൽ അവൻ എന്നിൽ പെട്ടവനല്ല.'' (മു ഖ്ത്വസർ മുസ്‌ലിം 795)**

النّكاح من سنّتي فمن لم يعمل بسنّتي فليس منّي (ابن ماجه ، صحيح الجامح الصغير الألباني رقم : ٦٨٠٧)

**"വിവാഹം എന്റെ ചര്യയാണ്. ആരാണോ എന്റെ ചര്യ അനുസരിച്ച് പ്രവർത്തിക്കാത്തത് അവൻ എന്നിൽ പെട്ടവനല്ല.'' (ഇബ്നുമാജ. അൽബാ നിയുടെ സ്വഹീഹു ജാമിഉ സ്വഗീർ: 6807)**

يا معشر الشباب من استطاع منكم البائة فليتزوّج فانّه أعضّ للبصر وأحصن للفرج ومن لم يستطع فعليه بالصوم (مختصر مسلم)

**''അല്ലയോ യുവസമൂഹമേ, നിങ്ങൾക്ക് ആർക്കെങ്കിലും വിവാഹത്തിനുള്ള കഴിവ് എത്തിക്കഴിഞ്ഞാൽ അവൻ വിവാഹം കഴിക്കണം. നിശ്ചയം അത് കണ്ണിന് നിയന്ത്രണവും ലൈംഗികവയവത്തിന് സംരക്ഷണവുമാണ്.'' (മുഖ്തസ്വറു മുസ്‌ലിം 794)**

ഇവിടെ കൽപനാരൂപത്തിലുള്ള പ്രവാചകൻ(ﷺ)യുടെ വാക്കിൽ നിന്നുതന്നെ അതിന്റെ ഗൗരവം മനസ്സിലാക്കാവുന്നതാണ്. അപ്രകാരം ത ന്നെ വിവാഹത്തിൽ നിന്ന് അകന്ന് ജീവിക്കുന്നതിനെ പ്രവാചകൻ(ﷺ) വിരോധിച്ചതായും ഹദീസുകളിൽ നിന്ന് മനസ്സിലാക്കാവുന്നതാണ്.

نهى رسول الله صلى الله عليه وسلم عن التّبتّل (متفق عليه)

**“നബി(ﷺ) ബ്രഹ്മചര്യം വിരോധിച്ചിരിക്കുന്നു”. (മുത്വഫഖുൻ അ ലൈഹി)**

*************

# വിവാഹത്തിന്റെ ലക്ഷ്യങ്ങൾ

വൈവാഹിക ജീവിതം ഇസ്‌ലാം നിർബന്ധമാക്കിയതിൽ ഒരുപാട് ലക്ഷ്യങ്ങൾ ഉൾകൊണ്ടിട്ടുള്ളതായി മനസ്സിലാക്കാൻ കഴിയും; അവയിൽ പ്രധാനപ്പെട്ടവ താഴെ ചേർക്കുന്നു.

## 1. മനുഷ്യ വംശത്തിന്റെ നില നിൽപ്പ്

ഭൂമിയിലുള്ളവയെല്ലാം മനുഷ്യന് വേണ്ടിയാണ് അല്ലാഹു സൃഷ്ടിച്ചരിക്കുന്നത് എന്ന് അല്ലാഹു വ്യക്തമാക്കിയിട്ടുണ്ട്.

هُوَ الَّذِي خَلَقَ لَكُم مَّا فِي الأَرْضِ جَمِيعًا - سورة البقرة :٢٩

**“അവനാണ് നിങ്ങൾക്കു വേണ്ടി ഭൂമിയിലുള്ളതെല്ലാം സൃഷ്ടിച്ചു തന്നത്.” (സൂറ: ബഖറ 29)**

അതിനാൽ തന്നെ ഈ പ്രപഞ്ചം നിലനിൽക്കുന്ന കാലമത്രയും മനുഷ്യവംശം ഇവിടെ നിലനിൽക്കേണ്ടതുണ്ട്. അതാകട്ടെ വിവാഹത്തിലൂടെയും, ഇസ്‌ലാം ആവശ്യപ്പെടുന്ന വൈവാഹിക ജീവിതത്തിലൂടെയും മാത്രമെ സാധ്യമാവുകയുള്ളു.

## 2. സമാധാന ജീവിതം കൈവരിക്കാൻ

മനുഷ്യജീവിതത്തിൽ സ്വൈര്യതക്കും സമാധാനത്തിനും ഇസ്‌ലാം മുന്നോട്ട് വെക്കുന്ന പ്രധാനപ്പെട്ട ഉപാധികളിൽ പ്രമുഖ സ്ഥാനമാണ് വിവാഹത്തിന് നൽകിയിട്ടുള്ളത്. താഴെ പറയുന്ന ഖുർആൻ ആയത്തുകളിലൂടെ അത് ഗ്രഹിക്കാവുന്നതാണ്.

وَمِنْ آيَاتِهِ أَنْ خَلَقَ لَكُم مِّنْ أَنفُسِكُمْ أَزْوَاجًا لِّتَسْكُنُوا إِلَيْهَا وَجَعَلَ بَيْنَكُم مَّوَدَّةً وَرَحْمَةً - سورة الروم : ٢١

**“നിങ്ങൾക്ക് ഒത്ത്ചേർന്ന് സാമാധാന ജീവിതം പ്രാപിക്കുന്നതിനായി നിങ്ങളിൽ നിന്നുതന്നെ നിങ്ങൾക്ക് ഇണകളെ സൃഷ്ടിക്കുകയും നിങ്ങൾക്കിടയിൽ സ്നേഹവും കാരുണ്യവും ഉണ്ടാക്കുകയും ചെയ്തതും, അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ.” (സൂറ: റൂം 21)**

هُوَ الَّذِي خَلَقَكُم مِّن نَّفْسٍ وَاحِدَةٍ وَجَعَلَ مِنْهَا زَوْجَهَا لِيَسْكُنَ إِلَيْهَا - سورة الأعراف : ١٨٩

**“ഒരൊറ്റ ദേഹത്തിൽ നിന്ന് തന്നെ നിങ്ങളെ സൃഷ്ടിച്ചുണ്ടാക്കിയവനാണവൻ; അതിൽ നിന്നു തന്നെ അതിന്റെ ഇണയേയും അവൻ ഉണ്ടാക്കി. അവളോടൊത്ത് അവൻ സമാധാനമടയുവാൻ വേണ്ടി.” (സൂറ: അഅ്റാഫ് 189)**

ഭൗതിക ജീവിത വിഷയങ്ങളുമായി മുന്നോട്ട് പോകുന്ന മനുഷ്യന് അനുഭവപ്പെട്ടേക്കാവുന്ന മാനസിക ടെൻഷനുകളും പ്രയാസങ്ങളും ഇല്ലാതാക്കി മനസ്സിനെ സമാധാനിപ്പിക്കുന്ന ഒരു ഇണയുടെ സാന്നിദ്ധ്യം നിർവ്വചിക്കാൻ കഴിയാത്ത ഒരു സമാധാനം തന്നെയാണ്. പ്രയാസങ്ങളിൽ ആശ്വ

സിപ്പിച്ച് ലഘൂകരിക്കാനായി കാരുണ്യവും സന്തോഷാവസരങ്ങളിൽ അത് വർദ്ധിപ്പിക്കാനായി സ്നേഹവും അല്ലാഹു ദമ്പതികളിൽ നിക്ഷേപിക്കുകയും ചെയ്യുന്നു.

### 3. സദാചാര ജീവിതം നയിക്കാൻ

പ്രകൃതിയിലെ സർവ്വചരാചരങ്ങളും ഇണ ചേർന്നു കൊണ്ട് അവയുടെ നൈസർഗ്ഗികാവശ്യങ്ങൾ പൂർത്തീകരിക്കുന്നു . അതാകട്ടെ പ്രകൃതിയിലെ എല്ലാ സസ്യ , ജന്തുക്കളിലും ജന്മനായുള്ളതും അടക്കിവെക്കാനും ഒഴിവാക്കാനും കഴിയാത്തതുമായ ഒരു സവിശേഷത കൂടിയാണ്. മനുഷ്യനല്ലാത്ത ജിവികളിൽ അതിർവരമ്പുകളോ വിലക്കുകളോ ഇല്ലാതെ അവ അത് നിർവ്വഹിക്കുകയും ചെയ്യുന്നു. എന്നാൽ മനുഷ്യന് മാത്രം അല്ലാഹു നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. അത് ലംഘിച്ച് തോന്നിയ പോലെ ലൈംഗിക പൂർത്തികരണത്തിനായി മറ്റു മാർഗ്ഗങ്ങൾ ആശ്രയിച്ചാൽ അത് പ്രശ്നങ്ങളും അരാജകത്വവും ഉണ്ടാക്കുന്നു. അതുകൊണ്ട് മനുഷ്യന് പ്രകൃത്യായുള്ള ആവശ്യങ്ങളിൽ പെട്ട ലൈംഗീകത ഇസ്ലാം വിവാഹത്തിലൂടെ മാത്രം പൂർത്തികരിക്കാൻ ആവശ്യപ്പെട്ടു. അതിലൂടെ കുത്തഴിഞ്ഞ ജീവിതത്തിന് അടുക്കും ചിട്ടയും ഉണ്ടാക്കുവാനും സദാചാരജീവിതം നയിക്കാനും കഴിയുന്നു.

പ്രസ്തുത നിയമങ്ങൾ ലംഘിക്കുന്നതിലൂടെ ഉണ്ടാകുന്ന മാനസിക സംഘർഷങ്ങളും ലൈംഗിക രോഗങ്ങളും വിവരിക്കേണ്ടതില്ലാത്ത വിഷയങ്ങളാണല്ലൊ, അതുകൊണ്ട് തന്നെ യുവ സമൂഹത്തോടായി വളരെ കർക്കശമായുള്ള ഈ വിഷയത്തിലെ പ്രവാചക കൽപ്പന ഏറെ ശ്രദ്ധേയമാണ്.

يامعشر الشباب من استطاع منكم البائة فليتزوّج فإنّه أغض للبصر وأحصن للفرج (مختصر مسلم)

**''അല്ലയോ യുവ സമൂഹമേ, നിങ്ങളിൽ ആർക്കെങ്കിലും വിവാഹത്തിനുള്ള കഴിവ് എത്തിക്കഴിഞ്ഞാൽ അവൻ വിവാഹം കഴിക്കണം. നിശ്ചയം അത് കണ്ണിന് നിയന്ത്രണവും ലൈംഗീകാവയവത്തിന് സംരക്ഷണവുമാണ്.'' (മുഖ്തസറു മുസ്‌ലിം)**

### 4. സഹകരണ സംരക്ഷണ ബോധം വളർത്തൽ

സാമൂഹ്യജിവിയായ മനുഷ്യൻ അന്യോ ന്യം സഹകരിച്ചും സഹായിച്ചും ജീവിക്കേണ്ടവരാണ്. മനുഷ്യന്റെ കഴിവുകളും അതിനനുസൃതമായി ഏറ്റക്കുറച്ചിലുള്ള നിലയിൽ തന്നെയാണ് അല്ലാഹു സൃഷ്ടിച്ചിട്ടുള്ളതും. എന്നാൽ മേൽപറയപ്പെട്ട സഹകരണവും സംരക്ഷണവും വൈവാഹിക ജീവിതത്തിൽ ഊട്ടിയുറപ്പിക്കപ്പെടുന്നു. അല്ലാഹു പറയുന്നു:

الرِّجَالُ قَوَّامُونَ عَلَى النِّسَاءِ بِمَا فَضَّلَ اللهُ بَعْضَهُمْ عَلَى بَعْضٍ وَبِمَا أَنفَقُواْ مِنْ أَمْوَالِهِمْ - سورة النساء : ٣٤

**''പുരുഷന്മാർ സ്ത്രീകളുടെ മേൽ നിയന്ത്രണാധികാരമുള്ളവരാകുന്നു. മനുഷ്യരിൽ ഒരു വിഭാഗത്തിന് അല്ലാഹു കൂടുതൽ കഴിവ് നൽകിയതു**

**കൊണ്ടും (പുരുഷന്മാർ) അവരുടെ ധനം ചിലവഴിച്ചതുകൊണ്ടുമാണത്.'' (സൂറ: നിസാഅ് 34)**

## 5. സമൂഹത്തിൽ ഭദ്രമായ കെട്ടുറപ്പ്

കുത്തഴിഞ്ഞ ജീവിതം സമൂഹത്തിന്റെ ഭദ്രമായ കെട്ടുറപ്പിന് ഭംഗം വരുത്തുകയും, സംരക്ഷിക്കാൻ ആളില്ലാത്ത വിധം അനാഥരും അഗതികളും പെരുകുകയും അത് മനുഷ്യ ജിവിതത്തിന് തന്നെ പ്രയാസം സൃഷ്ടിക്കുകയും ചെയ്യും. എന്നാൽ വിവാഹത്തിലൂടെ ജനിക്കുന്ന സന്താനങ്ങളുടെ പിതൃത്വവും പൂർണ്ണമായ സംരക്ഷണവും ഏറ്റെടുക്കാൻ മനുഷ്യനെ പ്രാപ്തനാക്കുന്നതാണ്. അതുമൂലം സമൂഹത്തിൽ ഉണ്ടാകാനിടയുള്ള അരക്ഷിതാവസ്ഥ ഇല്ലാതാക്കുകയും ചെയ്യുന്നു.

************

## വിവാഹം കഴിപ്പിക്കൽ സമൂഹത്തിന്റെ ബാധ്യത

സമൂഹത്തിലെ വിവാഹ പ്രായമെത്തിയ യുവാക്കൾക്കും യുവതികൾക്കും അനുയോജ്യരായ ഇണകളെ കണ്ടെത്തി അവരെ വിവാഹിതരാക്കുക എന്നത് സമൂഹത്തിന്റെ ബാധ്യതയായിട്ടാണ് ഇസ്‌ലാം കാണുന്നത്. കാരണം ഒരാൾ അവിവാഹിതനായി തനിക്ക് തോന്നിയ പോലെ ജീവിക്കാൻ തീരുമാനിച്ചാൽ അതിന്റെ ഭവിഷ്യത്തുകൾ അയാൾ മാത്രമായിരിക്കുകയില്ല അനുഭവിക്കേണ്ടതായി വരിക. അല്ലാഹു പറയുന്നത് കാണുക:

وَأَنكِحُوا الْأَيَامَى مِنكُمْ وَالصَّالِحِينَ مِنْ عِبَادِكُمْ وَإِمَائِكُمْ إِن يَكُونُوا فُقَرَاءَ يُغْنِهِمُ اللَّهُ مِن فَضْلِهِ وَاللَّهُ وَاسِعٌ عَلِيمٌ – سورة النور : ٣٢

**"നിങ്ങളിലുള്ള അവിവാഹിതരേയും നിങ്ങളുടെ അടിമകളിൽ നിന്നും അടിമ സ്ത്രീകളിൽ നിന്നും നല്ലവരായിട്ടുള്ളവരേയും നിങ്ങൾ വിവാഹ ബന്ധത്തിലേർപ്പെടുത്തുക. അവർ ദരിദ്രരാണെങ്കിൽ അല്ലാഹു തന്റെ അനുഗ്രഹത്തിൽ നിന്ന് അവർക്ക് ഐശ്വര്യം നൽകുന്നതാണ്. അല്ലാഹു അതിവിശാലനും സർവ്വജ്ഞനുമത്രെ." (സൂറ: നൂർ 32)**

നോക്കൂ, എത്ര ഗൗരവത്തോടെയാണ് ഇസ്‌ലാം ഇക്കാര്യം സമൂഹത്തെ ചുമതലപ്പെടുത്തിയിട്ടുള്ളത്. വൈവാഹിക ജീവിതം നയിക്കാനുള്ള ആരോഗ്യവും മാനസിക പക്വതയുമുള്ള ഏതൊരാളേയും കല്യാണം കഴിപ്പിക്കാനാണ് ഇസ്‌ലാം ആവശ്യപ്പെടുന്നത്. അവർ ദരിദ്രരാണെങ്കിൽ പോലും ഇക്കാര്യത്തിൽ അനാസ്ഥ കാണിക്കരുതെന്നാണ് നിയമം. ദരിദ്രരാണെങ്കിൽ അത് അല്ലാഹു തീർത്തുകൊള്ളും എന്ന് അല്ലാഹു പ്രത്യേകം ഉണർത്തുകയും ചെയ്തിരിക്കുന്നു.

ദാരിദ്ര്യം ഭയന്ന് വിവാഹം കഴിക്കുന്നതിൽ നിന്നും ഒരാളും വിട്ടുനിൽക്കേണ്ടതായി വരില്ല. കാരണം അവരെ അല്ലാഹു സഹായിക്കുക തന്നെ ചെയ്യും. ഇക്കാര്യം നബി(ﷺ)യും സന്തോഷമറിയിച്ചിട്ടുണ്ട്.

ثلاثة حق على الله عونهم المجاهد في سبيل الله والمكاتب الذي يريد الأدلء والنكاح الذي يريد العفاف (صحيح الترمذي للألباني 184 /4)

**"മൂന്ന് വിഭാഗം ആളുകളെ സഹായിക്കുമെന്നത് അല്ലാഹു ബാധ്യതയായി ഏറ്റെടുത്തിരിക്കുന്നു. അല്ലാഹുവിന്റെ മാർഗ്ഗത്തിലെ യോദ്ധാവ്, മോചന പത്രം എഴുതിയ അടിമ, സദാചാരം ഉദ്ദേശിച്ച് വിവാഹത്തിനൊരുങ്ങുന്ന വ്യക്തി എന്നിവരാണവർ." (അൽബാനിയുടെ സ്വഹീഹ് ജാമിഅ് തുർമുദി 4/184 നമ്പർ 1655)**

മാനസികവും ശാരീരികവുമായ ആരോഗ്യവും പക്വതയും ഉണ്ടായിട്ടും ജോലിയൊന്നും ശരിയായിട്ടില്ല; അതിനാൽ വിവാഹം കഴിക്കാനായിട്ടില്ല, എന്ന് കരുതുന്ന യുവാക്കളും മതബോധവും സദാചാര നിഷ്ടയുമുണ്ടായിട്ടും സാമ്പത്തിക നില പോരാ എന്ന് ചിന്തിച്ച് പെൺകുട്ടിക ളെ

വിവാഹം കഴിച്ചു കൊടുക്കാൻ മടിക്കുന്ന രക്ഷിതാക്കളും ഈ വചനം ശ്രദ്ധിച്ചിരുന്നെങ്കിൽ!.

************

# ഇണകളെ നേടുമ്പോൾ

വിവാഹ പ്രായമെത്തിയ പുരുഷനും സ്ത്രീയും അനുയോജ്യരായ ഇണകളെക്കുറിച്ച് സ്വപ്നങ്ങളും സങ്കൽപങ്ങളും മനസ്സിൽ സൂക്ഷിക്കുമെന്നത് വാസ്തവമാണ്. അപ്രകാരം തന്നെ രക്ഷിതാക്കൾ തങ്ങളുടെ മക്കൾക്കായി ഇണകളെ കണ്ടെത്തുന്ന കാര്യത്തിലും പല നിലക്കുള്ള പ്രതീക്ഷകൾ മനസ്സിൽ കണക്ക് കൂട്ടാറുണ്ട്. എന്നാൽ ഇസ്‌ലാം ഈ വിഷയത്തിൽ എന്ത് നിർദ്ദേശമാണ് നൽകുന്നതെന്ന് നമുക്ക് പരിശോധിക്കാം.

## ആദർശപ്പൊരുത്തം

ജീവിതത്തിന്റെ എല്ലാ മേഖലകളിലേക്കും മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്ന വിശുദ്ധ ഖുർആൻ വൈവാഹിക വിഷയത്തിൽ പറയുന്ന പ്രഥമ നിർദ്ദേശം കാണുക.

وَلاَ تَنكِحُواْ الْمُشْرِكَاتِ حَتَّى يُؤْمِنَّ وَلأَمَةٌ مُّؤْمِنَةٌ خَيْرٌ مِّن مُّشْرِكَةٍ وَلَوْ أَعْجَبَتْكُمْ وَلاَ تُنكِحُواْ الْمُشِرِكِينَ حَتَّى يُؤْمِنُواْ وَلَعَبْدٌ مُّؤْمِنٌ خَيْرٌ مِّن مُّشْرِكٍ وَلَوْ أَعْجَبَكُمْ أُوْلَـئِكَ يَدْعُونَ إِلَى النَّارِ وَاللّهُ يَدْعُوَ إِلَى الْجَنَّةِ وَالْمَغْفِرَةِ بِإِذْنِهِ وَيُبَيِّنُ آيَاتِهِ لِلنَّاسِ لَعَلَّهُمْ يَتَذَكَّرُونَ - سورة البقرة :221

**''ശിർക്ക് ചെയ്യുന്ന സ്ത്രികളെ (ബഹു ദൈവ വിശ്വാസിനികളെ) അവർ വിശ്വാസിനികളാകുന്നത് വരെ നിങ്ങൾ വിവാഹം കഴിക്കരുത്; വിശ്വാസിനിയായ ഒരു അടിമ സ്ത്രീയാണ് ബഹുദൈവ വിശ്വാസിനിയേക്കാൾ നിങ്ങൾക്ക് നല്ലത്. അവൾ (ബഹുദൈവ വിശ്വാസിനി) എത്ര തന്നെ നിങ്ങൾക്ക് കൗതുകം ജനിപ്പിച്ചാലും ശരി. ശിർക്ക് ചെയ്യുന്ന പുരുഷന്മാർക്ക് അവർ വിശ്വാസികളാവുന്നത് വരെ നിങ്ങളുടെ മക്കളെ കെട്ടിച്ച് കൊടുക്കുകയും ചെയ്യരുത്. ശിർക്ക് ചെയ്യുന്ന പുരുഷനേക്കാൾ ഒരു വിശ്വാസിയായ അടിമയ്ക്ക് നിങ്ങളുടെ മക്കളെ കെട്ടിച്ച് കൊടുക്കലാണ് നല്ലത്. അവർ നിങ്ങൾക്ക് കൗതുകം ജനിപ്പിച്ചാലും ശരി. അവർ നരകത്തിലേക്കാണ് നിങ്ങളെ ക്ഷണിക്കുക; അല്ലാഹു നിങ്ങളെ പാപമോചനകത്തിലേക്കും സ്വർഗ്ഗത്തിലേക്കുമാണ് ക്ഷണിക്കുന്നത്. ജനങ്ങൾ ശ്രദ്ധിച്ചു മനസ്സിലാക്കുന്നതിന് വേണ്ടി അല്ലാഹു തന്റെ തെളിവുകൾ അവർക്ക് വിവരിച്ചു കൊടുക്കുകയും ചെയ്യുന്നു.'' (സൂറ: അൽ ബകറ 221)**

ആദർശപ്പൊരുത്തമാണ് ഇസ്‌ലാം മുന്നോട്ട് വെക്കുന്ന ഒന്നാമത്തെ നിർദ്ദേശം. മരണംവരെ സന്തോഷത്തോടെ കഴിഞ്ഞ് പരലോകത്തും ഒന്നിച്ച് കഴിയേണ്ടവരാണ് ദമ്പതിമാർ. അതുകൊണ്ട് തന്നെ വിശ്വസ്തരും അവകാശങ്ങൾ വകവെച്ചു കൊടുക്കുന്നവരും ആയിരിക്കൽ നിർബന്ധമാണ്. എന്നാൽ അല്ലാഹുവിന് നൽകേണ്ടതായ അവകാശങ്ങൾ അവന് നൽകുന്നതിൽ വഞ്ചന കാണിക്കുന്നവർ തന്റെ ഇണയോടും വഞ്ചനകാണിക്കാൻ മടിക്കുകയില്ല. അതിനാൽ ശിർക്കൻ വിശ്വാസാചാരങ്ങളിൽ ജിവിക്കുന്നവരുമായുള്ള വിവാഹബന്ധം ഒരിക്കലും വിശ്വാസികൾക്ക് പാടില്ലാത്തതാണ്. നബി(ﷺ) നാട്ടിൽ നടപ്പുള്ള വിവാഹ ലക്ഷ്യങ്ങളെ സംബന്ധിച്ച് പറഞ്ഞ

ശേഷം നാം തിരഞ്ഞെടുക്കേണ്ടത് ഏതായിരിക്കണമെന്ന് വ്യക്തമാക്കുന്നത് കാണുക:

تنكح المرأة لأربع لمالها ولحسبها ولجمالها ولدينها فاظفر بذات الدين تربت يداك (البخاري ، صحيح الجامع الصغير للألباني 3003)

**''നാല് കാര്യങ്ങൾക്കായി സ്ത്രീ വിവാഹം ചെയ്യപ്പെടാറുണ്ട്: അവളുടെ ധനം, കുലമഹിമ, അഴക്, മതബോധം. എന്നാൽ നീ മതബോധമുള്ളവളെ വിവാഹം ചെയ്ത് വിജയം വരിക്കുക; നിന്റെ കൈകളിൽ മണ്ണായാലും (നീ അൽപം പ്രായസപ്പെടേണ്ടി വന്നാലും)ശരി.'' (അൽബാനിയുടെ സ്വഹീഹ് ജാമിഅ് 3003)**

ഇതേ കാര്യം പെൺകുട്ടികൾക്ക് ഭർത്താക്കന്മാരെ അന്വേഷിക്കുന്ന രക്ഷിതാക്കളോടും ഇസ്ലാം ഉണർത്തിയിട്ടുള്ളതായി കാണാം.

إذا خطب إليكم من ترضون دينه وخلقه فزوجوه إلا تفعلوا تكن فتنة في الأرض وفساد عريض

(صحيح الترمذي للألباني 394/3 رقم: 1084 )

**''നിങ്ങളോട് മതബോധവും സൽസ്വഭാവവുമുള്ള ഒരാൾ വിവാഹാന്വേഷണം നടത്തിയാൽ നിങ്ങളയാൾക്ക് വിവാഹം ചെയ്ത് കൊടുക്കുക. അല്ലാത്തപക്ഷം ഭൂമിയിൽ കുഴപ്പവും ദൂരവ്യാപകമായ വിപത്തും ഉണ്ടായിത്തീരുന്നതാണ്.'' (അൽബാനിയുടെ സ്വഹീഹ് ജാമിഅ് തിർമുദി 3/394 നമ്പർ 1084)**

വിവാഹം കഴിക്കുമ്പോൾ കൂടുതൽ സ്നേഹിക്കുന്നവരേയും പ്രസവിക്കുന്നവരേയും വിവാഹം കഴിക്കുവാനും നബി(ﷺ) കൽപ്പിച്ചതായും ഹദീസുകളിൽ കാണാം.

تزوجوا الولود فإنّي مكاثر بكم (أبو داود ، نسائي ، صحيح الجامع للألباني رقم: 2940 )

**''നിങ്ങൾ കൂടുതൽ സ്നേഹിക്കുന്നവരേയും കൂടുതൽ പ്രസവിക്കുന്നവരേയും വിവാഹം കഴിക്കുക. ഞാൻ നിങ്ങളുടെ ആധിക്യത്തിൽ അഭിമാനിക്കുന്നതാണ്.'' (അബൂദാവൂദ്, നസാഇ,അൽബാനിയുടെ സ്വഹീഹ് ജാമിഅ് 2940)**

കൂടുതൽ കുട്ടികളുള്ള മതാക്കളുടെ മക്കളിൽ നിന്നും വിവാഹം കഴിക്കലാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്.

*************

# തിരുത്തപ്പെടേണ്ട മാമൂലുകൾ

വിവാഹാന്വേഷണം നടത്തുമ്പോൾ പരസ്പരം കുഫ്‌വ് (യോജിപ്പ്) ഒക്കേണ്ടതുണ്ട് എന്ന ചിന്തയോടെ മുകളിൽ പറഞ്ഞ ആദർശപ്പൊരുത്തവും സ്വഭാവ വിശുദ്ധിയും ഒത്തുവന്നാൽ പോലും ദുരഭിമാനത്തിന്റേയും നാട്ടുമാമൂലുകളുടേയും പേരിൽ എത്രയെത്ര കുടുംബങ്ങളാണ് ദുരിതങ്ങൾ അനുഭവിച്ചു കൊണ്ടിരിക്കുന്നത്. എന്നാൽ അത്തരം ചിന്തകൾക്ക് ഇസ്‌ലാമിൽ വല്ല അടിസ്ഥാനവുമുണ്ടോ എന്ന് നമുക്ക് പരിശോധിക്കാം.

## 1. സമ്പത്ത്

ഇസ്‌ലാമിക ശരീഅത്തിൽ വിവാഹവും സമ്പത്തും തമ്മിൽ യാതൊരു ബന്ധവുമില്ല. പണക്കാരുടെ മക്കൾ പരസ്പരം മാത്രമേ വിവാഹ ബന്ധത്തിൽ ഏർപ്പെട്ടുകൂടൂ എന്നൊരു നിയമം ഇസ്‌ലാമിലില്ല. നബി(ﷺ)യുടെ വിവാഹങ്ങൾ പരിശോധിച്ചാൽതന്നെ ഇക്കാര്യം ബോധ്യപ്പെടുന്നതാണ്. ദരിദ്രനായിരുന്ന പ്രവാചകൻ(ﷺ) ഒന്നാമതായി വിവാഹം കഴിച്ചത് സമ്പന്നയായിരുന്ന ഖദീജ(رضي الله عنها)യെ ആയിരുന്നു. പ്രവാചകൻ(ﷺ)യുടെ പിൻഗാമിയായിരുന്ന ഖലീഫാ ഉമർ(رضي الله عنه) തന്റെ മകൻ ആസിം(رضي الله عنه)വിന് ഭാര്യയായി തെരഞ്ഞെടുത്തത്, ചെറ്റക്കുടിലിൽ താമസിച്ച് പാൽ വിറ്റ് ഉപജീവനം നടത്തിയിരുന്ന ഒരു ദരിദ്ര സ്ത്രീയുടെ മകളെയായിരുന്നു. സമ്പത്തിലെ ഏറ്റവ്യത്യസങ്ങൾ ഇവരുടെയൊന്നും ജിവിതത്തിൽ യാതൊരു വിധ അസ്വാരസ്യങ്ങളോ താളപ്പിഴകളോ ഉണ്ടാക്കിയിരുന്നില്ലെന്നതിന് ചരിത്രം സാക്ഷിയാണ്.

## 2. പ്രായം

ഇരുപത്തഞ്ച് വയസ്സ് പ്രായമുള്ള സമയത്ത് നബി(ﷺ) വിവാഹം കഴിച്ചത് നാൽപ്പത്‌വയസ്സ് പിന്നിട്ട വിധവയായിരുന്ന ഖദീജ(رضي الله عنها)യെയും, അമ്പത് വയസ്സ് കഴിഞ്ഞതിന് ശേഷം ചെറുപ്രായത്തിലുള്ള ആയിശ(رضي الله عنها)യെയും ആയിരുന്നു. വൈവാഹിക വിഷയത്തിൽ ഇസ്‌ലാം പ്രായം ഒരു നിബന്ധനയായി കണക്കാക്കുന്നില്ല; എന്നു കൂടി മനസ്സിലാക്കാനാകും നബി(ﷺ)യുടെ ഈ വിവാഹങ്ങൾ എന്ന് ചിന്തിച്ചാൽ അത് തെറ്റാകുമെന്ന് തോന്നുന്നില്ല. മനുഷ്യർ അവർ വളരുന്ന ചുറ്റുപാടുകൾക്കും സാഹചര്യങ്ങൾക്കും അനുസരിച്ച് ശരീര ഘടനകളിലും വികാസത്തിലും ഏറ്റക്കുറച്ചിലുകൾ കാണപ്പെടുന്നുണ്ട് എന്നത് തെളിവുകൾ ആവിശ്യമില്ലാത്ത വിധം വ്യക്തമാണ്. പെൺകുട്ടികൾ ലൈംഗിക സന്നദ്ധതയറിയിച്ച് ഋതുമതിയാകുന്ന പ്രായം വിവിധ രാജ്യങ്ങളിൽ വ്യത്യസ്തമാണെന്നതും വിവാഹത്തിലേർപ്പെടു ന്നതിന് നിർണ്ണിത പ്രായം തികഞ്ഞിരിക്കണമെന്ന് പരിധി നിശ്ചയിച്ചിട്ടില്ല.

## 3. തറവാട്

വിവാഹന്വേഷണ സമയത്ത് ഏറെ പ്രശ്നം സൃഷ്ടിക്കാറുള്ള ഒന്നാണ് തറവാട് സംബന്ധമായ ചിന്തകൾ. ഇസ്‌ലാം മനുഷ്യരെല്ലാം ഒരേ മാതാപിതാക്കളുടെ മക്കളാണെന്നും, വിശ്വാസികൾ പരസ്പരം സഹോദര ന്മാരാണെന്നും, എല്ലാവരും ആദമിന്റെ മക്കളും ആദം മണ്ണിൽ നിന്ന് സൃഷ്ടിക്കപ്പെട്ടവനാണെന്നും, അതിനാൽ എല്ലാവരുടേയും തറവാട് മണ്ണാണ് എന്ന വസ്തുതയുമാണ് നമ്മെ പഠിപ്പിക്കുന്നത്. എന്നാൽ മേൽ പറയപ്പെട്ടതായ തത്വങ്ങളും സമത്വവുമെല്ലാം അംഗീകരിക്കുകയും വാദി ക്കുകയും ചെയ്യുന്നവർ പോലും തങ്ങളുടേയോ മക്കളുടേയോ വിവാ ഹാവസരങ്ങളിൽ അത് വിസ്മരിക്കുന്നത് ഖേദകരം തന്നെ!.

പ്രവാചകൻ(ﷺ)യുടെ പിൻഗാമി ഖലീഫ ഉമർ(رضي الله عنه)തന്റെ മകന് ഭാര്യയെ തിരഞ്ഞെടുത്തത് ഒരു ചെറ്റക്കുടിലിൽ നിന്നായിരുന്നു എന്നത് നാം നേരത്തെ സൂചിപ്പിച്ചത് ഇവിടെ ഒന്നുകൂടി ഓർക്കുന്നത് നന്നായിരി ക്കും.

*************

# സ്ത്രീധനം

വൈവാഹിക രംഗത്ത് ഇന്ന് കടന്നുകൂടിയിട്ടുള്ള ഏറ്റവും വലിയ ശാപമാണ് സ്ത്രീധനം. നവോത്ഥാന പ്രസ്താനങ്ങളുടെ പ്രവർത്തന ഫല മായി മാറ്റങ്ങളുണ്ടായിട്ടുണ്ടെങ്കിലും ഉത്തരവാദപ്പെട്ടവരുടെ ശ്രദ്ധ ഇനിയും ഏറെ കടന്നുചെല്ലേണ്ട വിഷയങ്ങളിലൊന്നായി ഇന്നും അവശേഷിക്കുക യാണത്. ഇന്ന് പലരും വിവാഹ ലക്ഷ്യമായി അന്വേഷണ സമയത്ത് മുന്നോട്ട് വെക്കുന്ന പ്രഥമ പരിഗണന സ്ത്രീധനമായിത്തീർന്നിരിക്കു കയാണ്. ഇതിന് പ്രേരണയും പ്രോൽസാഹനവും നൽകിക്കൊണ്ടിരിക്കുന്ന വിധത്തിലാണ് വിവാഹ മേഖലയിലെ ഇടനിലക്കാരായ ബ്രോക്കർമാരിൽ അധികപേരുടേയും പ്രവർത്തനങ്ങളും. കാരണം പെൺവീട്ടുകാരിൽ നിന്നും പുരുഷൻ അന്യായമായി കൈപ്പറ്റുന്ന തുകയ്ക്ക് അനുസൃതമാ യാണ് ബ്രോക്കർമാരുടെ കമ്മീഷൻ നിശ്ചയിച്ചിരിക്കുന്നത്. അത് അവ കാശമായി അവർ കൈക്കലാക്കുകയും ചെയ്യുന്നു.

ഇസ്ലാം വിവാഹത്തിന്റെ പേരിലായാലും അല്ലാത്ത നിലക്കായാലും മറ്റൊരാളുടെ കൈകളിൽ ഇരിക്കുന്ന സമ്പത്ത് സ്വീകരിക്കുന്നതിന് ചില വ്യവസ്തകളും നിബന്ധനകളും നിശ്ചയിച്ചിട്ടുണ്ട്. അത് മറികടന്നു കൊണ്ടുള്ള സമ്പാദ്യം നിഷിദ്ധവുമാണ്.

ഒരു വിശ്വാസി തന്റെ മറ്റെല്ലാ വിഷയങ്ങളെ പോലെ തന്റെ സാമ്പ ത്തിക വിഷയവും വിശുദ്ധമാക്കിയിരിക്കണം എന്നതാണ് ഇസ്ലാമിന്റെ നി ർദ്ദേശം. പരലോകത്ത് നടക്കാനിരിക്കുന്ന വിചാരണ സമയത്ത് അഭിമുഖീ കരിക്കേണ്ടി വരുന്ന ചോദ്യങ്ങൾ നബി(ﷺ) പറഞ്ഞുതന്ന കൂട്ടത്തിൽ ഇപ്ര കാരം കാണാവുന്നതാണ്:

لن تزول قدما عبد يوم القيامة حتى يسأل عن أربع خصال عن عمره فيما أفناه وعن شبابه فيما أبلاه وعن ماله من أين اكتسبه وفيما أنفقه وعن علمه ماذا عمل فيه (رواه البزار والطبراني صحيح الترغيب والترهيب ٣ رقم ٣٥٩٣)

**“നാല് കാര്യങ്ങൾ ചോദ്യം ചെയ്യപ്പെടുകയും അവക്ക് ഉത്തരം നൽകു കയും ചെയ്ത ശേഷമല്ലാതെ അന്ത്യനാളിൽ ഒരാളുടേയും കാൽപാദ ങ്ങൾ മുന്നോട്ടു ചലിപ്പിക്കുവാൻ സാധിക്കുകയില്ല; അവന്റെ ആയുസ്സിനെ സംബന്ധിച്ച് അത് എ ങ്ങിനെ ചെലവഴിച്ചു, അവന്റെ യുവത്വം അത് എ ങ്ങിനെ നശിപ്പിച്ചു, അവന്റെ ധനം അത് എവിടെ നിന്നു സമ്പാദിച്ചു ഏതു മാർഗ്ഗത്തിൽ ചെലവഴിച്ചു, അവന്റെ അറിവ് അതുകൊണ്ട് എന്ത് പ്രവർ ത്തിച്ചു എന്നീ കാരങ്ങളാണവ”. (ബസ്സാർ, ത്വബ്റാനി, അൽബാനിയുടെ സ്വഹീഹു തർഗീബ് 3 നമ്പർ 3593)**

ഇസ്ലാം വിവാഹവുമായി ബന്ധപ്പെട്ട ഒരുപാട് നിയമങ്ങൾ വിശദീക രിക്കന്നതിനിടയിൽ പറയുന്ന ഒരു വചനം ഏറെ ചിന്തിക്കേണ്ടതാണ്.

يَا أَيُّهَا الَّذِينَ آمَنُواْ لاَ تَأْكُلُواْ أَمْوَالَكُمْ بَيْنَكُمْ بِالْبَاطِلِ إِلاَّ أَن تَكُونَ تِجَارَةً عَن تَرَاضٍ مِّنكُمْ وَلاَ تَقْتُلُواْ أَنفُسَكُمْ إِنَّ اللّهَ كَانَ بِكُمْ رَحِيمًا وَمَن يَفْعَلْ ذَلِكَ عُدْوَانًا وَظُلْمًا فَسَوْفَ نُصْلِيهِ نَارًا وَكَانَ ذَلِكَ عَلَى اللّهِ يَسِيرًا - سورة النساء :٢٩، ٣٠

**''സത്യവിശ്വാസികളേ, നിങ്ങൾ പരസ്പരം സംതൃപ്തിയോടു കൂടി നടത്തുന്ന കച്ചവട ഇടപാടു മുഖേനയല്ലാതെ നിങ്ങളുടെ സമ്പത്ത് അന്യായമായി നിങ്ങളന്യോന്യം എടുത്ത് തിന്നരുത്. നിങ്ങൾ നിങ്ങളെത്തന്നെ കൊലപ്പെടുത്തുകയും ചെയ്യരുത്. തീർച്ചയായും അല്ലാഹു നിങ്ങളോടു കരുണയുള്ളവനാകുന്നു. ആരെങ്കിലും അതിക്രമമായും അന്യായമായും അങ്ങനെ ചെയ്യുന്നപക്ഷം നാം അവനെ നരകാഗ്നിയിലിട്ട് കരിക്കുന്നതാണ്. അത് അല്ലാഹുവിന് എളുപ്പമുള്ള കാര്യമാണ്.'' (സൂറ: നിസാഅ് 29,30)**

ഇന്ന് യാതൊരുനിലക്കും ന്യായീകരണത്തിന് പഴുത് നൽകാത്തവിധം പുരുഷന്മാർ സ്ത്രീകളുടെ ഭാഗത്ത് നിന്നും വിലപേശി വാങ്ങുന്ന സമ്പത്ത് തീർത്തും ഹറാം (നിഷിദ്ധം) എന്നപട്ടികയിൽ മാത്രമേ ഉൾക്കൊള്ളിക്കാൻ കഴിയുകയുള്ളു.

മതപണ്ഡിതന്മാർ പ്രത്യേകിച്ചും വിവാഹ കർമ്മത്തിന് കൂട്ട് നിൽക്കുന്നവരും, മഹല്ല് അധികാരികളും വിചാരിച്ചാൽ ഒരു പരിധിവരെ ഇത് സമൂഹത്തിൽ നിന്ന് ഇല്ലാതാക്കാൻ സാധിക്കും. കച്ചവടത്തിൽ ലഭിക്കുന്നലാഭം, അദ്ധ്വാനത്തിന്റെ പ്രതിഫലം, അനന്തര സ്വത്ത്, ദാനം, കടം എന്നീ ഇനങ്ങളിലൂടെ മാത്രമേ മറ്റൊരാളുടെ കൈവശമുള്ള ധനം നമുക്ക് അനുവദനീയമായിത്തിരുന്നുള്ളു. എന്നാൽ സ്ത്രീധനം ഇതിലൊന്നിലും ഉൾപ്പെടുത്താനാവുകയില്ല.

## കച്ചവട ലാഭം

വിവാഹം കച്ചവടമല്ല. അത് പവിത്രമായ ഒരു കരാറായിട്ടാണ് ഇസ്ലാം പരിചയപ്പെടുത്തുന്നത്. അതിനാൽ തന്നെ വിവാഹ സമയം കണക്ക്പറഞ്ഞ് പെൺവീട്ടുകാരിൽ നിന്നും കൈപറ്റുന്ന പണം ഒരിക്കലും കച്ചവടലാഭം എന്ന ഇനത്തിൽ ഉൾക്കൊള്ളിക്കാനാവുകയില്ല. കച്ചവടമാകുമ്പോൾ പിന്നീട് കച്ചവടം നടത്തുന്ന വ്യക്തിയും ഉപഭോക്താവും തമ്മിൽ ഒരു നിലക്കുള്ള ബന്ധവും ബാക്കി നിൽക്കുകയില്ല. എന്നാൽ വിവാഹത്തിന് ശേഷം എന്തെങ്കിലും കാരണവശാൽ വിവാഹ മോചനത്തിൽ കലാശിക്കുകയാണെങ്കിൽ ഉടനെ സ്ത്രീധന തുക തിരിച്ചു വാങ്ങുന്നതാണ് നാട്ടുനടപ്പ്. അതിനാൽ അത് കച്ചവട ലാഭം പോലെ കാണാൻ പറ്റുകയില്ല. വിവാഹം കച്ചവടത്തിൽ നിന്ന് തീർത്തും വ്യത്യസ്തമാണ്.

## അദ്ധ്വാന ഫലം

വിവാഹ സമയം കൈപ്പറ്റുന്ന തുക അദ്ധ്വാന പ്രതിഫലം എന്നതിലും ഉൾപ്പെടുത്താൻ പഴുതില്ലാത്തതിനാൽ ആ ഇനത്തിലും അതിന് ന്യായിക

രണം കണ്ടെത്താനാവുകയില്ല. കാരണം ഇവിടെ ഒരു തരത്തിലുള്ള അദ്ധ്വാനവും നടക്കുന്നില്ല.

### ദാനം

വധുവിന്റെ വീട്ടുകാർ വിവാഹ സമയത്ത് നൽകുന്ന ദാനമാണ് സ്ത്രീധനം എന്നാണ് ന്യായീകരിക്കാൻ ശ്രമിക്കാറുള്ളത്. ദാനമാണെങ്കിൽ അതൊരിക്കലും തിരിച്ചു വാങ്ങാൻ പാടില്ല. ദാനം നൽകിയത് തിരിച്ചു വാങ്ങുന്നതിനെ നബി(ﷺ) ഉ പമിച്ചത്, ചർദ്ദിച്ചത് വീണ്ടും ഭക്ഷിക്കുന്ന നായയെപ്പോലെയാണ് എന്നാണ്. എന്നാൽ ഇന്ന് സ്ത്രീധനം നൽകപ്പെട്ട വിവാഹം എന്തെങ്കിലും കാരണത്താൽ പൊരുത്തപ്പെട്ടു പോകാതെ വരികയും വിവാഹ മോചനത്തിൽ കലാശിക്കുകയും ചെയ്താൽ ആദ്യമായി തിരിച്ചു ചോദിക്കുക സ്ത്രീധനമായി നൽകിയ പണമായിരിക്കും. അതിനാൽതന്നെ സ്ത്രീധനം ദാനമാണെന്ന് ന്യായികരിക്കാൻ പറ്റുന്നതല്ല.

### കടമായി ലഭിച്ചത്

സ്ത്രീധനമായി കൈപ്പറ്റുന്ന പണം കടത്തിന്റെ എക്കൗണ്ടിലും വരവു വെക്കാൻ പറ്റുന്നതല്ല. കടം വാങ്ങിയത് തിരിച്ചു നൽകൽ നിർബന്ധമാണ്. കടബാധ്യതയോടു കൂടി മരണപ്പെടുന്നവന് വേണ്ടി മയ്യത്ത് നിസ്കാരം പോലും നിർവ്വഹിക്കാൻ നബി(ﷺ) വിസമ്മതിച്ചിരുന്നു. അത്രയും ഗൗരവമുള്ള വിഷയമാണ് കടബാധ്യത എന്നത്. എന്നാൽ സ്ത്രീധനം കടമാണെന്ന് പറയുന്ന ഒരാൾ പോലും അത് തിരിച്ചു കൊടുത്തതായി അറിയപ്പെട്ടിട്ടില്ല.

### അനന്തര സ്വത്ത്

സ്ത്രീധനം അനന്തര സ്വത്തിന്റെ പരിധിയിലും പെടുന്നില്ല. കാരണം അനന്തര സ്വത്ത് അടുത്തവരുടെ മരണശേഷം ലഭിക്കുന്ന സ്വത്താണ്. അതാകട്ടെ പെൺകുട്ടികൾക്ക് ലഭിക്കുന്നതിന്റെ ഇരട്ടി ആൺകുട്ടികൾക്കും അവകാശമുള്ളതാണ്. അതൊന്നും ഇവിടെ പാലിക്കപ്പെടുന്നുമില്ല. അതിനാൽ വിവാഹ സമയം കൈക്കലാക്കുന്ന പണം അനന്തര സ്വത്തിന്റെ പേരു പറഞ്ഞും ന്യായീകരിക്കാൻ പറ്റുന്നതല്ല. അത് അനന്തര സ്വത്തുമല്ല. ഇസ്ലാം ഹലാലാക്കിയ ഒരു ഇനത്തിലും സ്ത്രീധനത്തുക ഉൾക്കൊള്ളിക്കാൻ കഴിയുകയില്ല. അതിനാൽ അല്ലാഹുവിനെ ഭയപ്പെടുന്ന അഭിമാന ബോധമുള്ള ഒരാൾക്കും സ്ത്രീധനം വാങ്ങുവാനോ ഉപയോഗിക്കാനോ മതം അനുവദിക്കുന്നില്ല.

*********

# സ്ത്രീധനം വരുത്തുന്ന വിനകൾ

അനുവദനീയമല്ലാത്ത സ്ത്രീധനത്തുകയും ആഭരണങ്ങളും കൈപ്പറ്റുന്നത് മൂലം ഹറാമായ പണം ഉപയോഗിക്കുന്നു എന്ന് മാത്രമല്ല, അതിനാൽ ഒരുപാട് ദൂഷ്യങ്ങളും അധർമ്മങ്ങളും വേറേയും ഉണ്ടാകുന്നുണ്ട്.

## 1. മഹർ ഇല്ലാതെയാകുന്നു

വിവാഹ സമയത്ത് പുരുഷൻമാർ സ്ത്രീക്ക് നൽകൽ നിർബന്ധമായ പാരിതോഷികമാണ് മഹർ. എന്നാൽ ഒരു ലക്ഷം രൂപ സ്ത്രീധനം വാങ്ങിയ ഒരു വ്യക്തി പതിനായിരം രൂപയോ അതിനുള്ള ആഭരണങ്ങളോ മഹറ് എന്ന പേരിൽ നൽകിയാലും അത് മഹറാകുന്നില്ല. തനിക്ക് 90000 രുപ സ്ത്രീധനമായി കിട്ടി എന്നു മാത്രം. അതു കൊണ്ടുതന്നെ ഇസ്‌ലാമിലെ വിവാഹത്തിലുണ്ടായിരിക്കേണ്ട അനിവാര്യഘടകമായ മഹറ് സ്ത്രീധനം വാങ്ങുന്ന വിവാഹത്തിൽ ഇല്ലാതെയായിത്തീരുന്നു.

## 2. കുടുംബ ഭദ്രത തകരുന്നു

ഇസ്‌ലാം കുടുംബ ജീവിതത്തിലെ സ്വസ്തതക്കും സമാധാനത്തിനുമുള്ള നിയമങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ടതാണ് കുടുംബത്തിന്റെ നേതൃത്വം പുരുഷന് അതായത് ഭർത്താവിന് നൽകുന്നു എന്നത്.

അല്ലാഹു പറയുന്നു:

الرِّجَالُ قَوَّامُونَ عَلَى النِّسَاءِ بِمَا فَضَّلَ اللهُ بَعْضَهُمْ عَلَى بَعْضٍ وَبِمَا أَنفَقُواْ مِنْ أَمْوَالِهِم – سورة النساء : ٣٤

**“പുരുഷനമാർ സത്രീകളുടെ മേൽ നിയന്ത്രണാധികാരമുള്ളവരാകുന്നു. മനുഷ്യരിൽ ഒരു വിഭാഗത്തിന് മറ്റു വിഭാഗത്തേക്കാൾ അല്ലാഹു കൂടുതൽ കഴിവ് നൽകിയത് കൊണ്ടും (പുരുഷന്മാർ) അവരുടെ ധനം ചെലവഴിച്ചതുകൊണ്ടുമാകുന്നു അത്.” (സൂറ: നിസാഅ് 34)**

കുടുംബ ജിവിതത്തിൽ പണം ചിലവഴിക്കുന്നത് പുരുഷനായത് കൊണ്ടാണ് പുരുഷന് നേതൃസ്ഥാനം നൽകാനുള്ള ഒരു കാരണം. എന്നാൽ സ്ത്രീയുടെ കുടുംബത്തിൽ നിന്നും ധനം കൊണ്ടു വന്ന് കുടുംബ ജിവിതത്തിൽ ഏർപ്പെടുന്ന പുരുഷന് ഒരിക്കലും, തന്നെ അനുസരിച്ച് തന്റെ നേതൃത്വം അംഗീകരിക്കണമെന്ന് ഭാര്യയോട് അവകാശപ്പെടാനുള്ള ധാർമ്മികമായ അവകാശം ഇല്ലാതെ പോകുന്നു. അതോടൊപ്പം അത്തരം ഭർത്താക്കന്മാർക്ക് നേതൃത്വം വകവെച്ചു കൊടുക്കാൻ ഭാര്യമാർ വൈമനസ്യം കാണിക്കുകയും ചെയ്തേക്കാം. ഇതെല്ലാം ദമ്പതിമാർക്ക് ഇടയിൽ ഉണ്ടാകേണ്ട സ്നേഹവും സമാധാനവും ഇല്ലാതെയാകാൻ കാരണമായിത്തീരുന്നു. സാമൂഹിക ജീവിതത്തിൽ കുടുംബ ബന്ധങ്ങൾ ശിഥിലമായിത്തിർന്നു

കൊണ്ടിരിക്കുന്നതിൽ പ്രാധാനപ്പെട്ട പങ്ക് ഈ വിഷയത്തിലാണ് എന്നും കാണാവുന്നതാണ്.

## 3. ജാഹിലിയ്യത്ത് തിരിച്ചു വരുന്നു

പെൺകുഞ്ഞ് ജനിക്കുന്നത് അപമാനമായി കണ്ടിരുന്ന ജാഹിലിയ്യ അവസ്ഥക്ക് ഇസ്ലാം മാറ്റം വരുത്തുകയും സ്ത്രീക്ക് മാന്യമായ സ്ഥാനം നൽകുകയും ചെയ്തു. എന്നാൽ സമൂഹത്തിൽ നിലനിൽക്കുന്ന സ്ത്രീധനപ്രശ്നം കാരണം സാമൂഹ്യാവസ്ഥ ജാഹിലിയ്യത്തിനേക്കാൾ മോശമായിത്തീർന്നിരിക്കുകയാണ്. ജാഹിലിയ്യാ കാലത്ത് പെൺകുഞ്ഞ് ജനിച്ചാൽ ജീവനോടെ കുഴിച്ചുമൂടുകയായിരുന്നു പതിവ്:

إِذَا بُشِّرَ أَحَدُهُمْ بِالأُنثَى ظَلَّ وَجْهُهُ مُسْوَدًّا وَهُوَ كَظِيمٌ يَتَوَارَى مِنَ الْقَوْمِ مِن وَ سُوءِ مَا بُشِّرَ بِهِ أَيُمْسِكُهُ عَلَى هُونٍ أَمْ يَدُسُّهُ فِي التُّرَابِ أَلاَ سَاء مَا يَحْكُمُونَ– سورة النحل : ٥٩|٥٨

**"അവരിൽ ഒരാൾക്ക് പെൺകുഞ്ഞുണ്ടായ സന്തോഷ വാർത്ത നൽകപ്പെട്ടാൽ കോപാകുലനായി അവന്റെ മുഖം കറുത്തിരുണ്ട് പോകുന്നു. അവന് സന്തോഷ വാർത്ത നൽകപ്പെട്ട ആ കാര്യത്തിലുള്ള അപമാനത്താൽ ആളുകളിൽ നിന്നവൻ ഒളിച്ചു കളയുന്നു. അപമാനത്തോടെ അതിനെ വെച്ചുകൊണ്ടിരിക്കണമോ, അതല്ല മണ്ണിൽ കുഴിച്ചു മൂടണമോ (എന്നായിരിക്കും അവന്റെ ചിന്ത) എന്നാൽ ശ്രദ്ധിക്കുക, അവൻ എടുക്കുന്ന തീരുമാനം എത്ര മോശം." (സൂറ: നഹ്ൽ 58,59)**

ജാഹിലിയ്യത്തിലെ അറബികൾ പെൺകുഞ്ഞിനെ ജീവനോടെ കുഴിച്ചുമൂടുകയാണ് ചെയ്തിരുന്നെങ്കിൽ സംസ്കാര സമ്പന്നർ എന്ന് അവകാശപ്പെടുന്ന ആധുനികമനുഷ്യർ കുഞ്ഞ് പെണ്ണാണോ എന്ന് ഗർഭകാലത്ത് തന്നെ പരിശോധിച്ചറിഞ്ഞ് പെണ്ണാണെങ്കിൽ ജനിക്കാൻപോലും അവകാശം നൽകാതെ കൊന്നൊടുക്കുകയാണ് ചെയ്യുന്നത്. ഇതും സ്ത്രീധന ദ്രോഹം തന്നെ.

## 4.രക്ഷിതാക്കൾ അനീതി കാണിക്കുന്നു

പിതാക്കൾ പെൺകുട്ടികളെ കെട്ടിച്ചയക്കാനായി ആൺകുട്ടികൾക്ക് കൂടി അവകാശമുള്ള സ്വത്ത് വിൽപ്പന നടത്തിയോ അല്ലാതെയോ പെൺകുട്ടികൾക്കായി നൽകേണ്ടതായി വരുന്നു. മക്കൾക്ക് നൽകുന്ന പാരിതോഷികങ്ങളിൽ പോലും നീതിയും തുല്യതയും ഉണ്ടായിരിക്കണമെന്ന പ്രാവാചകൻ(ﷺ)യുടെ ഉപദേശങ്ങൾ പാലിക്കപ്പെടാതെ പോകുന്നു. ചിലയിടങ്ങളിലെങ്കിലും പിതൃപുത്ര ബന്ധത്തിന് പോലും ഇതു മൂലം ഉലച്ചിൽ തട്ടുന്നു.

## 5. യാചനക്ക് പ്രേരണ നൽകുന്നു

മുകളിൽ പറഞ്ഞ വിഷയങ്ങൾ അധികവും പണമുള്ളവരുമായി ബന്ധപ്പെട്ടതാണ്. എന്നാൽ സാമ്പത്തിക ഭദ്രതയില്ലാത്ത ദാരിദ്ര രേഖയ്ക്ക് താഴെയുള്ള മാതാപിതാക്കൾ പുര നിറഞ്ഞ് നിൽക്കുന്ന തങ്ങളുടെ

പെൺമക്കളെ കെട്ടിച്ചയക്കാൻ പണക്കാരുടെ മുമ്പിൽ തങ്ങളുടെ അഭിമാനം പോലും പണയം വെച്ച് യാചനക്ക് ഇറങ്ങേണ്ടി വരുന്നു. എന്തു മാത്രം ദയനീയമായ ഒരവസ്ഥയാണ് സ്ത്രീധനം മനുഷ്യനിൽ ഉണ്ടാക്കുന്നത്!.

## 6. കൊലപാതകങ്ങളും ആത്മഹത്യകളും

പെൺമക്കളെ കെട്ടിച്ച് ഇറക്കി വിടുമ്പോൾ പൂർത്തിയായി നൽകാൻ കഴിയാത്ത സ്ത്രീധനത്തിന്റെയും ആഭരണങ്ങളുടേയും പേരിൽ സമൂഹത്തിൽ നടന്നുകൊണ്ടിരിക്കുന്ന വിവാഹ മോചനങ്ങളും കൊലപാതകങ്ങളും കുറച്ചൊന്നുമല്ല. അതിനേക്കാൾ ഉപരിയായി അതു മൂലം ഉണ്ടാകുന്ന ആത്മഹത്യകളും!. സ്ത്രീധനം പൂർത്തിയായി നൽകാൻ കഴിയാത്തതിന്റെ പേരിൽ ഭർതൃ വീട്ടിൽ നിന്നും ഇറക്കിവിടുന്ന പെൺകുട്ടികൾ വീട്ടിലെ ദാരിദ്ര്യവും, തന്നോളം വരുന്ന വലുപ്പമെത്തിയ താഴെയുള്ള അനുജത്തിമാരെയും, മാതാപിതാക്കളുടെ ചോരയുടെ നിറമുള്ള കണ്ണീരും മാറി മാറി മനസ്സിൽ കാണുകയും അവസാനം ജീവിതംതന്നെ അവസാനിപ്പിച്ച എത്രയെത്ര സംഭവങ്ങൾ. നമ്മുടെ നാട്ടിലെ നിത്യ സംഭവങ്ങളിൽ ഒന്നായി ഇന്നിത് മാറിയിരിക്കുകയാണ്.

## 7. സ്ത്രീധനം മഹാപാപമാണ്

**വിവാഹവുമായി ബന്ധപ്പെട്ട ആയത്തുകൾക്കിടയിലായി അന്യായമായി നിങ്ങൾ അന്യരുടെ സമ്പത്ത് തിന്നരുതെന്നും അങ്ങിനെ പ്രവർത്തിക്കുന്നവർ നരകത്തിൽ പ്രവേശിപ്പിക്കപ്പെടുമെന്നും (സൂറ നിസാഅ്: 29,30) പറഞ്ഞശേഷം അല്ലാഹു പറയുന്നത് കാണുക:**

إِن تَجْتَنِبُواْ كَبَآئِرَ مَا تُنْهَوْنَ عَنْهُ نُكَفِّرْ عَنكُمْ سَيِّئَاتِكُمْ وَنُدْخِلْكُم مُّدْخَلاً كَرِيمًا وَلاَ تَتَمَنَّوْاْ مَا فَضَّلَ اللّهُ بِهِ بَعْضَكُمْ عَلَى بَعْضٍ سورة النساء: ٣١و ٣٢

**''നിങ്ങളോട് നിരോധിക്കപ്പെടുന്ന വൻപാപങ്ങൾ നിങ്ങൾ വർജ്ജിക്കുന്ന പക്ഷം നിങ്ങളുടെ തിന്മകളെ നിങ്ങളിൽ നിന്ന് നാം മായ്ച്ചുകളയുകയും മാന്യമായ ഒരു സ്ഥാനത്ത് നിങ്ങളെ നാം പ്രവേശിപ്പിക്കുകയും ചെയ്യുന്നതാണ്. നിങ്ങളിൽ ചിലർക്ക് ചിലരേക്കാൾ കൂടുതലായി അല്ലാഹു നൽകിയ അനുഗ്രഹങ്ങളോട് നിങ്ങൾക്ക് മോഹം തോന്നരുത്.'' (സൂറ: നിസാഅ് 31,32)**

ഇവിടെ അന്യായമായി നിങ്ങൾ സമ്പത്ത് കൈക്കലാക്കരുതെന്ന് അറിയിച്ചതിന് ശേഷം അല്ലാഹു പറഞ്ഞിട്ടുള്ള വൻപാപങ്ങൾ നിങ്ങൾ വർജ്ജിച്ചാൽ ചെറുപാപങ്ങൾ അല്ലാഹു പൊറുക്കുമെന്നാണ്. അപ്പോൾ അന്യായമായി സമ്പത്ത് തിന്നുന്നത് വൻപാപമാണെന്നാണ് മനസ്സിലാക്കാൻ കഴിയുക. ശേഷം പറയുന്നത് അല്ലാഹു ചിലർക്ക് ചിലരേക്കാൾ കൂടുതലായി ഭൗതീക സൗകര്യങ്ങൾ നൽകിയതിലേക്ക് നിങ്ങൾക്ക് മോഹമുണ്ടാകരുതെന്നുമാണ്. അതാണല്ലൊ അന്യരുടെ സമ്പത്ത് അന്യായമായി കൈവശപ്പെടു

ത്താൻ മോഹിപ്പിക്കുന്നത്. ഈ പറയപ്പെട്ട കാര്യങ്ങൾ തന്നെയാണ് സ്ത്രീധനം വാങ്ങിക്കാൻ ആളുകളെ പ്രേരിപ്പിക്കുന്നതും.

എന്നാൽ ഇസ്ലാം പറയുന്നത് ഐഹികലോക വിഭവങ്ങളിലെ ഏറ്റവും മുന്തിയ വിഭവം സദ്വൃത്തയായ ഒരു സ്ത്രീയാണ് എന്നാണ്. അതിനാൽ അത് സമ്പാദിക്കാനായിരിക്കണം പുരുഷൻ ആഗ്രഹിക്കുകയും പരിശ്രമിക്കുകയും ചെയ്യേണ്ടത്. അതിലൂടെമാത്രമേ വിജയംവരിക്കുവാനും സാധിക്കുകയുള്ളൂ.

الدنيا متاع وخير متاعها المرأة الصالحة (رواه مسلم والنسائي)

**''ഐഹിക ലോകം നിറയെ വിഭവങ്ങളാണ്. അതിലെ ഏറ്റവും മുന്തിയ വിഭവം സദ്വൃത്തയായ സ്ത്രീയാണ്.'' (മുസ്ലിം, നസാഈ)**

*************

# വിവാഹബന്ധം പാടില്ലാത്തവർ

മനുഷ്യർ സമൂഹമായി ജീവിക്കുവാനാണ് ഇസ്‌ലാം നിർദ്ദേശിക്കുന്നത്. അതു കൊണ്ട്തന്നെ സമൂഹത്തിലുള്ള ബന്ധങ്ങൾ പവിത്രമായി കാത്തു സൂക്ഷിക്കണമെന്ന് പ്രത്യേകം താൽപര്യപ്പെടുകയും ചെയ്യുന്നു. ഇക്കാര്യം വിവാഹാവസരങ്ങളിൽ പ്രത്യേകം ശ്രദ്ധിക്കുവാനുള്ള നിർദ്ദേശങ്ങൾ ഖുർആനിലും ഹദീസിലും ഓർമ്മപ്പെടു ത്തുകയും ചെയ്തിട്ടുണ്ട്. അതിനെതിരായുള്ള വിവാഹങ്ങൾ നിഷിദ്ധമായി കാണുകയും, മേൽ പറയപ്പെട്ട നിയമങ്ങൾ പാലിക്കാതെ നടത്തപ്പെട്ട വിവാഹങ്ങൾ ദുർഭലപ്പെടുത്തിയതായും നമുക്ക് കാണാവുന്നതാണ്. അതുകൊണ്ട് തന്നെ പരസ്പരം വിവാഹബന്ധം പാടില്ലാത്തവരെ ഇസ്‌ലാം മുന്ന് വിഭാഗമായിട്ടാണ് കാണുന്നത്. അവ രക്ത ബന്ധം, കെട്ട് ബന്ധം, മുലകുടി ബന്ധം എന്നീ വിഭാഗങ്ങളാണ്. ഇക്കാര്യം ഖുർആൻ വ്യക്തമാക്കുന്നത് കാണുക:

حُرِّمَتْ عَلَيْكُمْ أُمَّهَاتُكُمْ وَبَنَاتُكُمْ وَأَخَوَاتُكُمْ وَعَمَّاتُكُمْ وَخَالاَتُكُمْ وَبَنَاتُ الأَخِ وَبَنَاتُ الأُخْتِ وَأُمَّهَاتُكُمُ اللاَّتِي أَرْضَعْنَكُمْ وَأَخَوَاتُكُم مِّنَ الرَّضَاعَةِ وَأُمَّهَاتُ نِسَآئِكُمْ وَرَبَائِبُكُمُ اللاَّتِي فِي حُجُورِكُم مِّن نِّسَآئِكُمُ اللاَّتِي دَخَلْتُم بِهِنَّ فَإِن لَّمْ تَكُونُواْ دَخَلْتُم بِهِنَّ فَلاَ جُنَاحَ عَلَيْكُمْ وَحَلاَئِلُ أَبْنَائِكُمُ الَّذِينَ مِنْ أَصْلاَبِكُمْ وَأَن تَجْمَعُواْ بَيْنَ الأُخْتَيْنِ إَلاَّ مَا قَدْ سَلَفَ إِنَّ اللّهَ كَانَ غَفُورًا رَّحِيمًا – سورة النساء: ٢٣

**“നിങ്ങളുടെ മാതാക്കൾ, പുത്രിമാർ, സഹോദരിമാർ, പിതൃസഹോദരിമാർ, മാതൃസഹോദരിമാർ, സഹോദര പുത്രിമാർ, സഹോദരി പുത്രിമാർ, നിങ്ങളെ മുലകുടിപ്പിച്ച പോറ്റുമ്മമാർ, മുലകുടിയിലുള്ള നിങ്ങളുടെ സഹോദരിമാർ, നിങ്ങളുടെ ഭാര്യാ മാതാക്കൾ എന്നിവർ (അവരെ വിവാഹം ചെയ്യൽ) നിങ്ങൾക്ക് നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ ലൈംഗീക വേഴ്ചയിൽ ഏർപ്പെട്ടിട്ടുളള നിങ്ങളുടെ ഭാര്യമാരുടെ സന്താനങ്ങളായി നിങ്ങളുടെ സംരക്ഷണത്തിലുള്ള വളർത്തു പുത്രിമാരും. (അവരെ വിവാഹം ചെയ്യുന്നതും നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു). എന്നാൽ നിങ്ങൾ അവരുമായി ലൈംഗീക വേഴ്ചയിൽ ഏർപ്പെട്ടിട്ടില്ലെങ്കിൽ (അവരുടെ മക്കളെ വിവാഹം ചെയ്യുന്നതിൽ) നിങ്ങൾക്ക് കുറ്റമില്ല. നിങ്ങളുടെ മുതുകിൽ നിന്ന് പിറന്ന പുത്രൻമാരുടെ ഭാര്യമാരും നിങ്ങൾക്ക് നിഷിദ്ധമാക്കപ്പെട്ടരിക്കുന്നു. രണ്ട് സഹോദരിമാരെ ഒന്നിച്ച് ഭാര്യമാരാക്കുന്നതും (നിഷിദ്ധമാകുന്നു). മുമ്പ് ചെയ്തുപോയത് ഒഴികെ. തീർച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.” (സൂറ: നിസാഅ് 23)**

## രക്തബന്ധത്തിലൂടെ നിഷിദ്ധമായവർ

1, മാതാക്കൾ 2, പെൺമക്കൾ 3, സഹോദരിമാർ 4, പിതൃ സഹോദരിമാർ(അമ്മായിമാർ) 5, മാതൃസഹോദരിമാർ (എളയുമ്മ മൂത്തമ്മമാർ) 6, സഹോദരന്റെ പെൺമക്കൾ 7, സഹോദരിയുടെ പെൺമക്കൾ എന്നിവരാണ്. മാതാക്കൾ, മാതാമഹികൾ (ഉമ്മയുടെ ഉമ്മ വല്ലിമ്മ എന്നിങ്ങനെ) മുക

ളിലോട്ടും ഉൾപ്പെടുന്നതാണ്. പെൺമക്കൾ എന്നതു പോലെ പെൺമക്കളുടെ പുത്രിമാർ, പേരക്കുട്ടികൾ എന്നിങ്ങനെ താഴോട്ടും ഉൾപ്പെട്ടതാണ്.

എളാപ്പ മൂത്താപ്പമാരുടെ (പിതൃസഹോദര) പെൺമക്കൾ, എളാമ മൂത്തമ്മമാരുടെ (മാതൃസഹോദരി) മക്കൾ, അമ്മാവന്റെ (മാതൃസഹോദരന്റെ) മക്കൾ എന്നിവരുമായുള്ള വിവാഹ ബന്ധം ഇസ്‌ലാം വിലക്കിയ വിഭാഗത്തിൽ പെടുന്നില്ല. അവരെ വിവാഹം കഴിക്കാവുന്നതാണ്.

## കെട്ടുബന്ധത്തിലൂടെ നിഷിദ്ധമായവർ

വിവാഹ ബന്ധത്തിലൂടെ നിഷിദ്ധമായിത്തീരുന്നവർ താഴെ പറയുന്നവരാണ്.

### 1. പിതാവ് വിവാഹം ചെയ്ത സ്ത്രീകൾ

പിതാവ് അവരെ വിവാഹ മോചനം നടത്തുകയോ, പിതാവ് മരണപ്പെടുകയോ ചെയ്ത ശേഷമാണെങ്കിലും അവരെ വിവാഹം കഴിക്കുന്നത് മക്കൾക്ക് നിഷിദ്ധമാണ്. അല്ലാഹു പറയുന്നു:

وَلاَ تَنكِحُواْ مَا نَكَحَ آبَاؤُكُم مِّنَ النِّسَاء إِلاَّ مَا قَدْ سَلَفَ إِنَّهُ كَانَ فَاحِشَةً وَمَقْتًا وَسَاء سَبِيلاً – سورة النساء: ٢٢

**''നിങ്ങളുടെ പിതാക്കൾ വിവാഹം ചെയ്ത സ്ത്രീകളെ നിങ്ങൾ വിവാഹം കഴിക്കരുത്. മുമ്പ് നിങ്ങൾ ചെയ്തു പോയത് ഒഴികെ. തീർച്ചയായും അത് നീചവൃത്തിയും വെറുക്കപ്പെട്ട കാര്യവുമാകുന്നു.'' (സൂറ: നിസാഅ് 22)**

### 2. മക്കളുടെ ഭാര്യമാർ

മകൻ മരണപ്പെടുകയോ വിവാഹ മോചനം നടത്തുകയോ ചെയ്ത ശേഷമാണെങ്കിലും പുത്രന്മാർ വിവാഹം ചെയ്ത സ്ത്രീകളെ വിവാഹം ചെയ്യൽ പിതാക്കൾക്ക് നിഷിദ്ധമാണ്. എന്നാൽ വളർത്തു പുത്രന്മാർ വിവാഹംചെയ്ത സ്ത്രീകളെ വളർത്തു പുത്രൻ മരിക്കുകയോ വിവാഹ മോചനം നടത്തുകയോ ചെയ്ത ശേഷം പിതാക്കൾ വിവാഹം ചെയ്യുന്നത് നിഷിദ്ധമല്ല.

### 3. ഭാര്യമാരുടെ മാതാക്കൾ

ഭാര്യമാരുടെ മരണ ശേഷമോ ഭാര്യയെ വിവാഹമോചനം ചെയ്ത ശേഷമോ ആയാലും ഭാര്യമാരുടെ മാതാവിനെ വിവാഹംചെയ്യാൻ പാടുള്ളതല്ല. അതു പോലെ ഭാര്യമാരുടെ മാതാവിന്റെ മാതാവ് എന്നിങ്ങനെ മുകളിലേക്കും ഈ നിയമം ബാധകമാണ്.

### 4. വളർത്തു പുത്രിമാർ

തന്റെ ഭാര്യക്ക് നേരത്തെ മറ്റൊരു ഭർത്താവിൽ ജനിച്ച പെൺമക്കളാണ് ഇവിടെ ഉദ്ദേശിക്കുന്നത്. എന്നാൽ ഇവിടെ നിഷിദ്ധമാകുന്നത് ഭാര്യയുമായി (പെൺകുട്ടിയുടെ ഉമ്മയുമായി) ലൈംഗീക ബന്ധത്തിലേർപ്പെട്ട ശേഷം മാത്രമാണ്. ബന്ധപ്പെട്ടതിന് ശേഷം ഭാര്യ മരിച്ചാലും ഈ നിയമം പാലിക്കപ്പെടേണ്ടതാണ്. അവരുടെ മകളെ വിവാഹം കഴിക്കാൻ പാടുള്ളതല്ല. ഭാര്യയുമായി ബന്ധപ്പെടുന്നതിന് മുമ്പ് അവൾ മരണപ്പെടുകയോ അവളെ വിവാഹമോചനം ചെയ്യേണ്ടി വരികയോ ചെയ്താൽ അവൾക്ക് ആദ്യഭർത്താവിൽ ജനിച്ച അവളുടെ മകളെ വേണമെങ്കിൽ വിവാഹം കഴിക്കുന്നതിന് വിരോധമില്ല. വളർത്തു മകൾ നിഷിദ്ധമായിത്തീരുന്നതോടെ അവളുടെ മകളും നിഷിദ്ധമാണ്.

**5. ഭാര്യയുടെ സഹോദരിമാർ.**

ഒരേ സമയം ഒരു സ്ത്രീയേയും അവളുടെ സഹോദരിയേയും വിവാഹം ചെയ്യാൻ പാടുള്ളതല്ല. എന്നാൽ ഭാര്യ മരിച്ചതിന് ശേഷം അവളുടെ സഹോദരിയെ വിവാഹം ചെയ്യുന്നതിന് വിരോധമില്ല. നബി (ﷺ) യുടെ മകൾ റുഖിയ്യ(ﵵ)യെയും അവരുടെ മരണശേഷം ഉമ്മു കുൽസും (ﵵ)യെയും ഉസ്മാൻ(﵁)വിവാഹം ചെയ്തത് ചരിത്രത്തിൽ പ്രസിദ്ധമാണ്.

**6. ഒരു സ്ത്രീയെ വിവാഹം ചെയ്യുന്നതോടെ അവളുടെ അമ്മായിയെ (പിതൃസഹോദരി)യും എളേമ/മൂത്തമ്മമാരെ (മാതൃ സഹോദരി)യും വിവാഹം ചെയ്യൽ നിഷിദ്ധമായീത്തിരുന്നതാണ്.** നബി(ﷺ)യുടെ താഴെ പറയുന്ന വചനം ഇക്കാര്യം വ്യക്തമാകുന്നു:

لا يجمع بين المرأة وعمتها ولا بين المرأة وخالتها (البخاري)

**“ഒരു സ്ത്രീയെയും അവളുടെ അമ്മായിയെയും (ഭാര്യമാരായി) ഒരുമിച്ച്ചേർക്കാൻ പാടില്ല. അപ്രകാരം ഒരു സ്ത്രീയെയും അവളുടെ മാതൃ സഹോദരിയേയും.” (ബുഖാരി)**

മേൽ പറയപ്പെട്ട വിഭാഗങ്ങളിൽ അവസാനംപറഞ്ഞ രണ്ട് വിഭാഗങ്ങളിലെ നിഷിദ്ധം താൽകാലികം മാത്രമാണ്. ഭാര്യയുടെ മരണമോ വിവാഹമോചനമോ സംഭവിക്കുന്നതോടെ നിഷിദ്ധം നീങ്ങുന്നതാണ്.

## മുലകുടി ബന്ധം

മുലകുടി ബന്ധത്തിലൂടെ വിവാഹം നിഷിദ്ധമാക്കപ്പെടുന്നത് താഴെ പറയുന്ന നിബന്ധനകൾക്ക് അനുസരിച്ച് മാത്രമാണ്.

1. ഇസ്ലാം മുലകുടി പ്രായമായി നിർദ്ദേശിച്ച രണ്ട് വയസ്സ് പൂർത്തയാക്കുന്നതിന് ഇടയിലായിരിക്കണം.
2. കുഞ്ഞിന് വിശപ്പ് തീരുന്ന നിലയിൽ മുലയൂട്ടിയിരിക്കണം.
3. തമാശയായി മുല കൊടുത്തതായിരിക്കരുത്.

മുല കുടിച്ച കുട്ടിയും അവന് മുലകൊടുത്ത മാതാവും അവരുടെ മക്കളുമായും മാത്രമാണ് ബന്ധം നിലനിൽക്കുക. മുല കുടിച്ച കുട്ടിയുടെ

സഹോദരങ്ങളുമായി പ്രസ്തുത ബന്ധം നില നിൽക്കുകയില്ല. മുലകുടിച്ച കുട്ടിക്ക് മുലനൽകിയ സ്ത്രീ തന്റെ മാതാവിന്റെ സ്ഥാനത്തും അവരുടെ മക്കൾ സഹോദരങ്ങളുടെ സ്ഥാനത്തുമായിരിക്കും. എന്നാൽ മുലനൽകിയ സ്ത്രീയുടെ മക്കൾക്ക് തങ്ങളുടെ മാതാവിന്റെ മുലപ്പാൽ കുടിച്ച കുട്ടി യുമായി മാത്രമേ ബന്ധമുണ്ടായിരിക്കുകയുള്ളൂ.

## മുല കുടി ബന്ധത്തിലൂടെ നിഷിദ്ധമാകുന്നവർ

1. മാതാക്കൾ 2. സഹോദരിമാർ എന്നിവരാണ്.

രക്തബന്ധത്തിലൂടെ നിഷിദ്ധമാകുന്നതെല്ലാം മുലകുടി ബന്ധത്തിലൂടേയും നിഷിദ്ധമാകുന്നതാണ്. നബി(ﷺ)പറയുന്നു.

يحرم من الرضاعة ما يحرم من النسب (متفق عليه)

**''രക്തബന്ധത്തിലൂടെ നിഷിദ്ധമാകുന്നതെല്ലാം മുലകുടി ബന്ധത്തിലൂടെയും നിഷിദ്ധമാകുന്നതാണ്.'' (മുത്തഫഖുൻ അലൈഹി) എന്നാൽ മുലകുടി ബന്ധം സ്വത്ത് അനന്തിരമെടുക്കുന്നതിന് പരിഗണിക്കപ്പെടുന്നതല്ല.**

*************

# വിവാഹാന്വേഷണം

വിവാഹം അങ്ങേയറ്റം ശ്രദ്ധാപൂർവ്വം ചെയ്യേണ്ടതായ ഒരു പവിത്ര കർമ്മമാണ്. അത് ഏതെങ്കിലും ഒരു പ്രത്യേക കാരണത്തിന്റെ പേരിൽ ധൃതിപിടിച്ച് ചെയ്യേണ്ട കാര്യമല്ല. അതിനാൽ തന്നെ നല്ലവണ്ണം ആലോചിച്ച് അവധാനതാ പൂർവ്വമായിരിക്കണം വിവാഹകാര്യങ്ങളിലേക്ക് ഇറങ്ങുന്നതും തീരുമാനമെടുക്കുന്നതും. വിശുദ്ധഖുർആൻ വളരെ ഉറപ്പുള്ള ബലിഷ്ഠ മായ കരാർ എന്നാണ് വിവഹത്തെ വിശേഷിപ്പിക്കുന്നത്.

وَأَخَذْنَ مِنكُم مِّيثَاقًا غَلِيظً – سورة النساء: ٢١

**"അവർ നിങ്ങളിൽനിന്നും കനത്ത ഒരു കരാറാണ് വാങ്ങിയിട്ടുള്ളത്." (സൂറ: നിസാഅ് 21)**

ഇസ്‌ലാം വിഭാവനം ചെയ്യുന്ന വിവാഹം കേവലം നൈമിഷികമായ ഐഹികജീവിതത്തിൽ മാത്രം രസിച്ച് തീർക്കാനുള്ളതല്ല. മറിച്ച് മരണാന ന്തരം സ്വർഗ്ഗത്തിലും നീണ്ടു നിൽക്കേണ്ടതായ ഒരു ബന്ധമായിരിക്കണം അത്. ഖുർആൻ പറയുന്നു:

ادْخُلُوا الْجَنَّةَ أَنتُمْ وَأَزْوَاجُكُمْ تُحْبَرُونَ – سورة الزخرف: ٧٠

**"നിങ്ങളും നിങ്ങളുടെ ഇണകളും സന്തോഷഭരിതരായിക്കൊണ്ട് സ്വർഗ്ഗ ത്തിൽ പ്രവേശിക്കുക." (സൂറ:സുഖ്റുഫ് 70)**

അതുകൊണ്ട് മനസ്സറിഞ്ഞ് തൃപ്തിപ്പെട്ടുകൊണ്ട് മാത്രമായിരിക്കണം വിവാഹം നടക്കുന്നത്. അന്വേഷണം ഇന്ന രൂപത്തിലായിരിക്കണം എന്ന് പ്രത്യേക നിർദ്ദേശമില്ല. അത് ആണിന്റേയോ പെണ്ണിന്റേയോ ഭാഗത്ത് നിന്ന് ആരംഭിക്കാവുന്നതാണ്.

വിശുദ്ധഖുർആനും ഹദീസും പരിശോധിച്ചാൽ പുരുഷൻ സ്ത്രീ യുടെ രക്ഷിതാവിനോട് വിവാഹാലോചന നടത്തുന്നതും, സ്ത്രീയോട് ത ന്നെ മാന്യമായി നേരിട്ട് വിവാഹാന്വേഷണം നടത്തുന്നതും അനുവദനീയ മാണെന്ന് കണ്ടെത്താവുന്നതാണ്.

وَلاَ جُنَاحَ عَلَيْكُمْ فِيمَا عَرَّضْتُم بِهِ مِنْ خِطْبَةِ النِّسَاء أَوْ أَكْنَنتُمْ فِي أَنفُسِكُمْ – سورة البقرة: ٢٣٥

**"(സ്ത്രീകളെ ഇദ്ദ (ഭർത്താവ് മരണപ്പെടുകയോ വിവാഹ മോചനം ചെയ്യപ്പെടുകയോ ചെയ്ത സ്ത്രീ നിർണ്ണിത കാലം പുനർ വിവാഹത്തിലേ ർപ്പെടാതെ കാത്തു നിൽകേണ്ടതുണ്ട്; ഈ കാലത്തെയാണ് ഇദ്ദ കാലം എന്ന് പറയുന്നത്)യുടെ ഘട്ടത്തിൽ) അവരുമായി വിവാഹാലോചന വ്യം ഗ്യമായി സൂചിപ്പിക്കുകയോ മനസ്സിൽ മറച്ചു വെക്കുകയോ ചെയ്യുന്നതിൽ നിങ്ങൾക്ക് കുറ്റമില്ല." (സൂറ: ബഖറ 235)**

ഇദ്ദയുടെ കാലത്ത് നേരിട്ട് വിവാഹാലോചന നടത്താൻ പാടില്ലെന്ന് പറയുമ്പോൾ ഇദ്ദ കാലമല്ലാത്ത അവസരത്തിൽ അനുവദനീയമാണെന്ന് മനസ്സിലാക്കാവുന്നതാണ്. അബൂത്വൽഹ(ﷺ)റുമൈസ്വ(ﷺ)എന്ന മഹതിയെ

നേരിട്ട് അന്വേഷണം നടത്തി വിവാഹം ചെയ്തത് ചരിത്രത്തിൽ കാണാവു ന്നതാണ്. റുമൈസ്വ(ﷺ)യാണ് പിന്നീട് ഉമ്മുസുലൈം എന്ന പേരിൽ അറി യപ്പെടുന്ന മഹതി. നബി(ﷺ) ഉമ്മു സൽമ(ﷺ)'യെ അവരുടെ ഇദ്ദ കഴിഞ്ഞ ശേഷം നേരിട്ട് ചെന്ന് അഭിപ്രായം ചോദിച്ചായിരുന്നു വിവാഹം കഴിച്ചത്.

പുരുഷൻ സ്ത്രീയുടെ രക്ഷിതാവിനോട് വിവാഹാന്വേഷണം നടത്തു ന്നതിനും ഹദീസുകളിൽ തെളിവ് കാണുന്നതാണ്. താഴെ പറയുന്ന നബി വചനം ശ്രദ്ധിക്കുക.

إذا خطب إليكم من ترضون دينه وخلقه فزوجه إلا تفعلوا تكن فتنة في الأرض وفساد عريض

(صحيح الترم١ي للألباني ٣ / ٣٩٤ رقم ١٠٨٤)

**“നിങ്ങളോട് മതബോധവും സൽസ്വഭാവമുള്ള ഒരാൾ വിവാഹാന്വേഷണം നടത്തിയാൽ നിങ്ങൾ അയാൾക്ക് വിവാഹം ചെയ്തു കൊടുക്കുക. അല്ലാത്തപക്ഷം ഭൂമിയിൽ കുഴപ്പവും വ്യാപകമായ വിപത്തും ഉണ്ടായി ത്തീരുന്നതാണ്.” (ഹദീസ് ഹസൻ, അൽബാനിയുടെ സ്വഹീഹ്തിർമുദി 3/394 നമ്പർ 1084)**

അലി(ﷺ) ഫാത്വിമ(ﷺ)യെ തനിക്ക് വിവാഹം ചെയ്തു തരുമോ എന്ന് നബി(ﷺ)യോട് നേരിട്ട് ചോദിച്ചതായി ചരിത്രങ്ങളിൽ കാണുന്നുണ്ട്.

സ്ത്രീ നേരിട്ട് വിവാഹാഭ്യാർത്ഥന നടത്തിയ സംഭവവും ഹദീസുക ളിൽ കാണാവുന്നതാണ്.

عن سهل بن سعدي رضي الله عنه ، جاءت امرأة إلي رسول الله صلى الله عليه وسلم فقالت يا رسول الله أهب لك نفسيى فنظر اليها رسول صلىالله عليه وسلم فصعد النظر فيها وصوبه ثم طأطأ رسول الله صلىالله عليه وسلم رأسه فلما رأتالمرأة أنه لم يقض فيها شيئا جلست فقام رجل من أصحلبه فقال يا رسول الله إن لم يكن لك بها حاجة فزوجنيها فقال فهل عندك من شيئ ؟ فقال لا والله يا رسول الله فقال اذهب إلى أهلك فانظر هل تجد شيئا ؟ فذهب ثم رجعفقال لا والله ما وجدت شيئا فقال رسول الله صلى الله عليه وسلم أنظر ولو خاتم من حديد فذهب ثم رجع فقال لا والله يا رسول الله ولا خاتم من حديد ولكن هذا إزاري (فقال سهل ما له رداء) فلها نصفه فقال رسول الله ما تصنع بإزارك إن لبسته لم يكن عليها منه شيئ وإن لبسته لم يكن عليك منه شيئ فجلس الرجل حتى إذا طال مجلسه قام فرآه رسول الله صلىالله عليه وسلم موليا فأمر به فدعي فلما جاء قال ماذا معك من

القرآن ؟ قال معي سورة كذا وكذا(عددها) تقرأهن على ظهر قلبك ؟ قال نعم، قال اذهب فقد ملّكتكها بما معك من القرآن(مختصر مسلم رقم: ٨٢٠)

**''സഹ്‌ലു ബ്നുസഅദിസ്സാഇദി(ﷺ)പറയുന്നു. ഒരു സ്ത്രീ നബി (ﷺ)യുടെ അടുക്കൽവന്ന് ഇങ്ങിനെ പറഞ്ഞു: 'നബിയേ, ഞാൻ എന്നെ നിങ്ങൾക്ക് സമർപ്പിക്കുവാനാണ് വന്നിട്ടുള്ളത്. അന്നേരം നബി(ﷺ) അവളിലേക്ക് നോക്കുകയും സൂക്ഷ്മമായി ദൃഷ്ടി പതിപ്പിക്കുകയും ചെയ്തശേഷം തന്റെ തല താഴ്ത്തിയിരുന്നു. പ്രവാചകൻ തന്റെ കാര്യത്തിൽ തീരുമാന മൊന്നും എടുക്കില്ലെന്ന് കണ്ട അവൾ (അൽപ നേരം അവിടെ) ഇരുന്നു. അന്നേരം നബി(ﷺ)യുടെ സ്വഹാബികളിൽനിന്നും ഒരാൾ എഴുന്നേറ്റു പറഞ്ഞു: നബിയേ നിങ്ങൾക്ക് അവളെ ആവശ്യമില്ലെങ്കിൽ അവളെ എനിക്ക് വിവാഹം ചെയ്തു തന്നാലും. അന്നേരം അദ്ദേഹം ചോദിച്ചു: നിന്റെ പക്കൽ വല്ലതുമുണ്ടോ? അയാൾ പറഞ്ഞു: ഇല്ല, അല്ലാഹുവാണെ സത്യം ഒന്നുമില്ല പ്രവാചകരെ, നബി (ﷺ) ഒരു ഇരുമ്പിന്റെ മോതിരമെങ്കിലും ഉണ്ടോ എന്ന് പോയി നോക്കുക; എന്ന് ആവിശ്യപ്പെടുകയും, അയാൾ തിരിച്ചുവന്നു: ഒന്നുമില്ല നബിയേ, ഒരു ഇരുമ്പിന്റെ മോതിരം പോലുമില്ല. എന്നാൽ എന്റെ ഈ തുണിയിതാ (സംഭവം വിശദീകരിക്കുന്ന സഹൽ(ﷺ)പറയുന്നു: അയാൾക്ക് തുണി കൂടാതെ തട്ടം (തലപ്പാവ്) പോലും ഇല്ലാത്ത മനുഷ്യനായിരുന്നു) അതിന്റെ പകുതി ഞാൻ അവൾക്ക് കൊടുക്കാം. അന്നേരം നബി(ﷺ) പറഞ്ഞു: നിന്റെ തുണി കൊണ്ട് എന്ത് ചെയ്യാനാണ്? നീ അത് ധരിച്ചാൽ അവൾക്ക് അതിൽ നിന്ന് ഒന്നുമുണ്ടാവുകയില്ല; അവൾ അത് ധരിച്ചാൽ നിനക്കും ഒന്നുമുണ്ടാവുക യില്ല. അങ്ങിനെ അയാൾ കുറേ സമയം അവിടെയിരുന്നശേഷം അയാൾ എഴുന്നേറ്റ് പോകാൻ തുനിഞ്ഞപ്പോൾ നബി(ﷺ) അയാളെ വിളിക്കാൻ കൽപ്പിച്ചു. അയാൾ വന്നു. അയാളോടു ചോദിച്ചു: നിനക്ക് ഖുർആനിൽ നിന്ന് എന്തൊക്കെ അറിയാം? എനിക്ക് ഇന്നയിന്ന സൂറത്തുകളെല്ലാം അറി യാം. നബി(ﷺ) അവ ഓതിച്ച ശേഷം പറഞ്ഞു: നിനക്ക് ഞാൻ അവളെ നിനക്ക് അറിയാവുന്ന ഖുർആൻ (അവൾക്ക് പഠിപ്പിച്ചു കൊടുക്കുക എന്ന ത്) മഹ്റായി കണക്കാക്കി വിവാഹം ചെയ്തു തന്നിരിക്കുന്നു. എന്ന് പറ യുകയും ചെയ്തു.'' (മുഖ്തസറു മുസ്‌ലിം നമ്പർ 820)**

രക്ഷിതാക്കൾ തങ്ങളുടെ പെൺമക്കൾക്കോ, സഹോദരികൾക്കോ വേണ്ടി ഭർത്താവാകാൻ കൊള്ളാവുന്നവരെ കണ്ട് അന്വേഷണം നടത്തുന്ന തിനും മാതൃകകൾ കാണാവുന്നതാണ് ഉമർ(ﷺ) തന്റെ മകൾ ഹഫ്സക്ക് വേണ്ടി അബൂബക്കർ, ഉസ്മാൻ(ﷺ) എന്നീ സ്വഹാബികളോട് വിവാഹാ ന്വേഷണം നടത്തിയത് ഹദീസുകളിൽ കാണാവുന്നതാണ്. അപ്രകാരം തന്നെ രക്ഷിതാക്കൾ പെൺകുട്ടികളെ തിരഞ്ഞെടുത്ത് ആൺമക്കൾക്ക്

ഭാര്യമാരാക്കിക്കൊടുത്ത സംഭവങ്ങളും ഇസ്ലാമിക ചരിത്രത്തിൽ കാണാവുന്നതാണ്. ഉമർ(ﷺ) ഒരു പാൽ കാരി സ്ത്രീയുടെ പെൺകുട്ടിയെ, അവൾ അല്ലാഹുവിനെ രഹസ്യമായും പരസ്യമായും ഭയപ്പെട്ട് ജീവിക്കുന്നവളാണ് എന്ന മഹിതസ്വഭാവം പരിഗിണിച്ച് തന്റെ മകൻ ആസ്വിം(ﷺ)വിനെ കൊണ്ട് വിവാഹം കഴിപ്പിച്ചത് സ്മരണീയമാണ്.

*************

# വിവാഹാന്വേഷണം നിഷിദ്ധമായ അവസരങ്ങൾ

അന്വേഷണം പാടില്ലാത്ത ചില സന്ദർഭങ്ങളുണ്ട് അത് ശ്രദ്ധിച്ചു കൊണ്ടായിരിക്കണം അന്വേഷണം നടത്തുന്നത്.

## 1. ഇദ്ദയുടെ അവസരത്തിൽ

ഭർത്താവ് മരണപ്പെട്ട സ്ത്രീകൾ ഗർഭിണിയല്ലെങ്കിൽ നാലു മാസവും പത്ത് ദിവസവും, ഗർഭിണിയാണെങ്കിൽ പ്രസവിക്കുന്നത് വരേയും വിവാഹാന്വേഷണം പാടില്ല. അപ്രകാരം വിവാഹ മോചിതകൾ മൂന്ന് ആർത്തവ കാലഘട്ടവും ശുദ്ധി കാലവും പിന്നിടുന്നത് വരേയും ഗർഭിണിയാണെങ്കിൽ പ്രസവിക്കുന്നത് വരേയുമാണ് ഇദ്ദയുടെ കാലം. ആർത്തവം ഉണ്ടാകുന്ന പ്രായം കഴിഞ്ഞവരോ ആർത്തവം തുടങ്ങിയിട്ടില്ലാത്തവരോ ആണെങ്കിൽ മൂന്ന് മാസമാണ് ഇദ്ദയുടെ കാലമായി കണക്കാക്കേണ്ടത്. ഇനി ലൈംഗീകബന്ധം പുലർത്തുന്നതിന് മുമ്പ് വിവാഹമോചനം നടത്തപ്പെട്ടവരാണെങ്കിൽ ഇദ്ദയുടെ ആവശ്യമില്ല.
അല്ലാഹു പറയുന്നു:

وَلاَ جُنَاحَ عَلَيْكُمْ فِيمَا عَرَّضْتُم بِهِ مِنْ خِطْبَةِ النِّسَاء أَوْ أَكْنَنتُمْ فِي أَنفُسِكُمْ – سورة البقرة : ٢٣٥

**"(സ്ത്രീകളെ അവരുടെ ഇദ്ദയുടെ ഘട്ടത്തിൽ) അവരുമായി വിവാഹാലോചന വ്യംഗ്യമായി സൂചിപ്പിക്കുകയോ മനസ്സിൽ മറച്ചുവെക്കുകയോ ചെയ്യുന്നതിൽ നിങ്ങൾക്ക് കുറ്റമില്ല." (സൂറ: ബഖറ 235)**

## 2. ഇഹ്റാമിലായിരിക്കുമ്പോൾ

ഹജ്ജിനോ ഉംറക്കോ ഇഹ്റാമിൽ പ്രവേശിച്ച നിലയിലായിരിക്കെ വിവാഹാന്വേഷണം നടത്തലും വിവാഹം കഴിക്കലും കഴിപ്പിച്ചുകൊടുക്കൽ ഉൾപ്പടെ അതുമായി ബന്ധപ്പെട്ട ഒരു കാര്യവും പാടില്ലാത്തതാണ്. നബി(ﷺ)പറഞ്ഞു:

لا ينكح المحرم ولا ينكح ولا يخطب (مختصر مسلم رقم :٨١٤)

**"ഇഹ്റാമിൽ പ്രവേശിച്ചവൻ വിവാഹം കഴിക്കുകയോ കഴിപ്പിച്ചു കൊടുക്കുകയോ അന്വേഷണം നടത്തുകയോ ചെയ്യാവുന്നതല്ല". (മുഖ്തസറു മുസ്ലിം നമ്പർ 814)**

## 3. മറ്റൊരാളുടെ അന്വേഷണത്തിനിടയിൽ

ഒരാൾ അന്വേഷണം നടത്തിക്കൊണ്ടിരിക്കുന്നതിനിടയിൽ അയാൾ അതിൽ നിന്നും ഒഴിവാക്കുന്നതിന് മുമ്പായി മറ്റൊരാൾ അന്വേഷണം നടത്താൻ പാടില്ല.

المؤمن أخو المؤمن فلا يحل للمؤمن أن يبتاع على بيع أخيه ولا يخطب على خطبة أخيه حتى يذر

(مختصر مسلم رقم : ٨٠٠)

**‘‘ഒരു വിശ്വസി മറ്റൊരു വിശ്വായിയുടെ സഹോദരനാണ്. അതിനാല്‍ ഒരു വിശ്വാസിക്കും തന്റെ സഹോദരന്റെ കച്ചവടത്തില്‍ കയറി കച്ചവടം ചെയ്യുകയോ, തന്റെ സഹോദരന്‍ വിവാഹാന്വേഷണം നടത്തുന്നതിനിടയില്‍ അന്വേഷണം നടത്തുകയോ പാടില്ല. അയാള്‍ അത് ഉപേക്ഷിക്കുന്നത് വരെ’’. (മുഖ്തസറു മുസ്‌ലിം നമ്പര്‍ 800)**

*************

# വിവാഹത്തിനു മുമ്പ് കാണൽ

വിവാഹം ജീവിതകാലം മുഴുവനും മരണത്തിനു ശേഷവും നിലനിൽക്കേണ്ട ബന്ധമാണ്. അതോടൊപ്പം ഏതൊരു സ്ത്രീക്കും പുരുഷനും വിവാഹത്തെക്കുറിച്ച് ഒരുപാട് സ്വപ്നങ്ങളും സങ്കൽപ്പങ്ങളുമുണ്ടായിരിക്കും. അതുകൊണ്ട് തന്നെ വിവാഹത്തിന് മുമ്പായി പരസ്പരം കാണുകയും തൃപ്തിപ്പെടുത്തുകയും ചെയ്യൽ വിവാഹത്തിൽ വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. താഴെ പറയുന്ന ഹദീസുകളിലൂടെ ഇക്കാര്യം കൂടുതൽ വ്യക്തമാകുന്നതാണ്.

إذا ألقى الله في قلب امرئ خطبة امرأةٍ فلا بأس أن ينظر اليها (أحمد ، بيهقي ، ابن ماجه صحيح الجامع للألباني رقم :٣٨٩)

**“ഒരാളുടെ മനസ്സിൽ ഒരു സ്ത്രീയുമായുള്ള അന്വേഷണം അല്ലാഹു ഇട്ടുകൊടുത്താൽ അവൻ അവളെ കാണുന്നതിൽ തെറ്റില്ല.” (അഹ്മദ്, ബൈഹഖി, ഇബ്നുമാജ. അൽബാനിയുടെ സ്വഹീഹുൽ ജാമിഅ് 389)**

പ്രമുഖ സ്വഹാബികളായ മുഗീറത്തു ബ്നുശുഅ്ബ: ഒരു സ്ത്രിയെ വിവാഹാന്വേഷണം നടത്തിയതായി അറിഞ്ഞ പ്രവാചകൻ അദ്ദേഹത്തോടായി ഇപ്രകാരം പറഞ്ഞു:

أنظر إليها فإنه أحرى أن يؤدم بينكما (الترمذي صححه الالباني)

**“നീ അവളെ പോയി കാണുക. അതാണ് നിങ്ങൾക്കിടയിൽ ഇണക്കം സുദൃഢമാകാൻ ഏറ്റവും നല്ലത്.” (തിർമിദി, അൽബാനിയുടെ സ്വഹീഹു തിർമിദി)**

കാണൽ വേണമെങ്കിൽ സ്ത്രീ അറിയാതെയാവുന്നതും അനുവദനീയമാണ്.

إذا خطب أحدكم المرأة فلا جناح عليه أن ينظر اليها وإن كانت لا تعلم (أحمد ، طبراني صحيح الجامع للألباني رقم : ٥٠٧)

**“നിങ്ങളിൽ ആരെങ്കിലും ഒരു സ്ത്രീയെ വിവാഹാന്വേഷണം നടത്തുകയാണെങ്കിൽ അവളിലേക്ക് നോക്കൽ കുറ്റമില്ല. അത് അവൾ അറിയാതെയായിരുന്നാലും.” (അഹ്മദ്, ത്വബ്റാനി. അൽബാനിയുടെ സ്വഹീഹുൽ ജാമിഅ് 359)**

*************

# നിഷിദ്ധമായ പെണ്ണുകാണൽ

ഇസ്‌ലാം വിവാഹാവശ്യാർത്ഥം മാത്രം അനുവദിച്ച അന്യ സ്ത്രീയെ കാണുവാനുള്ള അനുവാദം വിവാഹം കഴിക്കാൻ ഉദ്ദേശിക്കുന്ന പുരുഷന് മാത്രമാണ്. അത്തന്നെ നിങ്ങൾക്ക് കുറ്റമില്ല, കാണുന്നതിന് വിരോധമില്ല എന്നിങ്ങനെയുള്ള പദങ്ങളിലൂടെയാണ് നബി(ﷺ) പറഞ്ഞിട്ടുള്ളത്. എന്നാൽ ഇന്ന് നടക്കുന്ന പെണ്ണുകാണൽ അത് വലിയ ചടങ്ങാക്കുകയും പെൺവീട്ടുകാർ ഒരുപാട് ആളുകളെ വിളിച്ചു കൂട്ടുകയും ആൺവീട്ടുകാരുടെ ഭാഗത്തു നിന്നും കല്ല്യാണം കഴിക്കാൻ ഒരുങ്ങുന്ന പുരുഷനും അവനോടൊപ്പം അവന്റെ കൂട്ടുകാരും സുഹൃത്തുക്കളുമായ ഒരുപറ്റം ആളുകൾ വരികയും എന്നിട്ട് അവരെല്ലാം കൂടി പെണ്ണിനെ കാണുകയും പരസ്പരം അഭിപ്രായങ്ങൾ ആരാഞ്ഞ് കൂടിയാലോചിച്ച് പെണ്ണിനെ സ്വീകരിക്കണോ വേണ്ടയോ എന്ന് തീരുമാനമെടുക്കുന്ന സമ്പ്രദായം തീർത്തും നിഷിദ്ധവും വർജ്ജിക്കേണ്ടതുമാണ്. യഥാർത്ഥത്തിൽ വിവാഹം ചെയ്യാൻ ഉദ്ദേശിക്കുന്ന പുരുഷന്റെ പിതാവിന് പോലും മകൻ വിവാഹം ചെയ്യാൻ ഉദ്ദേശിക്കുന്ന സ്ത്രീയെ കാണാൻ പാടില്ലാത്തതാണ്.

*******

## വിവാഹം സാധുവാകാനുള്ള ഘടകങ്ങൾ

ഇസ്‌ലാമിൽ വിവാഹം സാധുവായിത്തീരുവാൻ വരനും വധുവും മാത്രം തയ്യാറായാൽ മതിയാവുകയില്ല. വളരെ അനിവാര്യമായും ഉണ്ടായിരിക്കേണ്ടതായ മറ്റുചില ഘടകങ്ങൾ കൂടിയുണ്ട്. അവ താഴെ വിവരിക്കാം.

### 1. രക്ഷിതാവ് (വലിയ്യ്)

ഇസ്‌ലാം വിവാഹത്തിന് അനിവാര്യമായും ഉണ്ടാരിക്കണമെന്ന് നിശ്ചയിച്ച ഘടകങ്ങളിൽ പ്രധാനപ്പെട്ടതാണ് വലിയ്യ് അഥവാ രക്ഷിതാവ്. ഏതെങ്കിലും പ്രത്യേക സാഹചര്യത്തിൽ രണ്ട് സ്ത്രീ പുരുഷന്മാർ തമ്മിൽ കണ്ടുമുട്ടുകയും പരസ്പരം അടുത്തു ജീവിക്കണം എന്ന് തീരുമാനിക്കലും എളുപ്പം നടക്കും. എന്നാൽ അത് അടുത്തതിനേക്കാൾ വേഗത്തിൽ വേർപിരിയുകയും ചെയ്തേക്കാനും സാധ്യതകൾ ഏറെയാണ്. അതുകൊണ്ട് യുവതീയുവാക്കൾ രണ്ടുപേരും ഒന്നിച്ചെടുക്കുന്ന തീരുമാനവും പുരുഷന്റ അത്രതന്നെ വിവേകവും പക്വതയുമില്ലാത്ത പെൺകുട്ടിയെ നിർബന്ധിപ്പിച്ച് നടത്തുന്ന വിവാഹവും ഇസ്‌ലാം അംഗീകരിക്കുന്നില്ല. വിവാഹം നടക്കുന്നത് പെൺകുട്ടിയുടെ ഉത്തരവാദപ്പെട്ട രക്ഷിതാവ് മുഖേനെയായിരിക്കണം എന്നത് നിർബന്ധമാണ്. കാരണം താൻ ഉത്തരവാദപ്പെട്ട ഒരാളിൽ നിന്നാണ് പെൺകുട്ടിയെ ഏറ്റെടുത്തിട്ടുള്ളത് എന്ന ബോധം പുരുഷന് ഏതുനേരവും ഉണ്ടായിരിക്കാൻ തന്നെ. ഖുർആൻ പറയുന്നു:

فَانكِحُوهُنَّ بِإِذْنِ أَهْلِهِنَّ – سورة النساء: ٢٥

**''നിങ്ങൾ അവരെ അവരുടെ രക്ഷിതാക്കളുടെ അനുമതിയോടെ വിവാഹം ചെയ്തുകൊള്ളുക.'' (സൂറ: നിസാഅ് 25)**

ഇവിടെ പറഞ്ഞ ആയത്തിന്റെ പശ്ചാത്തലം അടിമ സ്ത്രീകളെ വിവാഹം ചെയ്യുന്നതിനെ സംബന്ധിച്ചാണെങ്കിലും അത് അടിമ സ്ത്രീകൾക്ക് മാത്രമായുള്ളതല്ല എന്ന് നബി(ﷺ) വ്യക്തമാക്കിയിട്ടുണ്ട്:

أيما امرأة نكحت بغير إذن وليها فنكاحها باطل فنكاحها باطل فنكاحها باطل (أحمد ، أبو داود ، ابن ماجه ، صحيح الجامع للألباني :٢٧٠٩)

**''ഏതെങ്കിലും ഒരു സ്ത്രീ തന്റെ രക്ഷിതാവിന്റെ അനുമതി കൂടാതെ വിവാഹിതയായാൽ ആ വിവാഹം ബാതിലാണ് (ദുർബലമാണ്) ബാതിലാണ്; ബാതിലാണ്. (അഹ്മദ്, അബൂദാവൂദ്, ഇബ്നുമാജ, അൽബാനിയുടെസ്വഹീഹുൽജാമിഅ് 2709)**

لاَ نكاح إلاّ بوليّ (أحمد،حاكم، صحيح الجامع: ٧٥٥٥)

**"രക്ഷാധികാരിയില്ലാതെ വിവാഹമില്ല". ((അഹ്മദ്, ഹാകിം. സ്വഹീഹുൽ ജാമിഅ് 7555. ഇർവാഉൽ ഗലീൽ 1839)**

സാധാരണനിലക്ക് ഒരു സ്ത്രീയുടെ രക്ഷാധികാരി പിതാവായിരിക്കും, പിതാവിന്റെ അഭാവത്തിൽ പിതാമഹൻ (വല്ലിപ്പ), പിതാമഹന്മാർ (മൂത്തപ്പ മാരും എളേപ്പമാരും), സഹോദരൻമ്മാർ എന്നീ നിലക്കാണ് വലിയ്യുകൾ കണക്കാക്കപ്പെടുക. ഒരേ സ്ഥാനത്തുള്ള ഒന്നിലധികം ആളുകൾ (ഒന്നില ധികം സഹോദരന്മാർ) ഉണ്ടാകുമ്പോൾ പ്രായവും വിജ്ഞാനവു മുള്ളവർക്ക് മുൻഗണന കൽപ്പിക്കേണ്ടതാണ്. ഏറ്റവും അടുത്ത ആൾക്ക് 'വകാലത്ത്' (ചുമതല) നൽകാവുന്നതാണ്.

## ഭരണാധികാരിയും വലിയ്യാകും

ഒരു സ്ത്രീക്ക് മേൽ പറഞ്ഞ നിലക്കുള്ള രക്ഷാധികാരികൾ ആരും ഇല്ലാതെ വരിക, രക്ഷാധികാരിയായുള്ള വ്യക്തി എവിടെയാണെന്ന് അറിയ പ്പെടാതിരിക്കുക, രക്ഷാധികാരി വിവാഹത്തിന് കാരണംകൂടാതെ വിസ മ്മതം കാണിക്കുക എന്നീ സന്ദർഭങ്ങളിൽ ഇസ്ലാമിക രാഷ്ട്രത്തിന്റെ സുൽത്താൻ ആയിരിക്കും അവളുടെ രക്ഷാധികാരി. ഇന്നത്തെ സാഹചര്യ ത്തിൽ ഭരണാധികാരിയുടെ സ്ഥാനത്ത് നിലകൊള്ളുന്ന മഹല്ല് ഖ ത്തീബ്/ഖാളിയാണ് വലിയ്യായി വിവാഹം ചെയ്തു കൊടുക്കേണ്ടത്. ഇക്കാര്യം താഴെ പറയുന്ന നബി വചനത്തിലൂടെ വ്യക്തമാകുന്നതാണ്:

لا نكاح إلاّ بولي والسلطان ولي من لا وليّ لها (ابن ماجه، صحيح الجامع: ٧٥٥٦)

**''വലിയ്യ് ഇല്ലാത്ത വിവാഹമില്ല. വലിയ്യ് ഇല്ലാത്തവളുടെ വലിയ്യ് ഭരണാധി കാരിയായിരിക്കും''. (ഇബ്നുമാജ. അൽബാനിയുടെ സ്വഹീഹുൽ ജാമിഅ് 7556)**

**രക്ഷാധികാരികൾ വിവാഹം ചെയ്തു കൊടുക്കുന്ന വിഷയത്തിൽ തർക്ക ത്തിലായാലും ഭരണാധികാരി (ഖത്വീബ്) ആയിരിക്കും അവളുടെ വലിയ്യ്''.**

عن عائشة أن رسول الله صلي الله عليه وسلم قال أيما امرأة نكحت بغير إذن وليها فنكاحها باطل فنكاحها باطل فنكاحها باطل فإن دخل بها فلها المهر بما استحل من فرجها فإن اشتجروا فالسلطان ولي من لا ولي (الإرواء الغليل للألباني: ١٨٤٠، وصحيح مشكات ١٣٣١)

**''ഏതെങ്കിലും ഒരു സ്ത്രീ തന്റെ രക്ഷിതാവിന്റെ അനുമതി കൂടാതെ വിവാ ഹിതയായാൽ ആ നിക്കാഹ് ബാതിലാണ് (ദുർബലമാണ്) ബാതിലാണ്; ബാതിലാണ്. അയാൾ അവളുമായി ബന്ധപ്പെട്ടിട്ടുണ്ടെങ്കിൽ മഹർ അവൾക്ക് അവകാശപ്പെട്ടതായിരിക്കും, (വിവാഹം കഴിച്ചു കൊടുക്കുന്ന വിഷയത്തിൽ) രക്ഷാധികാരികൾ തർക്കത്തിലായാൽ ഭരണാധികാരിയാ യിരിക്കും അവളുടെ വലിയ്യ്.'' (അൽബാനിയുടെ ഉർവാഉൽ ഖലീല്: 1840, സ്വഹീഹ് മിശ്കാത്ത്: 1331)**

നിശ്ചിത വലിയ്യും ഖാളിയും ഇല്ലാത്ത അവസരത്തിൽ സ്ത്രീക്ക് വലി യ്യിനെ നിശ്ചയിക്കാനും അവകാശമുണ്ട്. ഉമ്മു ഹക്കീം(ﷺ) അബ്ദുറഹ്

മാനു ബ്നുഔഫ(ﷺ)വിനോട് താങ്കളെ ഞാൻ എന്റെ വലിയ്യായി നിശ്ചയിക്കുന്നു; നിങ്ങൾ അഭിപ്രായപ്പെടുന്ന ആൾക്ക് താങ്കൾ എന്നെ വിവാഹം ചെയ്തു കൊടുക്കുക; എന്നു പറഞ്ഞതായി ചരിത്രത്തിൽ കാണാവുന്നതാണ്. (ഫിക്ഹുസ്സുന്ന 2/191)

## വലിയ്യ് പുരുഷൻ തന്നെയായിരിക്കണം

ഒരു സ്ത്രീക്ക് തന്റെ സംരക്ഷണത്തിലുള്ള പെൺകുട്ടിയെ മറ്റൊരാൾക്ക് നേരിട്ട് വിവാഹം ചെയ്തു കൊടുക്കാൻ ഇസ്‌ലാം അനുവദിക്കുന്നില്ല. അത് പുരുഷൻ തന്നെയായിരിക്കണം എന്നത് നിർബന്ധമാണ്. അപ്രകാരം തന്നെ ഒരു സ്ത്രീക്ക് മറ്റൊരാൾ തന്നെ വിവാഹം ചെയ്തു കൊടുത്തുകൊണ്ട് വിവാഹത്തിലേർപ്പെടുക എന്നതല്ലാതെ സ്വന്തമായി മറ്റൊരാളുമായി വിവാഹക്കരാറിൽ ഏർപ്പെടാനും പാടുള്ളതല്ല. ഇക്കാര്യം പ്രവാചകൻ(ﷺ) വ്യക്തമാക്കിയിട്ടുണ്ട്:

ولاَ تُزوج المرأة المرأة ولا تزوّج المرأة نفسها (ابن ماجه، صحيح الجامع: ٧٢٩٨،الإرواء الغليل :١٨٤١)

**''ഒരു സ്ത്രീയെ മറ്റൊരു സ്ത്രീ വിവാഹം ചെയ്തു കൊടുക്കാൻ പാടുള്ളതല്ല. ഒരു സ്ത്രീ സ്വന്തമായി വിവാഹത്തിലേർപ്പെടാനും പാടുള്ളതല്ല.'' (അൽബാനിയുടെ ഇർവാഉൽ ഖലീൽ: 1841, സ്വഹീഹ് ജാമിഅ് :7298)**

## വലിയ്യുമാരോടുള്ള നിർദ്ദേശം

വലിയ്യായിരിക്കണം സ്ത്രീയെ വിവാഹം ചെയ്ത് കൊടുക്കേണ്ടത് എന്ന് ഇസ്‌ലാം പറഞ്ഞത് സ്ത്രീയുടെ രക്ഷക്ക് വേണ്ടിയാണ്. പുരുഷൻ അന്യായവും അനീതിയും കാണിക്കുകയാണെങ്കിൽ അതിനെ ചോദ്യം ചെയ്യാൻ ആളുണ്ട് എന്ന് ഉറപ്പു വരുത്താനും അതോടൊപ്പം സ്ത്രീകൾക്ക് എന്തെങ്കിലും നൽകി വശീകരിക്കാനോ പീഢിപ്പിക്കാനോ ഇടവരാതിരിക്കാനും വേണ്ടിയാണ്. അതിനാൽ പുരുഷനും സ്ത്രീയും തൃപ്തിപ്പെട്ടു കഴിഞ്ഞാൽ പിന്നെ വലിയ്യ് അവരുടെ കാര്യത്തിൽ ഇടഞ്ഞു നിൽക്കാൻ പാടില്ല. വിധവകളുടെ പുനർ വിവാഹവുമായി ബന്ധപ്പെട്ട് അല്ലാഹു പറയുന്നു:

وَإِذَا طَلَّقْتُمُ النِّسَاء فَبَلَغْنَ أَجَلَهُنَّ فَلاَ تَعْضُلُوهُنَّ أَن يَنكِحْنَ أَزْوَاجَهُنَّ إِذَا تَرَاضَوْاْ بَيْنَهُم بِالْمَعْرُوفِ ذَلِكَ يُوعَظُ بِهِ مَن كَانَ مِنكُمْ يُؤْمِنُ بِاللّهِ وَالْيَوْمِ الآخِرِ ذَلِكُمْ أَزْكَى لَكُمْ وَأَطْهَرُ وَاللّهُ يَعْلَمُ وَأَنتُمْ لاَ تَعْلَمُونَ – سورة البقرة: ٢٣٢

''നിങ്ങൾ സ്ത്രീകളെ വിവാഹമോചനം ചെയ്തിട്ട് അവരുടെ അവധി പ്രാപിച്ചാൽ അവർ തങ്ങളുടെ ഭർത്താക്കന്മാരുമായി വിവാഹത്തിലേർപ്പെടുന്നതിന് നിങ്ങൾ തടസ്സമുണ്ടാകരുത്. മര്യാദയനുസരിച്ച് അവർ അന്യോന്യം തൃപ്തിപ്പെട്ടിട്ടുണ്ടെങ്കിൽ. നിങ്ങളിൽ നിന്ന് അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവർക്കുള്ള ഉപദേശമാണിത്. അതാണ് നിങ്ങൾക്ക്

ഏറ്റവും ഗുണകരവും സംശുദ്ധവുമായിട്ടുള്ളത്. അല്ലാഹു അറിയുന്നു, നിങ്ങൾ അറിയുന്നില്ല.'' (സൂറ: ബകറ 232)

## സ്ത്രീയുടെ അനുവാദം

രക്ഷിതാവ് തനിക്ക് ഇഷ്ടപ്പെട്ട വ്യക്തിക്ക് പെൺകുട്ടിയുട സമ്മതമില്ലാതെ അവളെ വിവാഹം ചെയ്തു കൊടുക്കാനും പാടുള്ളതല്ല. വിവാഹത്തിൽ സ്ത്രീയുടെ അനുവാദത്തിന് ഇസ്‌ലാം വളരെ വലിയ സ്ഥാനമാണ് നൽകിയിട്ടുള്ളത്.

കന്യകകളായ പെൺകുട്ടികൾ വിവാഹ കാര്യത്തിൽ വ്യക്തമായ അഭിപ്രായം പറയാൻ ലജ്ജിക്കുന്നവരായിരിക്കും. എന്നാൽ പോലും അവരോട് സമ്മതം ചോദിച്ചു മാത്രമേ രക്ഷിതാവ് അവളെ വിവാഹം ചെയ്ത് അയക്കാൻ പാടുള്ളൂ. സ്ത്രീധനത്തിന്റെ പേരിലും മറ്റും വിവാഹ കാര്യത്തിൽ ശരിയാകാതെ നിൽക്കുന്ന അവസരത്തിൽ രക്ഷിതാവ് ഏതെങ്കിലും കിഴവനോ വിരൂപനോ ആയ വ്യക്തിക്ക് പെൺകുട്ടികളെ കെട്ടിച്ചു കൊടുത്ത് രക്ഷപ്പെടാൻ കഴിയില്ല. അതു പോലെ വിധവകളുടെ കര്യത്തിൽ അവരുടെ അനുകൂല മറുപടി ലഭിച്ചശേഷം മാത്രമെ വിവാഹം നടത്താൻ പാടുള്ളൂ. ഭർത്താവ് മരിക്കുകയോ, വിവാഹമോചനം ചെയ്യപ്പെടുകയോ ചെയ്ത സ്ത്രീകൾ വീട്ടുകാരുടെ കണ്ണിൽ എപ്പോഴും ഒരു രണ്ടാം നമ്പർകാരിയായിരിക്കും; അവർക്ക് താഴെ വേറെ പെൺകുട്ടികളെ കെട്ടിച്ചയക്കാനുണ്ടാകുമ്പോൾ പ്രത്യേകിച്ചും. അതുകൊണ്ട് അത്തരം സന്ദർഭത്തിൽ മുമ്പ് നല്ലനിലക്ക് കെട്ടിച്ചതല്ലെ; എന്ന് കരുതി ആർക്കെങ്കിലും കെട്ടിച്ചു കൊടുക്കാൻ ഒക്കില്ല. അവളുടെ പരിപൂർണ്ണ സമ്മതത്തോടു കൂടി മാത്രമേ വിധവകൾക്ക് വിവാഹമുറപ്പിക്കാൻ പാടുള്ളൂ.

സ്ത്രീകൾക്ക് സമൂഹത്തിൽ നിലയും വിലയുമില്ലാതിരുന്ന കാലത്ത് ഇസ്‌ലാം അവർക്ക് കൽപ്പിച്ച മാന്യതയും പരിഗണനയും എന്തുമാത്രം വിലപ്പെട്ടതാണ്.!! നബി(ﷺ) പറയുന്നത് കാണുക:

عن أبي هريرة قال قال رسول الله صلى الله عليه وسلم لا تنكح الثيب حتى تستأمر ولا تنكح البكر حتى تستأذن وإذنها الصموت (صحيح ابن ماجه ١٨٧١، وأخرجه البخاري والمسلم)

**''വിധവകളെ പുനർവിവാഹം ചെയ്യുവാൻ അവളുടെ അഭിപ്രായം ലഭിക്കണം. കന്യകയാണെങ്കിൽ അവളോട് സമ്മതം ചോദിക്കാതെയും വിവാഹംചെയ്യാൻ പാടില്ല. അവളുടെ മൗനമാണ് സമ്മതമായി കണക്കാക്കേണ്ടത്''. (ബുഖാരി, മുസ്‌ലിം, സ്വഹീഹ് അബൂദാവൂദ് 1520). മറ്റൊരു ഹദീസ് കാണുക.''**

عن ابن عباس قال قال رسول الله صلى الله عليه وسلم الأيم أولى بنفسها من وليها والبكر تستأمر في نفسها قيل يا رسول الله إن البكر تستحيي أن تتكلم قال إذنها سكوتها (الارواء ١٨٣٣، الصحيحة ١٢١٦)

**‘‘വിവാഹിതയുടെ പുനർവിവാഹ വിഷയത്തിൽ വലിയ്യിനേക്കാൾ സ്ഥാനം അവൾക്ക് തന്നെയാണ്. എന്നാൽ കന്യകയോടും നിങ്ങൾ അഭിപ്രായമാരായണം. പ്രവാചകരേ, കന്യകകൾ തുറന്നു സംസാരിക്കാൻ ലജ്ജയുള്ളവരാണല്ലോ എന്ന് ചോദിക്കപ്പെട്ടു. അന്നേരം പ്രവാചകൻ പറഞ്ഞു. അവളുടെ മൗനം സമ്മതമായി കണക്കാക്കുക.’’ (അൽബാനിയുടെ ഉർവാഉൽ ഖലീല്: 1833, സിൽസിലത്തു സ്വഹീഹ: 1216)**

സമ്മതം ചോദിക്കാതെ നടത്തപ്പെട്ട വിവാഹം അംഗീകരിക്കുകയോ ദുർബ്ബലപ്പെടുത്തുകയോ ചെയ്യാൻ സ്ത്രീക്ക് അനുവാദം കൊടുത്ത സംഭവവും നബി(ﷺ) യുടെ കാലത്ത് ഉണ്ടായതായി കാണാവുന്നതാണ്.

عن ابن عباس أن جارية بكرا أتت النبي صلى الله عليه وسلم فذكرت أن أباها زوجها وهي كارهة فخيرها النبي صلى الله عليه وسلم (صحيح أبي داود رقم: ١٨٤٥، صحيح ابن ماجه رقم: ١٥٢٠)

**‘‘ഒരു കന്യകയായ പെൺകുട്ടി അവളുടെ പിതാവ് അവളെ അവൾക്ക് ഇഷ്ടമില്ലാത്ത നിലയിൽ വിവാഹം ചെയ്ത് കൊടുത്തതായി നബി(ﷺ) യുടെ അടുത്ത് വന്ന് പറഞ്ഞു. അന്നേരം നബി(ﷺ) അവളുടെ ഇഷ്ടമനുസരിച്ച് പ്രവർത്തിക്കാൻ (അംഗീകരിക്കുകയോ ദുർബ്ബലപ്പെടുത്തുകയോ ചെയ്യാൻ) അവൾക്ക് സ്വാതന്ത്ര്യം നൽകുകയുണ്ടായി.’’ (സ്വഹീഹ് അബൂദാവൂദ്: 1845, സ്വഹീഹ് ഇബ്നു മാജ: 1520)**

മറ്റൊരു സംഭവത്തിൽ സ്ത്രീയുടെ സമ്മതമില്ലാതെ നടത്തിയ വിവാഹം പ്രവാചകൻ(ﷺ) ദുർബ്ബലപ്പെടുത്തിയതായും കാണാം.

عن خنساء بنت خذام الأنصارية أن أباها زوجها وهي ثيب فكرهت ذلك فجاءت رسول الله صلى الله عليه وسلم فذكرت ذلك له فرد نكاحها (أخرجه البخاري)

**‘‘അൻസാരി വനിതകളിൽ പെട്ട ഖൻസാഅ്(റ) യെ അവരുടെ പിതാവ് അവർക്ക് സമ്മതമില്ലാതെ ഒരു വ്യക്തിക്ക് വിവാഹം ചെയ്തു കൊടുത്തു. അവർ വിധവയായിരുന്നു. അന്നേരം അവർ നബി(ﷺ)യുടെ അടുക്കൽ വന്ന് വിവരം പറയുകയും നബി(ﷺ) ആ വിവാഹം ദുർബ്ബലപ്പെടുത്തുകയും ചെയ്തു.’’ (ബുഖാരി)**

വൈവാഹിക ജീവിതം സന്തോഷപ്രദമാക്കുവാൻ വളരെ അനിവാര്യമായ ഒരു തത്വമാണിവിടെ ഇസ്ലാം മുന്നോട്ട് വെച്ചിട്ടുള്ളത്. അത്കൊണ്ട്തന്നെ വിവാഹം ചെയ്ത് കൊടുക്കാനുള്ള ചുമതല വലിയ്യിനാണെങ്കിലും പെൺകുട്ടികളുമായി ചർച്ച ചെയ്ത് തീരുമാനിക്കുകയോ അവളോട് അഭിപ്രായമന്വേഷിക്കുകയോ ചെയ്യാതെ തങ്ങൾ ഇഷ്ടപ്പെടുന്നവർക്ക് പെൺകുട്ടികളെ വിവാഹം ചെയ്ത് കൊടുക്കാൻ രക്ഷിതാക്കൾക്ക് അധികാരമില്ല.

## 2. മഹർ (വിവാഹമൂല്യം)

വിവാഹത്തിന് അനിവാര്യമായും ഉണ്ടാവേണ്ട മറ്റൊരു ഘടകമാണ് മഹർ. വിവാഹ സമയം പുരുഷൻ സ്ത്രീക്ക് നൽകൽ നിർബന്ധമായ പാരി തോഷികമാണത്. വിശുദ്ധഖുർആനിൽ മഹറ് എന്ന വാക്കല്ല ഇതിനായി ഉപയോഗിച്ചിട്ടുള്ളത് മറിച്ച് صَداق (സ്വദാഖ്) أُجر (അജ്റ്) എന്നീ പദങ്ങളാണ്.

وَآتُواْ النَّسَاء صَدُقَاتِهِنَّ نِحْلَ – سورة النساء :٤

**"സ്ത്രീകൾക്ക് അവരുടെ വിവാഹ മൂല്യങ്ങൾ മനസംതൃപ്തിയോടു കൂടി നിങ്ങൾ നൽകുക." (സൂറ: നിസാഅ് 4)**

فَآتُوهُنَّ أُجُورَهُنَّ فَرِيضَةً – سورة النساء :٢٤

**"അവർക്കുള്ള വിവാഹമൂല്യം ഒരു ബാധ്യത എന്ന നിലക്ക് നിങ്ങൾ നൽകുക." (സൂറ: നിസാഅ് 24)**

മഹർ നൽകിയായിരിക്കണം വിവാഹം കഴിക്കേണ്ടത് എന്നത് മുഹമ്മദ് നബി(ﷺ)ക്ക് മുമ്പ് തന്നെ നടപ്പിലുള്ള നിയമമാണ്. മൂസാ നബി عليه السلام മദ്യനിൽ എത്തി ശുഐബ് നബി عليه السلامയുടെ മകളെ വിവാഹം കഴിച്ചത് വിവരിക്കുന്നിടത്ത് ഖുർആൻ ഇപ്രകാരം പറയുന്നു:

قَالَ إِنِّي أُرِيدُ أَنْ أُنكِحَكَ إِحْدَى ابْنَتَيَّ هَاتَيْنِ عَلَى أَن تَأْجُرَنِي ثَمَانِيَ حِجَجٍ فَإِنْ أَتْمَمْتَ عَشْرًا فَمِنْ عِندِكَ وَمَا أُرِيدُ أَنْ أَشُقَّ عَلَيْكَ سَتَجِدُنِي إِن شَاء اللَّهُ مِنَ الصَّالِحِينَ – سورة القصص:٢٧

**"അദ്ദേഹം പറഞ്ഞു: നീ എട്ട് വർഷം എനിക്ക് കൂലിവേല ചെയ്യണം എന്ന വ്യവസ്ഥയിൽ എന്റെ ഈ രണ്ട് പെൺമക്കളിൽ ഒരാളെ നിനക്ക് വിവാഹം ചെയ്ത് തരാൻ ഞാൻ ഉദ്ദേശിക്കുന്നു. ഇനി പത്ത് വർഷം പൂർത്തിയാക്കാൻ നീ ഉദ്ദേശിക്കുന്നുവെങ്കിൽ അത് നിന്റെ ഇഷ്ടം. നിനക്ക് പ്രയാസമുണ്ടാക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. അല്ലാഹു ഉദ്ദേശിക്കുന്ന പക്ഷം നല്ലനിലയിൽ വർത്തിക്കുന്നവരിൽ ഒരാളായി നിനക്കെന്നെ കാണാം." (സൂറ: ഖസ്വസ് 27)**

ഇത് വിവാഹത്തിന് അനിവാര്യമാണെന്നതിൽ പണ്ഡിതൻമാർ ഏകാഭിപ്രായക്കാരാണ്. എന്നാൽ അത് എപ്പോഴാണ് നൽകേണ്ടത് എന്ന കാര്യത്തിൽ വ്യത്യസ്ത അഭിപ്രായങ്ങൾ നിലനിൽക്കുന്നുണ്ട്. മഹ്റ് വിവാഹാവസരത്തിൽ തന്നെ നൽകണമെന്നാണ് നബിചര്യയിൽ നിന്നും മനസ്സിലാകുന്നത്. താഴെ പറയുന്ന ഹദീസുകൾ അതാണ് പഠിപ്പിക്കുന്നത്.

عن سهل بن سعدي رضي الله عنه ، جاءت امرأة إلي رسول الله صلى الله عليه وسلم فقالت يا رسول الله أهب لك نفسيى فنظر اليها رسول صلىالله عليه وسلم فصعد النظر فيها وصوبه ثمّ طأطأ رسول الله صلىالله عليه وسلم رأسه فلما رأتالمرأة أنه لم يقض فيها شيئا جلست فقام رجل من أصحابه فقال

يا رسول الله إن لم يكن لك بها حاجة فزوّجنيها فقال فهل عندك من شيئ ؟ فقال لا والله يا رسول الله فقال اذهب إلى أهلك فانظر هل تجد شيئا ؟ فذهب ثم رجعفقال لا والله ما وجدت شيئا فقال رسول الله صلى الله عليه وسلم أنظر ولو خاتم من حديد فذهب ثم رجع فقال لا والله يا رسول الله ولا خاتم من حديد ولكن هذا إزاري (فقال سهل ما له رداء) فلها نصفه فقال رسول الله ما تصنع بإزارك؟ إن لبسته لم يكن عليها منه شيئ! وإن لبسته لم يكن عليك منه شيئ فجلس الرجل حتى إذا طال مجلسه قام فرآه رسول الله صلىالله عليه وسلم موليا فأمر به فدُعِيَ له فلما جاء قال: ماذا معك من القرآن ؟ قال معي سورة كذا وكذا(عددها) تقرأهن على ظهر قلبك ؟ قال نعم، قال اذهب فقد ملّكتكها بما معك من القرآن(مختصر مسلم رقم: ٨٢٠)

''സഹ്ലുബ്നു സഅദിസ്സാഇദി(ﷺ)പറയുന്നു: ഒരു സ്ത്രീ നബി(ﷺ)യുടെ അടുക്കൽ വന്ന് ഇങ്ങിനെ പറഞ്ഞു: നബിയെ ഞാൻ എന്നെ നിങ്ങൾക്ക് സമർപ്പിക്കാനാണ് വന്നിട്ടുള്ളത്. അന്നേരം നബി(ﷺ) അവളിലേക്ക് നോക്കുകയും സൂക്ഷ്മമായി ദൃഷ്ടി പതിപ്പിക്കുകയും ചെയ്തശേഷം തന്റെ തല താഴ്ത്തിയിരുന്നു. പ്രവാചകൻ തന്റെ കാര്യത്തിൽ തീരുമാനമൊന്നും എടുക്കുന്നില്ലെന്ന് കണ്ട അവൾ (അൽപനേരം അവിടെ) ഇരുന്നു. അന്നേരം നബി(ﷺ)യുടെ സ്വഹാബികളിൽ നിന്നും ഒരാൾ എഴുന്നേറ്റ് പറഞ്ഞു: നബിയെ, നിങ്ങൾക്ക് ആവശ്യമില്ലെങ്കിൽ അവരെ എനിക്ക് വിവാഹം ചെയ്ത് തന്നാലും. അന്നേരം അദ്ദേഹം ചോദിച്ചു: നിന്റെ പക്കൽ വല്ലതുമുണ്ടോ? അയാൾ പറഞ്ഞു: ഇല്ല, അല്ലാഹുവാണെ സത്യം ഒന്നുമില്ല പ്രവാചകരെ. നബി(ﷺ) ഒരു ഇരുമ്പിന്റെ മോതിരമെങ്കിലും ഉണ്ടോ എന്ന് പോയിനോക്കുക; എന്ന് ആവശ്യപ്പെടുകയും അയാൾ തിരിച്ച് വന്നു പറഞ്ഞു: ഒന്നുമില്ല നബിയേ, ഒരു ഇരുമ്പിന്റെ മോതിരം പോലുമില്ല. എന്നാൽ എന്റ ഈ തുണിയിതാ (സംഭവം വിവരിക്കുന്ന സഹൽ(ﷺ) പറയുന്നു: അയാൾ തുണി കൂടാതെ തട്ടം (തലപ്പാവ്) പോലും ഇല്ലാത്ത മനുഷ്യനായിരുന്നു.) അതിന്റെ പകുതി ഞാൻ അവൾക്ക് കൊടുക്കാം. അന്നേരം നബി(ﷺ) പറഞ്ഞു: നിന്റെ തുണി കൊണ്ട് എന്ത് ചെയ്യാനാണ്?. നീ അത് ധരിച്ചാൽ അവൾക്ക് അതിൽ നിന്ന് ഒന്നുമുണ്ടാവുകയില്ല; അവൾ അത് ധരിച്ചാൽ നിനക്കും ഒന്നുമുണ്ടാവുകയില്ല. അങ്ങിനെ കുറെ സമയം അയാൾ അവിടെയിരുന്ന ശേഷം, അയാൾ എഴുന്നേറ്റ് പോകുന്നത് നബി(ﷺ) കണ്ടപ്പോൾ അയാളെ വിളിക്കാൻ കൽപ്പിച്ചു. അയാൾ വന്നപ്പോൾ അയാളോടു ചോദിച്ചു: നിനക്ക് ഖുർആനിൽ നിന്ന് എന്തൊക്കെ അറിയാം? എനിക്ക് ഇന്നയിന്ന സൂറത്തുകളൊക്കെ

**അറിയാം. നബി(ﷺ) അവ ഓതിച്ച ശേഷം പറഞ്ഞു: നിനക്ക് ഞാൻ അവളെ, അറിയുന്ന ഖുർആൻ മഹ്റായി കണക്കാക്കി വിവാഹം ചെയ്തു തന്നിരിക്കുന്നു.'' (മുഖ്തസർ മുസ്ലിം 820)**

കയ്യിലൊന്നുമില്ലാതിരുന്ന വ്യക്തിയോട് ഒരു ഇരുമ്പിന്റെ മോതിരമെങ്കിലും ഉണ്ടോ എന്ന് അന്വേഷിക്കാൻ പറഞ്ഞതും, അത് കിട്ടാതിരുന്നപ്പോൾ തന്റെ വസ്ത്രം പകുത്ത് നൽകാൻ തയ്യാറായതും അവസാനം തനിക്കറിയാവുന്ന ഖുർആൻ മഹറായി നിശ്ചയിച്ച് നബി(ﷺ) വിവാഹം ചെയ്തു കൊടുത്തതുമെല്ലാം മഹ്റ് നൽകിയായിരിക്കണം വിവാഹം നടക്കേണ്ടത് എന്നതാണ് പഠിപ്പിക്കുന്നത്.

മറ്റൊരു സംഭവം കൂടി പരിശോധിക്കുക:

അലി(رضي الله عنه) ഫാത്വിമ(رضي الله عنها)യെ വിവാഹം ചെയ്ത അവസരത്തിൽ അവൾക്ക് എന്തെങ്കിലും നീ നൽകേണ്ടതുണ്ട് എന്ന് നബി(ﷺ) പറഞ്ഞതായി ഹദീസിൽ കാണാവുന്നതാണ്.

عن ابن عباس قال لما تزوج علي فاطمة قال له رسول الله صلى الله عليه وسلم أعطها شيئا قال ما عندي شيئ قال أين درعك الحطمية (صحيح أبي داود للألباني :١٨٦٥)

**''ഇബ്നുഅബ്ബാസ്(رضي الله عنه) പറഞ്ഞു: അലി(رضي الله عنه)ഫാത്വിമ(رضي الله عنها)യെ വിവാഹം ചെയ്ത അവസരത്തിൽ, നബി(ﷺ) അദ്ദേഹത്തോട് പറഞ്ഞു: താങ്കൾ എന്തെങ്കിലും അവൾക്ക് (മഹറായി) നൽകണം. അദ്ദേഹം പറഞ്ഞു: എന്റെ പക്കൽ ഒന്നുമില്ല. അന്നേരം നിന്റെ പടയങ്കി എവിടെ എന്ന് നബി(ﷺ) ചോദിച്ചു.'' (അൽബാനിയുടെ സ്വഹീഹ് അബൂദാവൂദ് 1865)**

അങ്ങിനെ അലി(رضي الله عنه) തനിക്കുണ്ടായിരുന്ന പടയങ്കി വിറ്റ് മഹറ് നൽകിയതായി ചരിത്രത്തിൽ കാണാവുന്നതാണ്.

## മഹറ് എന്തായിരിക്കണം

എന്തായിരിക്കണം മഹറ് നൽകേണ്ടത് എന്നതിന് പ്രത്യേക നിർദ്ദേശങ്ങളൊന്നും കാണാൻ കഴിയുന്നില്ല. ചരിത്രത്തിൽ വിവിധങ്ങളായ വസ്തുക്കൾ മഹറ് നൽകിയതായി കാണാവുന്നതാണ്. മൂല്യവത്തായ ഏതൊരു വസ്തുവും മഹ്റായി നൽകുന്നതിന് പൂർവ്വീകരിൽ മാതൃക കാണുന്നുണ്ട്.

നബി(ﷺ)യുടെ മഹറിനെ സംബന്ധിച്ച് ആയിഷ(رضي الله عنها) പറയുന്നത് ഇപ്രകാരമാണ്:

عن أبي سلمة قال سألت عائشة كم كان صداق نساء النبي صلى الله عليه وسلم قالت كان صداقه في أزواجه اثنتي عشرة أوقية ونشا هل تدري ما النش هو نصف أوقية وذلك خمس مائة درهم (صحيص ابن ماجه ومختصر مسلم رقم:٨١٨)

**‘‘അബൂ സൽമ(ﷺ)യിൽ നിന്ന്: ഞാൻ ആയിഷ(ﷺ)യോട് എന്തായിരുന്നു നബി(ﷺ) തന്റെ ഭാര്യമാർക്ക് മഹ്റായി നൽകിയിരുന്നത് എന്ന് ചോദിച്ച തിന് അവർ പറഞ്ഞ മറുപടി: നബി(ﷺ) ഭാര്യമാർക്ക് മഹ്റായി നൽകിയിരു ന്നത് പന്ത്രണ്ട് ഊഖിയയും ഒരു നശ്ശുമായിരുന്നു. ഒരു നശ്ശ് എന്ന് പ റഞ്ഞാൽ ഒരു ഊഖിയയുടെ പകുതിയാണ്. അതായത് 12.5 ഊഖിയ. അതാകട്ടെ അഞ്ഞൂറ് ദിർഹം വെള്ളിക്ക് തുല്യവുമാണ്’’. (സ്വഹീഹ് ഇ ബ്നുമാജ, മുഖ്തസറു മുസ്‌ലിം 518)**

നബി(ﷺ) സ്വഫിയ(ﷺ)യെ വിവാഹം കഴിച്ചത് അടിമത്വത്തിലായിരുന്ന അവരെ അടിമത്വത്തിൽ നിന്ന് മോചിപ്പിക്കുക എന്നത് മഹ്റായി നിശ്ചയി ച്ചായിരുന്നു.’

عن أنس قال صارت صفية لدحية الكلبي ثم صارت لرسول الله صلى الله عليه وسلم بعد فتزوجها وجعل عتقها صداقها (الأرواء ١٨٢٥، صحيص أبي داود :١٧٩٣ والبخاري ومسلم)

**‘‘അനസ്(ﷺ) പറയുന്നു: സ്വഫിയ(ﷺ) ദിഹ്‌യതുൽ കൽബി എന്നവരുടെ കീഴിൽ ഉണ്ടായിരുന്ന അടിമസ്ത്രീ ആയിരുന്നു. പിന്നീട് അവർ നബി (ﷺ)യുടെ കീഴിലായി. അപ്പോൾ അവരെ നബി(ﷺ) വിവാഹം കഴിക്കുകയു ണ്ടായി. അടിമത്വ മോചനമായിരുന്നു അവരുടെ മഹറ്.’’ (ഇർവാഅ് 1825, സ്വഹീഹ് അബൂദാവൂദ് 1793, ബുഖാരി, മുസ്‌ലിം)**

അബ്ദുർറഹ്മാനുബ്നു ഔഫ് (ﷺ) വിവാഹം കഴിച്ചത് ഒരു ധാന്യമണിതൂക്കം സ്വർണ്ണം മഹ്റ് നൽകിയായിരുന്നു.

عن أنس بن مالك أن النبي صلى الله عليه وسلم رأى على عبد الرحمن بن عوف أثر صفرة فقال ماهذا أومه فقال يا رسول الله إني تزوجت امرأة على وزن نواة من ذهبفقال بارك الله لك أولم ولو بشاة (آداب الزفاف ٢٥-٢٨، الأرواء: ١٩٢٣ وأخرجه البخاري ومسلم)

**‘‘അനസ്(ﷺ)വിൽ നിന്ന്: നബി(ﷺ)അബ്ദുർറഹ് മാനു ബ്നുഔഫ്(ﷺ) വിൽ സുഗന്ധത്തിന്റെ അടയാളം കണ്ടപ്പോൾ എന്താണ് കാരണം എന്ന ന്വേഷിച്ചു. അദ്ദേഹം പറഞ്ഞു: നബിയേ, ഞാൻ ഒരു ധാന്യമണിതൂക്കം സ്വർണ്ണം മഹ്റ് നിശ്ചയിച്ച് ഒരു സ്ത്രീയെ വിവാഹം കഴിച്ചിരിക്കുന്നു. ന ബി(ﷺ) അന്നേരം പറഞ്ഞു: അല്ലാഹു താങ്കളെ അനുഗ്രഹിക്കട്ടെ, ഒരു ആടിനെയെങ്കിലും (അറുത്ത്) വലീമത്ത് (വിവാഹസദ്യ) നൽകുക.’’ (അ**

**ൽബാനിയുടെ ആദാബുസിഫാഫ് 65..68, ഇർവാഅ് 1923, ബുഖാരി, മുസ്‌ലിം)**

നബി(ﷺ) മനഃപ്പാഠമുള്ള ഖുർആൻ അധ്യായങ്ങൾ മഹ്റായി പരിഗണിച്ച് വിവാഹം ചെയ്തു കൊടുത്ത സംഭവം നേരത്തെ നാം മനസ്സിലാക്കിയതുമാണ്.

فقد ملّكتها بما معك من القرآن (مختصر مسلم رقم: ٨٢٠)

**“ഞാൻ അവളെ നിനക്ക് അറിയുന്ന ഖുർആൻ പാഠങ്ങൾ മഹ്റായി കണക്കാക്കി വിവാഹം ചെയ്തു തന്നിരിക്കുന്നു.” (മുഖ്തസ്വറു മുസ്‌ലിം 520)**

അബൂത്വൽഹ(ﷺ) ഉമ്മുസുലൈം എന്ന മഹതിയെ വിവാഹാന്വേഷണം നടത്തുന്ന അവസരത്തിൽ അദ്ദേഹം മുസ്‌ലിമായിരുന്നില്ല. അന്നേരം അദ്ദേഹം മുസ്‌ലിമാകുക എന്നതായിരുന്നു അവർ മഹ്റായി ആവിശ്യപ്പെടുകയും അത് അംഗീകരിക്കുകയും ചെയ്തു കൊണ്ടാണ് അബൂത്വൽഹ(ﷺ) അവരെ വിവാഹം കഴിച്ചത് എന്ന് ചരിത്രത്തിൽ കാണാവുന്നതാണ്.

عن أنس : أنّ أبا طلحة رضي الله عنه خطب أمّ سليم فقالت والله ما مثلك يردّ ولكنّك كافر وأنا مسلة، ولا يحلّ لي أتزوّجك فإن تسلم فذلك مهري ولا أسألك غيره ..... فكان ذلك مهرها (صحيص النسائي للألباني رقم: ٣٣٤١)

**“അനസ്(ﷺ)വിൽ നിന്ന്: അബൂത്വൽഹ(ﷺ) ഉമ്മുസുലൈം(ﷺ)യെ വിവാഹമാലോചിച്ചു; അന്നേരം അവർ പറഞ്ഞു: താങ്കളെപ്പോലുള്ള ഒരാൾ ഒരിക്കലും തള്ളപ്പെടുകയില്ല. പക്ഷെ നിങ്ങൾ കാഫിറും ഞാനൊരു മുസ്‌ലിമും ആണല്ലോ; എനിക്കൊരിക്കലും നിങ്ങളുടെ ഭാര്യയാവാൻ അനുവദനീയമല്ല. നിങ്ങൾ മുസ്‌ലിമാവുകയാണെങ്കിൽ അതുമാത്രം മതി എനിക്ക് മഹറായിട്ട് മറ്റൊന്നും ഞാൻ ആവിശ്യപ്പെടുന്നില്ല. അതായിരുന്നു അവർ തമ്മിൽ നടന്ന വിവഹത്തിലെ മഹ്റ്”. (അൽബാനിയുടെ സ്വഹീഹ് ഇബ്നുമാജ 3341)**

പ്രസിദ്ധ സ്വഹാബിയായ ഥാബിത് ബ്നുഖൈസ്(ﷺ) ജുമൈല(ﷺ)യെ വിവാഹം ചെയ്തപ്പോൾ ഒരു തോട്ടമായിരുന്നു മഹ്റായി നൽകതിയിരുന്നത്. പക്ഷെ അവർ അധിക കാലം ഒരുമിച്ച് ജീവിച്ചിട്ടില്ല. ഭാര്യയുടെ ആവശ്യപ്രകാരം ആ ബന്ധം നബി(ﷺ)യുടെ സാന്നിധ്യത്തിൽ വെച്ച് വേർപിരിയുകയാണുണ്ടായത്. ഇക്കാര്യം താഴെ പറയുന്ന ഹദീസിൽ നിന്നും മനസ്സിലാക്കാവുന്നതാണ്.

عن ابن عباس أن جميلة بنت سلول أتت النبي صلى الله عليه وسلم فقالت والله ما أعتب على ثابت في دين ولا خلق ولكني أكره الكفر في الإسلام لا أطيقه بغضا فقال لها النبي صلىالله عليه وسلم أتردين عليه حديقة قالت نعم فأمره رسول الله صلىالله عليه وسلم أن يأخذ منها حديقه ولا يزداد (الأرواء ٢٠٣٦، صحيح أبي داود ١٩٢٩ : وأخرجه البخاري)

**ഇബ്നുഅബ്ബാസ്(ﷺ)വിൽ നിന്ന്: ജുമൈല ബിൻത്സലൂൽ(ﷺ) നബി(ﷺ)യുടെ അടുക്കൽ വന്ന് പറഞ്ഞു: (എന്റെ ഭാർത്താവായ) ഥാബി ത്ബ്നുനു ഖൈസ്(ﷺ)വിന്റെ മതബോധത്തിലോ, സ്വഭാവത്തിലോ ഒന്നും എനിക്കൊരു ആക്ഷേപവുമില്ല. എന്നാൽ ഇസ്ലാമിൽ അവിശ്വാസവും അദ്ദേഹത്തിന്റെ വെറുപ്പും എനിക്ക് സഹിക്കാനാവുകയില്ല. (ദാമ്പത്യ ജീവിതത്തിൽ അവൾ സംതൃപ്തയല്ലെന്ന് മനസ്സിലാക്കിയ) പ്രവാച കൻ(ﷺ) അവൾക്ക് മഹ്റായി ലഭിച്ചിരുന്ന തോട്ടം തിരിച്ചു കൊടുത്തു കൂടെ എന്ന് ചോദിക്കുകയും, അത് അദ്ദേഹത്തോട് സ്വീകരിക്കാൻ കൽപ്പിക്കുകയും ചെയ്തു. അധികമൊന്നും പറഞ്ഞതുമില്ല. (ബന്ധം വേർപ്പെടുത്തപ്പെട്ടു). (അൽബാനിയുടെ ഇർവാഅ് 2036, സ്വഹീഹ് അബീ ദാവൂദ് 1929, ബുഖാരി)**

## മഹറിന്റെ അളവ്

വിവാഹത്തിലേക്ക് എല്ലാവർക്കും എളുപ്പത്തിൽ പ്രവേശിക്കാൻ കഴി യുന്നതിനായിരിക്കാം ഇസ്ലാം മഹ്റിന് പരിധി നിശ്ചയിച്ചിട്ടില്ല. അത് ഓരോരുത്തരുടെയും കഴിവ് അനുസരിച്ച് നൽകാൻ വിട്ടു തന്നിരിക്കുകയാ ണ്. പുരുഷന്റെ കഴിവും വധുവിന്റെ യോഗ്യതയും നാട്ടാചാരവുമെല്ലാം പരിഗണിച്ച് അത് നിശ്ചയിക്കാവുന്നതാണ്. ഈ വിഷയത്തിൽ മഹാനായ ഉമർ(ﷺ)വിന്റെ ഒരു വാക്ക് വളരെ ശ്രദ്ധേയമാണ്:

عن أبي العجفاء السلمي قال قال عمربنالخطاب لاتغالواصداق النساء فإنها لو كانت مكرمة في الدنياأو تقوى عند الله لان أولاكم وأحقكم بها محمد صلىالله عليه وسلم ما أصدق امرأة من نسائه ولا أصدق امرأة من بناته أكثر من اثنتي عشرةأوقية(صحيح ابن ماجه،المشكاة ٣٢٠٤، الأرواء ١٩٢٧)

**ഉമർ(ﷺ) പറഞ്ഞതായി അബുൽ അജ്ഫാഉ സ്സുലമി പറയുന്നു: നിങ്ങൾ മഹ്റിന്റെ വിഷയത്തിൽ അതിരു കവിയരുത്. അത് ഇഹലോകത്ത് ആദരി ക്കപ്പെടാനോ അല്ലാഹുവിങ്കൽ സൂക്ഷ്മതക്കോ കാരണമായ ഒന്നായിരു ന്നുവെങ്കിൽ ആ വിഷയത്തിൽ നിങ്ങളിൽ ഏറ്റവും അർഹനും ഒന്നാമനാ കേണ്ടതും മുഹമ്മദ് നബി(ﷺ) ആകുമായിരുന്നു. എന്നാൽ അദ്ദേഹം തന്റെ**

**ഭാര്യമാർക്ക് മഹർ നൽകിയതും, അദ്ദേഹത്തിന്റെ പെൺ മക്കൾക്ക് മഹ റായി ലഭിച്ചതും പന്ത്രണ്ട് ഊഖിയയിൽ കൂടുതലുണ്ടായിരുന്നില്ല. (അൽബാനിടെ സ്വഹീഹ് ഇബ്നുമാജ, മിശ്കാത്ത് 2204, ഇർവാഉൽ 1927)**

മഹ്റ് ഒരാളുടെ കഴിവ് അനുസരിച്ച് ഒരു കൂമ്പാരം തന്നെ വേണമെങ്കിലും നൽകുന്നതിന് വിരോധമില്ലെന്നാണ് താഴെ പറയുന്ന ഖുർആനിക വചനം മനസ്സിലാക്കിത്തരുന്നത്.

{وَآتَيْتُمْ إِحْدَاهُنَّ قِنطَارًا فَلاَ تَأْخُذُواْ مِنْهُ شَيْئًا }سورة النساء:٢٠

**"നിങ്ങൾ ഒരു കൂമ്പാരം തന്നെ (മഹ്റ്) കൊടുത്തിട്ടുണ്ടായിരുന്നുവെങ്കിലും (വിവാഹ മോചന സമയം) അതിൽ യാതൊന്നും നിങ്ങൾ തിരിച്ചു വാങ്ങരുത്." (സൂറ നിസാഅ് 20)**

നബി(ﷺ) തന്റെ അനുചരന്മാരോട് ഒരു ഇരുമ്പിന്റെ മോതിരമെങ്കിലും കൊടുക്കാൻ കഴിയുമോ എന്ന് നോക്കാൻ പറഞ്ഞതിൽ നിന്നും ഒരാളുടെ കഴിവനുസരിച്ച് നൽകുക; അത് എത്ര ചെറുതായാലും മഹ്റായി പരിഗണിക്കപ്പെടുന്നതാണ്. പ്രസിദ്ധ താബിഈ പണ്ഡിതനായ സഈദുബ്നുമുസ്വയ്യബ്(ﷺ) തന്റെ മകളെ രണ്ട് ദിർഹം വെള്ളി മഹ്റ് നിശ്ചയിച്ച് വിവാഹം ചെയ്തു കൊടുത്തത് പ്രസിദ്ധമാണ്. മഹ്റിന്റെ വിഷയത്തിൽ യുവാക്കളെ പ്രയാസപ്പെടുത്താതിരിക്കുക എന്നത് നല്ല ലക്ഷണമായി നബി(ﷺ) പറയുകയും ചെയ്തിട്ടുണ്ട്.

إن من يمن المرأة تيسير خطبتها وتيسير صداقها (أحمد، بيهقي، حاكم حسنه الألباني في صحيح الجامع الصغير رقم: ٢٢٣٥)

**"നിശ്ചയം ഒരു നല്ല സ്ത്രീയുടെ ലക്ഷണത്തിൽ പെട്ടതാണ് വിവാഹാന്വേഷണത്തിലെ എളുപ്പവും, കുറഞ്ഞ മഹറും". (അഹ്മദ്, ബൈഹഖി, ഹാകിം, അൽ ബാനി സ്വഹീഹുൽ ജാമിഅ് (ഹസൻ) :2235)**

## മഹറില്ലാത്ത വിവാഹം പാടില്ല

മഹറ് നൽകാതെയുള്ള വിവാഹം ഇസ്ലാം വിരോധിച്ചിരിക്കുന്നു:

عن ابن عمر قال نهي رسول الله صلى الله عليه وسلم عن الشغار والشغار أن يقول الرجل للرجل زوجني ابنتك أو أختك على أن أزوجك ابنتي أو أختي وليس بينهما صداق (الارواء ١٨٩٥، وأخرجه البخاري ومسلم)

**"ഇബ്നുഉമർ(ﷺ)വിൽ നിന്ന്: നബി(ﷺ) ശിഗാറിനെ വിരോധിച്ചിരിക്കുന്നു. ഒരാൾ മറ്റൊരാളോട് നിങ്ങളുടെ മകളെ അല്ലെങ്കിൽ സഹോദരിയെ വിവാഹം ചെയ്തു തരിക; എന്റെ മകളെ അല്ലെങ്കിൽ സഹോദരിയെ ഞാൻ നിങ്ങൾക്കും വിവാഹം ചെയ്തു താരാം. എന്നിങ്ങനെയുള്ള നിബ**

സ്ഥനയിൽ മഹ്റ് നിശ്ചയിക്കാതെ നടക്കുന്ന വിവാഹമാണ് ശിഗാർ'' (അൽബാനിയുടെ ഇർവാഅ് 1895, ബുഖാരി, മുസ്‌ലിം)

## മഹ്റ് നിശ്ചയിക്കാത്ത വിവാഹം

ഒരാൾ മഹ്റ് നിശ്ചയിക്കാതെ വിവാഹത്തിലേർപ്പെട്ടാൽ വിവാഹം സാധുവാണ്.

لاَّ جُنَاحَ عَلَيْكُمْ إِن طَلَّقْتُمُ النِّسَاء مَا لَمْ تَمَسُّوهُنُّ أَوْ تَفْرِضُواْ لَهُنَّ فَرِيضَةً وَمَتِّعُوهُنَّ عَلَى الْمُوسِعِ قَدَرُهُ وَعَلَى الْمُقْتِرِ قَدْرُهُ مَتَاعًا بِالْمَعْرُوفِ حَقًّا عَلَى الْمُحْسِنِينَ – سورة البقرة : ٢٣٦

**''നിങ്ങൾ ഭാര്യമാരെ സ്പർശിക്കുകയോ, വിവാഹമൂല്യം നിശ്ചയുക്കുകയോ ചെയ്യുന്നതിന് മുമ്പ് നിങ്ങൾ അവരുമായുള്ള ബന്ധം വേർപെടുത്തിയാൽ (മഹ്റ് നൽകാത്തതിന്റെ പേരിൽ) നിങ്ങൾക്ക് കുറ്റമില്ല''** (സൂറ ബഖറ 236)

മഹ്റ് നിശ്ചയിക്കാത്ത വിവാഹം സാധുവാണ് എന്ന് മുകളിൽ പറഞ്ഞ ആയത്തിൽ നിന്ന് ഗ്രഹിക്കാവുന്നതാണ്. വിവാഹം നടന്ന ശേഷം മാത്രമാണല്ലോ വിവാഹമോചനം നടക്കുക. പക്ഷെ ഭാര്യയുമായി ബന്ധപ്പെടുന്നതിന് മുമ്പ് മഹ്റ് നൽകിയിരിക്കേണ്ടതാണ്. നബി (ﷺ) അലി(ﷺ) വിനോട് വിവാഹാവസരത്തിൽ എന്തെങ്കിലും നൽകിയേ മതിയാകൂ, എന്ന് പറയുകയും തന്റെ കൈവശം ഒന്നും തന്നെയില്ല; എന്ന് പറഞ്ഞപ്പോൾ നിന്റെ കൈവശമുണ്ടായിരുന്ന പടയങ്കി എവിടെ എന്ന ചോദ്യവും ബന്ധപ്പെടുന്നതിന് മുമ്പായി എന്തെങ്കിലും പുരുഷന്റെ വകയായി വധുവിന് നൽകിയിരിക്കണം എന്നാണ് പഠിപ്പിക്കുന്നത്. താഴെ പറയുന്ന ഹദീസും, മഹ്റാണ് സത്യത്തിൽ ലൈംഗീകബന്ധം അനുവദനീയമാക്കിത്തരുന്നത് എന്ന വസ്തുതയാണ് മനസ്സിലാക്കിത്തരുന്നത്.

عن عقبة بن عامر عن الرسول الله صلى الله عليه وسلم أنه قال إن أحق الشروط أن توفوا به ما استحللتم به الفروج (صحيح أبي داود ، وأخرجه البخاري والمسلم)

**''ഉഖ്ബതു ബ്നുആമിർ(ﷺ)വിൽ നിന്ന്: നബി(ﷺ) പറഞ്ഞു: നിങ്ങൾ പൂർത്തിയാക്കാൻ ഏറ്റവും ബാധ്യതയുള്ള നിബന്ധന നിങ്ങൾക്ക് (സ്ത്രീകളുടെ) ലൈംഗീകാവയവം അനുവദനീയമാക്കിത്തരുന്ന നിബന്ധനയാണ്''. (സ്വഹീഹ് അബൂദാവൂദ്, ബുഖാരി, മുസ്‌ലിം)**

## മഹ്റിന്റെ അധികാരം

ഇസ്‌ലാം മഹ്റിന്റെ അവകാശിയായി കാണുന്നത് വധുവിനെയാണ്. അതുകൊണ്ട് തനിക്ക് ലഭിച്ചതായ മഹ്റ് കൈകാര്യം ചെയ്യാൻ ഭർത്താവിന്റെ പോലും അനുവാദം അവൾ തേടേണ്ടതില്ല. ഭാര്യ അവളുടെ ഇഷ്ട

പ്രകാരം എന്തെങ്കിലും നൽകുകയാണെങ്കിൽ മാത്രമെ മഹറ് ഉപയോഗപ്പെടുത്താൻ ഭർത്താവിന് അവകാശമുള്ളൂ.

{وَآتُواْ النَّسَاء صَدُقَاتِهِنَّ نِحْلَةً فَإِن طِبْنَ لَكُمْ عَن شَيْءٍ مِّنْهُ نَفْسًا فَكُلُوهُ هَنِيئًا مَّرِيئًا} سورة النساء :٤

**"സ്ത്രീകൾക്ക് അവരുടെ വിവാഹ മൂല്യങ്ങൾ മന:സംതൃപ്തിയോടുകൂടി നിങ്ങൾ നൽകുക. ഇനി അതിൽ നിന്ന് (മഹ്റിൽ നിന്ന്) വല്ലതും മനസ്സോടു കൂടി അവർ വിട്ടുതരുന്ന പക്ഷം നിങ്ങളത് സന്തോഷപൂർവ്വം സുഖമായി ഭക്ഷിച്ചു കൊള്ളുക". (സൂറ നിസാഅ് 4)**

## 3. സാക്ഷികൾ

വിവാഹം സാധുവായിരിക്കേണ്ടതിന് അനിവാര്യമായ മറ്റൊരു ഘടകമാണ് സാക്ഷികളുടെ മുന്നിൽവെച്ച് ആയിരിക്കുക എന്നത്. കാരണം വിവാഹത്തിന്റെ തൊട്ട്മുമ്പ് വരെ അന്യരായി കഴിഞ്ഞിരുന്ന ഒരു സ്ത്രീയും പുരുഷനും ഒരുമിച്ച് ഒരിടത്ത് കാണുമ്പോൾ സ്വാഭാവികമായും തെറ്റിദ്ധാരണകൾക്ക് കാരണമാകും. അതു കൊണ്ടാണ് വിവാഹം കഴിവതും പരസ്യപ്പെടുത്തണമെന്ന് ഇസ്‌ലാം നിബന്ധന വെച്ചത്.

أعلنوا النكاح (أحمد، ابن حبان، حاكم حسنه الألباني في صحيح الجامع الصغير رقم: ١٠٧٢)

**"നിങ്ങൾ വിവാഹം പരസ്യപ്പെടുത്തുക." (അഹ്മദ്, ഇബ്നു ഹിബ്ബാൻ, ഹാകിം. അൽബാനിയുടെ സ്വഹീഹുൽ ജാമിഅ് (ഹസൻ) 1072) മറ്റൊരു നബി വചനം ഇങ്ങിനെയും കാണാം:**

لا نكاح إلا بولّي وشاهدين (طبراني، صحيح الجامع للألباني رقم: ٧٥٥٧، ٧٥٥٨

**"വലിയ്യും രണ്ട് സാക്ഷികളും കൂടാതെ വിവാഹം സാധ്യമാവുകയില്ല." (ത്വബ്റാനി, അൽബാനിയുടെ സ്വഹീഹുൽ ജാമിഅ് 7557,7558)**

*************

# വിവാഹ കർമ്മം

വരനും വധുവും പരസ്പരം കാണുകയും തൃപ്തിപ്പെടുകയും ചെയ്തുകഴിഞ്ഞാൽ വധുവിന്റെ രക്ഷാകർത്താവിൽ നിന്ന് രണ്ടിൽകുറ യാത്ത സാക്ഷികളുടെ മുന്നിൽ വെച്ച് തനിക്ക് കഴിയാവുന്ന മഹ്റ് നൽകി വിവാഹ കർമ്മം നടത്താവുന്നതാണ്.

വലിയ്യ് എന്റെ മകൾ (അതല്ലെങ്കിൽ സഹോദരിയോ മറ്റോ ആണെ ങ്കിൽ ബന്ധം പറയുക) ഇന്നവളെ ഇന്ന മഹറ് പ്രകാരം താങ്കൾക്ക് ഞാൻ വിവാഹം ചെയ്തു തന്നു എന്ന് രണ്ടിൽ കുറയാത്ത സാക്ഷികളുടെ മുന്നിൽവെച്ച് പറയുകയും, വരൻ ഞാൻ സ്വീകരിച്ചു തൃപ്തിപ്പെട്ടു എന്നു പറയുകയും ചെയ്താൽ ഇസ്ലാമിലെ വിവാഹമായി..

വിവാഹ കർമ്മത്തിന് പണ്ഡിതരുടെ കാർമ്മികത്വമോ പള്ളി അധികാ രികളോ ഒന്നും അനിവാര്യ ഘടകമല്ല. നബി(ﷺ)യുടെ കാലത്ത് സ്വഹാബി കളുടെ വിവാഹം നടന്ന് കഴിഞ്ഞതിന് ശേഷമായിരുന്നു പലപ്പോഴും പ്രവാ ചകൻ(ﷺ) പോലും അറിഞ്ഞിരുന്നത്. എന്നാൽ നമ്മുടെ നാടിന്റെ അവ സ്ഥയും വൈവാഹിക കർമ്മത്തിലെ നിയമ സാധ്യതകളുമെല്ലാം പരിഗ ണിച്ച് മഹല്ല് അടിസ്ഥാനത്തിൽ സ്വീകരിച്ചുവരുന്ന റജിസ്റ്ററുകളിൽ രേഖപ്പെ ടുകയും പരിപാലിക്കുകയും ചെയ്യുന്നത് ഒരിക്കലും മതദൃഷ്ട്യാ തെറ്റാവു കയില്ല. എന്ന് മാത്രമല്ല, ഇന്നത്തെ സാഹചര്യത്തിൽ പല കാര്യങ്ങൾക്കും അത് ആവശ്യമാണ്താനും.

*************

## വിവാഹ ഖുത്വുബ

വിവാഹത്തോടനുബന്ധിച്ച് വധൂ വരൻമാർക്കായി വൈവാഹിക ജിവിതത്തേയും കുടുംബ ജീവിതത്തെയും സംബന്ധിച്ച ഉപദേശനിർദ്ദേശങ്ങൾ നൽകി ആരെങ്കിലും ഒരു ഉൽബോധനം നടത്തുന്നത് നന്നായിരിക്കും. ഇത് വിവാഹത്തിന്റെ അനിവാര്യ ഘടകമല്ലെങ്കിലും ജനങ്ങൾ ഒരുമിച്ചു കൂടുന്നിടങ്ങളിൽ ആവശ്യമായ ഉപദേശങ്ങൾ നൽകേണ്ടതുണ്ട് എന്ന നിലക്ക് പ്രവാചകൻ(ﷺ) 'ഖുതുബതുൽ ഹാജത്' എന്ന പേരിൽ ജനങ്ങളോട് നിർദ്ദേശിക്കുകയും അവരെ പഠിപ്പിക്കുകയും ചെയ്തിരുന്നു. ഹദീസു ഗ്രന്ഥങ്ങളിൽ അബൂദാവൂദിലും, തിർമുദിയിലും, ഇബ്നുമാജയിലും خطبة النكاح (നിക്കാഹിന്റെ ഖുത്വുബ) എന്നും സുനനു നസാഇയിൽ ما يستحب من الكلام عند النكاح (നിക്കാഹിന്റെ അവസരത്തിൽ അഭികാമ്യമായ സംസാരം) എന്നും അദ്ധ്യായങ്ങൾ തന്നെ കൊടുത്തിട്ടുണ്ട്. ഇത്തരത്തിലുള്ള ഒരു സമ്പ്രദായം പുരാതനമായി നടപ്പുള്ളതാണെന്നതാണ് മനസ്സിലാക്കുന്നത്. നബി(ﷺ)യും ഖദീജ(ﷺ)യും തമ്മിൽനടന്ന വിവാഹാവസരത്തിൽ അബൂത്വാലിബ് ഇത്തരത്തിലുള്ള ഒരു പ്രസംഗം നടത്തിയതായി ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാലിന്ന് നമ്മുടെ പല പ്രദേശങ്ങളിലും മറ്റു പല വിഷയങ്ങളിലെന്ന പോലെ അന്ധമായ അനുകരണവും ദുർവാശിയും കാരണം സമൂഹത്തിലെ മഹാഭൂരിഭാഗം ആളുകൾക്കും മനസ്സിലാകാത്ത നിലക്ക് അറബിഭാഷയിൽ കേവലം ഒരു ചടങ്ങ് എന്ന നിലയിൽ നടത്തിവരുന്നത് തീർത്തും ഒഴിവാക്കേണ്ടതാണ്. ഇസ്‌ലാമിനെ മറ്റുള്ളവരുടെ മുന്നിൽ പരിഹാസപ്പെടുത്താൻ മാത്രമല്ലാതെ അത് ഉപകരിക്കില്ല.

## ദമ്പതിമാർക്ക് വേണ്ടി പ്രാർത്ഥിക്കൽ

വിവാഹം നടക്കുന്ന അവസരത്തിൽ സന്നിഹിതരാകുന്നവർ ദമ്പതിമാർക്ക് അനുഗ്രഹത്തിനായി പ്രാർത്ഥിക്കൽ പ്രവാചകചര്യയാണ്. അതിനുള്ള വാചകങ്ങളും പ്രവാചകൻ (ﷺ)പഠിപ്പിച്ചിട്ടുണ്ട്.

بارك الله لك وبارك عليك وجمع بينكما في خير (صحيح أبي داود رقم: ٢١٣٠)

**''ബാറകല്ലാഹു ലക വബാറക അലൈക വജമഅ ബൈനകുമാ ഫീ ഖൈറ് (അല്ലാഹു നിന്നെ അനുഗ്രഹിക്കുകയും നിന്റെ മേൽ അനുഗ്രഹം ചൊരിയുകയും നന്മയിൽ നിങ്ങളെ രണ്ട് പേരേയും ഒരുമിച്ച് ചേർക്കുകയും ചെയ്യട്ടെ).'' (സ്വഹീഹ് അബൂദാവൂദ് 2130)**

ഇതിനോട് സാമ്യമുള്ള വേറേയും പ്രാർത്ഥനകൾ ഹദീസിൽ സ്ഥിരപ്പെട്ടിട്ടുണ്ട്. അലി(ﷺ) ഫാത്വിമ(ﷺ)യെ വിവാഹം ചെയ്ത ദിവസം നബി(ﷺ)അവർക്ക് വേണ്ടി ഇപ്രകാരം പ്രാർത്ഥിക്കുകയുണ്ടായി.

اللهم بارك فيهما وبارك لهما في بنائهما (ابن سعد 21 20/ 8 ، طبراني في الكبير ، وابن عساكير)

**‘‘അല്ലാഹു ഇവർ രണ്ടു പേരിലും അനുഗ്രഹം ചൊരിയട്ടെ, ഇവർ രണ്ട് പേർക്കും ഇവരുടെ ദാമ്പത്യത്തിൽ അല്ലാഹു അനുഗ്രഹം ചൊരിയട്ടെ.’’ (ഇബ്നു സഅദ് 8/20,21. ത്വബ്റാനിയുടെ കബീർ, ഇബ്നുഅസാകീർ, അൽബാനിയുടെ ആദാബു സിഫാഫ് 174)**

പ്രവാചകൻ(ﷺ) എന്നെ വിവാഹം ചെയ്ത ദിവസം അൻസാരി സ്ത്രീകൾ താഴെ പറയുന്ന പ്രാർത്ഥന പ്രാർത്ഥിച്ചിരുന്നു; എന്ന് ആയിശ(ﷺ) പറയുമായിരുന്നു:

على الخير والبركة وعلى الخير الطائر (متفق عليه)

**‘‘നന്മയും അനുഗ്രഹവും ചൊരിയട്ടെ, ഭാഗ്യവതിയായിത്തീർന്നു.’’ (മുത്തഫഖുൻ അലൈഹി)**

ഇത്തരത്തിലുള്ള ഏത് പ്രാർത്ഥനയും വിവാഹാവസരത്തിൽ സാക്ഷികളാകുന്ന എല്ലാവരും സ്വന്തമായി പ്രാർത്ഥിക്കാനാണ് മാതൃക. എന്നാൽ അതിനുപകരം ഫാതിഹയും സൂറത്തുകളും പാരായണം ചെയ്ത് കൂട്ടമായി പ്രാർത്ഥിക്കുകയും അതിനായി ഒരു പണ്ഡിതന്റെ കാർമ്മികത്വം വേണമെന്ന രീതിയും അടിസ്ഥാനമില്ലാത്തതാണ്. പൗരോഹിത്യം മെനഞ്ഞുണ്ടാക്കിയ അനാചാരം മാത്രമാണത്.

*************

# വിവാഹവും ആഘോഷവും

വിവാഹ സുദിനം ഏതൊരാളുടെയും ജീവിതത്തിലെ അവിസ്മരണീയ ദിനങ്ങളിൽ പെട്ടതായിരിക്കും. കൊല്ലങ്ങളോളം മനസ്സിൽ കണക്കുകൂട്ടുകയും താലോലിക്കുകയും ചെയ്തിരുന്ന സ്വപ്നങ്ങൾക്കും സങ്കൽപ്പങ്ങളും ചിറക് മുളക്കുന്ന ദിവസമായിരിക്കും. അതുകൊണ്ട് തന്നെ ആ സുദിനം ആഹ്ലാദപ്രദമാക്കാൻ ഏതൊരാളും കൊതിക്കുക തന്നെ ചെയ്യും. ഇസ്‌ലാം ദഫ്ഫ് മുട്ടി പാട്ടുകൾ പാടി വിവാഹ സുദിനം സന്തോഷകരമാക്കാൻ അനുവാദം നൽകുന്നുണ്ട്. ''റുബയ്യിഅ ബിൻത്മുഅവ്വിദ് (ﷺ) പറയുന്നു: ഞാൻ വിവാഹിതയായ ദിവസം നബി(ﷺ) അവിടെ കടന്നു വന്നു; അന്നേരം ഏതാനും പെൺ കുട്ടികൾ ദഫ്ഫ് മുട്ടി ബദറിൽ കൊല്ലപ്പെട്ടവരെ പുകഴ്ത്തി പാട്ട് പാടുകയും ചെയ്തു. ഇടക്ക് 'വഫീനാ നബിയ്യുൻ യഅ്‌ലമു മാഫീ ഗദീ' (നാളത്തെ കാര്യങ്ങൾ അറിയുന്ന ഒരു പ്രവാചകൻ ഞങ്ങളിലുണ്ട്) എന്ന് പാടിയപ്പോൾ നിങ്ങൾ അത് പാടരുത്; അദൃശ്യം അല്ലാഹുവല്ലാതെ മറ്റാരും അറിയുകയില്ല എന്ന് പറഞ്ഞു തിരുത്തുകയും ചെയ്തു''. (ബുഖാരി, അഹ്മദ്, ബൈഹഖി, അൽബാനിയുടെ ആദാബുസിഫാഫ് 180)

ആയിഷ (ﷺ) ഒരു പെൺകുട്ടിയെ മണവാട്ടിയായി ഒരുക്കി വരന്റെ അടുത്തേക്ക് പുറപ്പെടുവിക്കുന്ന സമയം നബി(ﷺ) ചോദിച്ചു: ആയിഷാ നിങ്ങളുടെ കൂടെ കളിക്കാരൊന്നുമില്ലേ? അൻസാരികൾ അതിൽ വലിയ ആനന്ദം കാണുന്നവരാണ്. ഇത് ബുഖാരിയും ഹാകിമും ബൈഹകിയുമെല്ലാം രേഖപ്പെടുത്തിയിട്ടുണ്ട്. (അൽബാനിയുടെ ആദാബുസിഫാഫ്). മറ്റൊരു റിപ്പോർട്ടിൽ നിങ്ങളെന്താണ് അവളോടൊപ്പം ദഫ്ഫ് മുട്ടി പാടുന്ന കൂട്ടുകാരികളെയൊന്നും അയക്കുന്നില്ലേ? എന്ന് ചോദിച്ചതായും വന്നിട്ടുണ്ട്.

ആമിറുബ്നുസഅദ് (ﷺ) പറയുന്നു: ഞാൻ ഒരിക്കൽ ഖുറളതുബ്നുകഅബ്, അബൂമസ്ഊദ് (ﷺ) എന്നിവരുടെ അടുക്കൽ കടന്നു ചെന്നു. അന്നേരം അവിടെ പെൺകുട്ടികൾ ദഫ്ഫ് മുട്ടി പാട്ട് പാടുന്നുണ്ടായിരുന്നു. ഞാൻ ചോദിച്ചു: നിങ്ങൾ എന്താണ് ഇത് അംഗീകരിച്ചു കൊടുക്കുന്നത്, നിങ്ങൾ മുഹമ്മദ് നബി(ﷺ)യുടെ സ്വഹാബികളല്ലേ? അന്നേരം അവർ പറഞ്ഞു: വിവാഹാവസരത്തിൽ ഇതും (ദഫ്ഫ് മുട്ടി പാട്ടുകൾ പാടലും) മയ്യിത്തിന്റെ പേരിൽ സങ്കടപ്പെട്ട് കരയലും നബി(ﷺ) അനുവദിച്ച വിഷയങ്ങളാണ്.'' (ഹാകിം, ബൈഹഖി, നസാഇ) (ചരമ വിലാപമല്ല ഇവിടെ പറയപ്പെട്ട കരയൽ. അത് തീർത്തും നിഷിദ്ധമാണ്.)

فصل ما بين الحلال والحرام الصوت والدف في النكاح (رواه أحمد والترمذي والنسائي وابن ماجه ، صحيح الجامع : ٤٢٠٦)

“ഹലാലിനേയും ഹറാമിനേയും തമ്മിൽ വേർപ്പെടുത്തുന്നത് വിവാഹാവസരത്തിലെ ദഫ്ഫിന്റെ ശബ്ദമാണ്.” (അഹ്മദ്, തിർമിദി, ഇബ്നുമാജ, നസാഇ, സ്വഹീഹുൽ ജാമിഅ് 4206)

മുകളിൽ പറഞ്ഞ സംഭവങ്ങളുടെ മറവിൽ ഇന്ന് ചിലർ വിവാഹാവസരങ്ങളിൽ കാട്ടിക്കൂട്ടുന്ന പേക്കൂത്തുകൾക്ക് ന്യായീകരണം കണ്ടെത്താനാവുകയില്ല. വിവാഹ ദിവസമോ അതല്ലെങ്കിൽ വിവാഹത്തിന്റെ തലേദിവസമോ നടത്തുന്ന ഗാനമേളകൾ, വീഡിയോ റിക്കോർഡിംഗ് എന്നിവയൊന്നും വിശ്വാസികൾക്ക് അനുകരിക്കാവതല്ല. പണ്ടു കാലങ്ങളിൽ കല്ല്യാണ വീടുകളിൽ നടപ്പുണ്ടായിരുന്ന കൈകൊട്ടിപ്പാട്ടുകൾ പോലുള്ളത് മുകളിൽ പറഞ്ഞ ഹദീസുകളിലൂടെ പരിധിയിൽ ഉൾപ്പെടുമെന്നാണ് മനസ്സിലാക്കുന്നത്.

## ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

ഒരു വിശ്വാസിയുടെ ജീവിതത്തിലെ എല്ലാ അവസരങ്ങളിലും ഹലാലും ഹറാമും പാലിക്കുകയും തഖ്‌വ കൈകൊള്ളുകയും ചെയ്യൽ അനിവാര്യമാണ്. വിവാഹാവസരത്തിലല്ലാത്ത സന്ദർഭങ്ങളിൽ നിഷിദ്ധമായ കാര്യങ്ങൾ വിവാഹ സ്പെഷ്യലായി അനുവദിക്കപ്പെടുന്നതല്ല. അതു കൊണ്ട് തന്നെ താഴെ പറയുന്ന കാര്യങ്ങൾ ഗൗരവത്തോടെ കാണേണ്ടതാണ്.

### പുരുഷന്മാർ സ്വർണ്ണം ധരിക്കൽ

വിവാഹദിവസം കുടുംബക്കാരും സ്നേഹിതന്മാരും വധുവിന്റെ മാതാവും പുതുമാരന് സ്വർണ്ണമോതിരമോ മറ്റ് സ്വർണ്ണാഭരണമോ നൽകുന്ന സമ്പ്രദായം ഒഴിവാക്കേണ്ടതാണ്. വൈവാഹിക ജീവിതത്തിലേക്ക് പ്രവേശിക്കാൻ അല്ലാഹു അനുഗ്രഹിച്ചതിന് കൂടുതൽ അല്ലാഹുവുമായി അടുത്ത് അവൻ ഇഷ്ടപ്പെടുന്ന കാര്യങ്ങൾ പ്രവർത്തിച്ചു കൊണ്ട് അല്ലാഹുവിന് നന്ദി കാണിക്കുകയാണ് ചെയ്യേണ്ടത്. സ്വർണ്ണവും പട്ടും പുരുഷ വിഭാഗത്തിന് തന്നെ ചെറിയ കുട്ടികളോ വലിയവരോ എന്ന വ്യത്യാസമില്ലാതെ ഹറാമാണ്. സ്വർണ്ണത്തിന്റെ അളവിനേക്കാൾ അധികമായി മറ്റ് ലോഹങ്ങൾ ചേർത്തുകൊണ്ട് ഹറാമിൽ നിന്നും രക്ഷപ്പെടാൻ ചിലർ ശ്രമം നടത്താറുണ്ട്. അതും നിഷിദ്ധം തന്നെയാണ്.

من كان يؤمن بالله واليوم الآخر فلا يلبس حريرا ولا ذهبا (أحمد، حاكم، صحيح الجامع : ٦٥٠٩)

“അല്ലാഹുവിലും അന്ത്യ നാളിലും വിശ്വസിക്കുന്നവർ പട്ടും സ്വർണ്ണവും ധരിക്കാതിരിക്കട്ടെ”. (അഹ്മദ്, ഹാകിം, സ്വഹീഹുൽ ജാമിഅ് 6509. ചെറിയ ആൺക്കുട്ടികൾക്കും സ്വർണ്ണം അണിയിക്കൽ ഹറാം തന്നെയാണ്.)

ഇബ്നുഅബ്ബാസ് (ﷺ) പറയുന്നു:

أنّ رسول الله صلى الله عليه وسلم رأى خاتما في يد رجل فنزعه فطرعه وقال: يعمد أحدكم إلى جمرة من نار فيجعلها في يده؟ (مسلم ٦/ ١٤٩)

**"നബി(ﷺ) ഒരു പുരുഷന്റെ കയ്യിന്മേൽ ഒരു സ്വർണ്ണ മോതിരം കണ്ടു. അന്നേരം അത് ഊരിയെടുക്കുകയും വലിച്ചെറിയുകയും ചെയ്തു. ശേഷം നിങ്ങൾ ആരെങ്കിലും ഒരു തീക്കട്ട എടുത്ത് കൈകളിൽ അണിയുമോ? എന്ന് ചോദിക്കുകയും ചെയ്തു". (മുസ്‌ലിം 6/149)**

## സ്ത്രീകൾ പർദ്ദ ഒഴിവാക്കൽ

കല്ല്യാണാവസരങ്ങളിലും അല്ലാത്തപ്പോഴും അത് മണവാട്ടിയും അല്ലാത്തവരും മുൻകൈയ്യും മുഖവും ഒഴിച്ചുള്ള ഭാഗങ്ങൾ അന്യപുരുഷന്മാരുടെ മുന്നിൽ മറച്ചിരിക്കേണ്ടതാണ്. സാധരണ ഇസ്‌ലാമികമായി വസ്ത്രം ധരിക്കുന്ന ചിലർ കല്ല്യാണമല്ലെ എന്ന്കരുതി അത് അവഗണിക്കുന്നു. മറ്റുചിലർ മുല്ലപ്പൂവ് കൊണ്ട് തലമുടി ഭംഗിയാക്കി ഇസ്‌ലാമിക വസ്ത്രങ്ങൾ ഉപേക്ഷിക്കുന്നു. വേറൊരു കൂട്ടർ ഇന്ന് അവരുടെ (പെണ്ണിനെ ചമയിക്കുന്ന ആൺവീട്ടിൽ നിന്ന് വന്നവരുടെ) നിയമവും അവകാശവുമാണ് എന്ന് പറഞ്ഞ് എന്തും വകവെച്ചു കൊടുക്കുന്നു. ഇതെല്ലാം കുറ്റകരമാണ്.
നബി(ﷺ)പറയുന്നത് കാണുക:

صنفان من أهل النّار لم أرهما : رجال بأيدهم سياط كأذناب البقر يضربون بها النّاس ، ونساء كاسيات عاريات مائلات مميلات زؤوسهنّ كأسنمة البخت المائلة لا يدخلون الجنّة ولا يجدن ريحها وانّ ريحها ليوجد من مسيرة كذا وكذا (مسلم)

**"നരകാവകാശികളായ രണ്ട് വിഭാഗം, ഞാൻ അവരെ കണ്ടിട്ടില്ല; പശുക്കളുടെ വാല് പോലുള്ള ചാട്ടവാറും കയ്യിൽ പിടിച്ച് ജനങ്ങളെ മർദ്ദിച്ച് കൊണ്ടിരിക്കുന്ന ഒരു കൂട്ടം ആളുകളാണ് അവരിലൊന്ന്. മറ്റൊരു വിഭാഗം വസ്ത്രം ധരിച്ച നഗ്നരായ സ്ത്രീകളാണ്. ചാഞ്ഞും ചെരിഞ്ഞുമിരിക്കുന്ന, ഒട്ടകങ്ങളുടെ പൂഞ്ഞ പോലേയുള്ള തലകളായിരിക്കും അവർക്ക്. അവർ അന്യരിലേക്ക് ചാഞ്ഞും മറ്റുള്ളവരെ തങ്ങളിലേക്ക് വശീകരിച്ചും കൊണ്ടേയിരിക്കും. അവർ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതല്ല. സ്വർഗ്ഗത്തിന്റെ പരിമളം ആസ്വദിക്കുക പോലുമില്ല. എത്രയോ ദൂരത്തേക്ക് അടിച്ചു വീശുന്നതാണ് അതിന്റെ (സ്വർഗത്തിന്റെ) പരിമളം." (മുസ്‌ലിം)**

## കൃത്രിമ സൗന്ദര്യം പാടില്ല

ഒരു കാരണവാശാലും വിവാഹാവസരങ്ങളിലും നിഷിദ്ധ കാര്യങ്ങൾ പ്രവർത്തിക്കാൻ ഇസ്‌ലാം അനുവദിക്കുന്നില്ല. മുടിയിൽ കൃത്രിമ മുടി വെച്ചുകെട്ടി ചമയിക്കുക, നഖത്തിന്മേലും ചുണ്ടുകളിലുമെല്ലാം ചായങ്ങൾ ഉപയോഗിക്കുക എന്നിവയെല്ലാം നിഷിദ്ധമാണ്. രോഗം കാരണം മുടി കൊഴിഞ്ഞ ഒരു സ്ത്രീക്ക് കല്യാണ ദിവസം പോലും കൃത്രിമ മുടി വെക്കാൻ നബി(ﷺ) അനുവദിച്ചിട്ടില്ല. അദ്ദേഹം പറഞ്ഞത് 'കൃത്രിമ മുടി വെക്കുന്നവളേയും വെച്ചു കൊടുക്കുന്നവളേയും അല്ലാഹു ശപിക്കട്ടെ' എന്നാണ്. (മുഖ്തസറു മുസ്‌ലിം 1383)

## നമസ്കാരം ഉപേക്ഷിക്കുന്നു

വിവാഹാവസരങ്ങളിൽ സ്ത്രീകളും പുരുഷന്മാരും നമസ്കാരത്തിന്റെ വിഷയം മറക്കുകയോ നിസ്സാരമായി എടുക്കുകയോ ചെയ്യുന്നു. കല്ല്യാണ വീട്ടുകാർ എല്ലാ കാര്യങ്ങൾക്കും സൗകര്യങ്ങൾ ഏർപ്പെടുത്തുമ്പോൾ പള്ളികൾ അടുത്ത് ഇല്ലെങ്കിൽ നമസ്കരിക്കാനുള്ള സൗകര്യം ഏർപ്പെടുത്താൻ ശ്രദ്ധിക്കാറുമില്ല. സൗകര്യം ഏർപ്പെടുത്തിയിട്ടില്ലെന്ന കാരണം പറഞ്ഞ് ഒരാൾക്കും രക്ഷപ്പെടാനാകില്ല. വേറെ ചിലർ പിന്നീട് ഖളാഅ് വീട്ടി നമസ്കരിക്കാം എന്ന ധാരണയിൽ സമാധാനിക്കുന്നു. ആ രീതിയും ഇസ്‌ലാമികമല്ല എന്ന് ഓർമ്മപ്പെടുത്തുന്നു. അല്ലാഹു പറയുന്നു:

{إِنَّ الصَّلَاةَ كَانَتْ عَلَى الْمُؤْمِنِينَ كِتَابًا مَّوْقُوتًا} سورة النساء: ١٠٣

**"നിശ്ചയം നമസ്കാരം സത്യ വിശ്വാസികളുടെ മേൽ സമയ ബന്ധിതമായ നിർബന്ധ കർമ്മമാണ്". (സൂറ നിസാഅ് 103)**

## പുരുഷൻ താടി വടിക്കുന്നു

നബി(ﷺ) വളരെയേറെ പ്രാധാന്യത്തോടെ പറഞ്ഞ താടി വളർത്തുക എന്നത് അധികമാളുകളും ശ്രദ്ധിക്കാറില്ല. ശ്രദ്ധിക്കുന്നവരിൽ ചിലർ വിവാഹദിവസം അത് ഒഴിവാക്കി ക്ലീൻ ഷേവ് ചെയ്യുന്ന രീതിയും തീരെ പാടില്ലാത്തതാണ്.

## അന്യമതാചാരങ്ങൾ കടമെടുക്കുന്നു

വിവാഹത്തോടനുബന്ധിച്ച് പരസ്യമായി പന്തലിൽ വെച്ച് താലികെട്ടും അതിനായി പ്രത്യേകം വേദികൾ തയ്യാറാക്കുന്നതും പാടില്ലാത്തതാണ്.

من تشبه بقوم فهو منهم (أحمد، طبراني، صحيح الجامع للألباني: ٢٨٣١)

**"നിങ്ങൾ മറ്റുള്ളവരുടെ ആചാരങ്ങളോട് സദൃശ്യമായാൽ നിങ്ങളും അവരെപ്പോലെയായി." എന്ന നബി വചനം നാം സഗൗരവം ശ്രദ്ധിക്കേണ്ടതാണ്. (അഹ്മദ്, ത്വബ്റാനി, സ്വഹീഹുൽ ജാമിഅ് 2831)**

## പുണ്യമെന്ന് കരുതുന്ന പലതും പുണ്യമല്ല

നിക്കാഹിന്റെ അവസരത്തിൽ വരനും വധുവിന്റെ പിതാവും വുളു ഉണ്ടാക്കണമെന്ന് പലരും ധരിച്ചു വെച്ചിരിക്കുന്നതായി കാണുന്നു. അതടിസ്ഥാനത്തിൽ നിക്കാഹിന്റെ സമയമായാൽ വുളു എടുക്കാൻ തിരക്ക് കൂട്ടുകയും ചെയ്യുന്നു. ഇതിൽ യാതൊരു വിധ സുന്നത്തോ പുണ്യമോ ഇല്ല. അതു പോലെ തന്നെയാണ് നിക്കാഹിന്റെ സമയത്ത് തല മറക്കുന്നതിന്റെ വിധിയും. ഒരാൾ എല്ലാ സമയങ്ങളിലും അയാൾ ഇഷ്ടപ്പെട്ടതായ വേഷം എന്ന നിലക്ക് തല മറക്കുന്ന വ്യക്തിയാണെങ്കിൽ വിരോധമില്ല. അതല്ലാതെ മതത്തിന്റെ നിർദ്ദേശം എന്ന നിലക്ക് തല മറക്കാൻ കൽപ്പിക്കുകയോ പ്രോത്സാഹിപ്പിക്കുകയോ പുണ്യകരമാണെന്ന് എടുത്ത് പറയുകയോ ചെയ്ത ഒരവസരവും ഇല്ല; എന്നതാണ് സത്യം. വരൻ വധുവീട്ടിലേക്ക് പുറപ്പെടുന്ന അവസരത്തിൽ പ്രത്യേകമായ നിലക്ക് കൂട്ടുപ്രാർത്ഥന നടത്തുന്നരീതിയും മാതൃകയില്ലാത്തതാണ്. വീട്ടിൽനിന്നും പുറത്തിറങ്ങുന്ന സമയത്ത് പ്രാർത്ഥിക്കാൻ പറഞ്ഞതായ ഏതെങ്കിലും പ്രാർത്ഥന ഉരുവിട്ട് പുറപ്പെടുക എന്നത് മാത്രമാണ് ചെയ്യാനുള്ളത്. വീട്ടിൽനിന്ന് പുറത്ത് പോകുമ്പോഴുള്ള ഒരു പ്രാർത്ഥന താഴെ കൊടുക്കുന്നു:

إذا خرج الرّجل من بيته فقام بسم الله توكّلت على الله لا حول ولا قوة الا بالله فيقال له : حسبك قد هديت وكفيت ووقيت فيتنحّى له الشيطانُ (نسائي، أبو داود صحيح الجامع للألباني ٤٩٩)

**"ഒരാൾ വീട്ടിൽ നിന്ന് പുറത്തിറങ്ങുമ്പോൾ ബിസ്മില്ലാഹി തവക്കൽതു അലല്ലാഹി ലാ ഹൗല വലാ ഖുവ്വത ഇല്ലാ ബില്ലാ (അല്ലാഹുവിന്റെ നാമത്തിൽ അല്ലാഹുവിൽ ഭാരമേൽപ്പിച്ച് കൊണ്ട് (പുറപ്പെടുന്നു) എല്ലാ കഴിവും ശക്തിയും അല്ലാഹുവിനെ കൊണ്ടല്ലാതെ ഇല്ല) എന്ന് പറഞ്ഞ് പുറപ്പെട്ടാൽ; നിനക്ക് അത് മതി, നീ നേർമാർഗ്ഗത്തിലാവുകയും, മതിയായവനാകുകയും, സുരക്ഷിതനാവുകയും ചെയ്തിരിക്കുന്നു എന്ന് പറയപ്പെടുകയും പിശാച് അവനിൽ നിന്ന് മാറിപ്പോവുകയും ചെയ്യും". (നസാഈ, അബൂദാവൂദ്, സ്വഹീഹ് ജാമിഅ് 499)**

*************

## വലീമത്ത് (വിവാഹ സദ്യ)

വിവാഹം എന്നത് ഒരാളുടെ ജീവിതത്തിലെ ഏറ്റവും സന്തോഷദായകമായ സന്ദർഭമായിരിക്കും എന്ന് പറയേണ്ടതില്ലല്ലോ. അതുകൊണ്ട് തന്റെ സന്തോഷത്തിൽ തന്റെ കുടുംബാംഗങ്ങളേയും കൂട്ടുകാരെയും പങ്കെടുപ്പിക്കലും, തങ്ങളുടെ പ്രിയപ്പെട്ടവരുടെ സന്തോഷത്തിൽ പങ്കെടുക്കാനുള്ള താൽപര്യവും മോഹവും മറ്റുള്ളവർക്കും ഉണ്ടാകലും സ്വാഭാവികമാണ്. എന്നാൽ ഇസ്‌ലാം അതിനെ അങ്ങേയറ്റം പ്രോത്സാഹിപ്പിക്കുകയും, ഒരുവേള വിവാഹത്തിനോടനുബന്ധിച്ച് ചെയ്യേണ്ടതായ പ്രധാനപ്പെട്ട ഒരു കാര്യമായി തന്നെ നിർദ്ദേശിക്കുന്നുമുണ്ട്.

അലി (ﷺ) നബി(ﷺ)യുടെ മകൾ ഫാത്വിമ (ﷺ) യെ വിവാഹം കഴിച്ച അവരസത്തിൽ അദ്ദേഹത്തോടായി ഇങ്ങനെ പറഞ്ഞു:

إنّه لا بد للعرس من وليمة (أحمد ٥/ ٣٥٩،طبراني ١/ ١١٢،صححه الألباني آداب الزفاف صفحة:١٤٤)

**“വിവാഹത്തോടനുബന്ധിച്ച് സദ്യ നൽകൽ നിർബന്ധമാണ്.” (അഹ്മദ് 5/359, ത്വബ്റാനി 11/112 അൽബാനി ആദാബുസ്സിഫാഫ് 144)**

അബ്ദുർറഹ്മാനു ബ്നുഔഫ് വിവാഹിതനായ വിവരം അറിഞ്ഞ പ്രവാചകൻ(ﷺ) അദ്ദേഹത്തോട് പറഞ്ഞു:

أولم ولو بشاة (البخاري)

**“ഒരാടിനെയെങ്കിലും (അറുത്ത്) സദ്യ നടത്തണം” (ബുഖാരി)**

നബി(ﷺ)യുടെ വിവാഹങ്ങളിലെല്ലാം വലീമത് നടത്തി മാതൃക കാണിക്കുകയും ചെയ്തു. നബി(ﷺ) സ്വഫിയ(ﷺ)യെ വിവാഹം ചെയ്തത് ഖൈബർ യുദ്ധം കഴിഞ്ഞുള്ള മടക്കയാത്രയിലായിരുന്നു. എന്നിട്ടും വലീമത് നീട്ടിവെക്കാതെ യാത്രാ വേളയിൽ തന്നെ അത് നൽകുകയുണ്ടായി. ഇതെല്ലാം വിവാഹത്തോടനുബന്ധിച്ച് വലീമത് നൽകേണ്ടതിന്റെ പ്രാധാന്യമാണ് വിളിച്ചറിയിക്കുന്നത്.

### എപ്പോൾ നൽകണം

വലീമത് എന്ന അറബി പദം വലമ് الولم ഒരുമിച്ച് കൂട്ടുക എന്ന പദത്തിൽ നിന്നുണ്ടായതാണ്. വിവാഹ ജീവിതത്തിലേക്ക് ഭാര്യയും ഭർത്താവും ഒരുമിച്ച് ചേരലാണ് ഇത് കൊണ്ട് ഉദ്ദേശിക്കുന്നത് (ഫിക്ഹുസ്സുന്ന 2/287). അതിനാൽ ദമ്പതിമാർ തമ്മിൽ ബന്ധപ്പെട്ടതിന് ശേഷമാണ് അത് നൽകാൻ ഏറ്റവും അനുയോജ്യമായ അവസരം. തന്നെയുമല്ല അപ്പോൾ മാത്രമെ ദമ്പതിമാർ രണ്ടുപേരുമായി പങ്കെടുക്കുന്ന ആളുകൾക്ക്

സന്തോഷം പ്രകടമാക്കാനും അവസരം ലഭിക്കുകയുള്ളൂ. നിക്കാഹിന്റെ സമയത്ത് നിക്കാഹിന് സാക്ഷികളാകുവാൻ ആവശ്യമായ ആളുകൾ കൂടുതൽ ഒരുമിച്ച് ചേരുന്ന അവസരങ്ങൾ കണ്ടെത്തുകയും, വലീമത്ത് ഭാര്യയുമായി ദാമ്പത്യത്തിൽ  ഏർപ്പെട്ടതിന് ശേഷം മറ്റൊരു ദിവസം നൽകുക എന്നതായിരിക്കും കൂടുതൽ ശരിയായ രീതി.

നബി(ﷺ) വിവാഹ സദ്യ നടത്തിയത് ഭാര്യയുമായി ദാമ്പത്യത്തിൽ ഏർപ്പെട്ടതിന് ശേഷമായിരുന്നു. അനസ് (ﷺ) പറയുന്ന ചില സംഭവങ്ങൾ കാണുക:

بنى رسول الله صلى الله عليه وسلم بامرأة فأرسلني فدعوت رجالا على الطعام (البخاري)

**"നബി(ﷺ) തന്റെ ഭാര്യയുമായി കൂടി താമസിച്ചതിന് ശേഷം എന്നെ ആളുകളെ ക്ഷണിക്കാൻ അയക്കുകയും ഞാൻ ജനങ്ങളെ ഭക്ഷണത്തിന് ക്ഷണിക്കുകയും ചെയ്തു". (ബുഖാരി)**

നബി(ﷺ) യുടെ ഒരു വിവാഹ ദിവസം വിവാഹം കഴിഞ്ഞ് അവരുമായി വീടു കൂടിയതിന് അടുത്ത ദിവസം എന്റെ മാതാവ് ഉമ്മുസുലൈം (ﷺ) നബി(ﷺ)ക്ക് വേണ്ടി കുറച്ച് അലീസ പോലുള്ള ഭക്ഷണമുണ്ടാക്കി കൊടുത്തയച്ചു. അത് കിട്ടിയപ്പൾ നബി(ﷺ) എന്നോടു പറഞ്ഞു: നീ ഇന്ന ഇന്ന ആളുകളെയൊക്കെ (ചിലരെ പേരെടുത്ത്പറഞ്ഞു) വിളിക്കുക. പിന്നെ കാണുന്നവരെയൊക്കെ വിളിക്കുക. അങ്ങിനെ മുന്നൂറിൽ പരം ആളുകൾ ആ സദ്യയിൽ പങ്കെടുക്കുകയുണ്ടായി. (മുഖ്തസറു മുസ്‌ലിം 574)

ما رأيت رسول الله صلى الله عليه وسلم أولم على امرأة من نسائه ما أولم على زينب فإنه ذبح شاة (قال

أطعمهم خبزا ولحما حتى تركوه) متفق عليه، وفي القوسين زيادة لمسلم وأحمد

**"നബി(ﷺ) സൈനബ (ﷺ)യുമായുള്ള വിവാഹത്തിന് വലീമത്ത് നടത്തിയത് പോലെ മറ്റൊരാളുടെതിനും നടത്തിയാതായി ഞാൻ കണ്ടിട്ടില്ല. അന്ന് അദ്ദേഹം ഒരാടിനെ അറുത്ത് സദ്യ നടത്തി (മുത്തഫഖുൻ അലൈഹി). മാംസവും റൊട്ടിയും ആളുകൾക്ക് മതിയാവോളം നൽകുകയുണ്ടായി". (മുസ്‌ലിം, അഹ്മദ്, ആദാബുസ്സിഫാഫ് 150)**

നബി(ﷺ) മറ്റൊരിക്കൽ വലീമത് നടത്തിയത് രണ്ട് മുദ്ദ് (ഒരാളുടെ രണ്ട് കൈകളും ചേർത്ത് ഒരുവാരലാണ് ഒരുമുദ്ദ്) ഗോതമ്പ് കൊണ്ടാണ് വലീമത് നടത്തിയത്.

أولم رسول الله صلى الله عليه وسلم على بعض نسائه بمدّين من شعير (البخاري)

**“നബി(ﷺ) തന്റെ ഭാര്യമാരിൽ ചിലർക്ക് രണ്ട് മുദ്ദ് (രണ്ട് വാരൽ) ഗോതമ്പ് കൊണ്ടായിരുന്നു വലീമത്ത് നടത്തിയത്.'' (ബുഖാരി)**

നബി(ﷺ) സ്വഫിയ്യ(ؓ)യെ വിവാഹം ചെയ്ത അവസരത്തിൽ വലീമത് നടത്തിയത് ഈത്തപ്പഴവും വെണ്ണയും പാൽകട്ടിയും നൽകിക്കൊണ്ടായിരുന്നു. (ബുഖാരി, മുസ്‌ലിം 4/147)

മേൽപറയപ്പെട്ട സംഭവങ്ങളിൽ നിന്നും ഒരോരുത്തരുടെയും കഴിവും സാഹചര്യവും അനുസരിച്ച് സദ്യയുടെ വിഭവങ്ങളും രീതിയും തെരെഞ്ഞെടുത്ത് നൽകാൻ സ്വാതന്ത്ര്യമുണ്ടായിരിക്കും എന്ന് മനസ്സിലാക്കാം. എന്നാൽ ഏത് അവസരത്തിലും മിതത്വം കൈകൊള്ളുക, ധൂർത്ത് ഒഴിവാക്കുക എന്നീ കാര്യങ്ങൾ ശ്രദ്ധിക്കൽ നിർബന്ധമാണ്.

## ആരെയാണ് ക്ഷണിക്കേണ്ടത് ?

വിവാഹത്തിന് ക്ഷണിക്കുമ്പോൾ സമ്പന്നരെ മാത്രം ക്ഷണിക്കുകയും പാവങ്ങളെ അവഗണിക്കുകയും ചെയ്യുന്നത് വളരെ മോശപ്പെട്ട രീതിയായിട്ടാണ് പ്രവാചകൻ(ﷺ)പഠിപ്പിക്കുന്നത്. അത്തരം സദ്യ ഏറ്റവും മോശപ്പെട്ട ഭക്ഷണമായും നബി(ﷺ) എടുത്ത് പറഞ്ഞിട്ടുണ്ട്.

شرّ الطعام طعام الوليمة، يدعى لها الأغنياء ويمنعها المساكين(مسلم)

**''ഭക്ഷണങ്ങളിൽ മോശമായ ഭക്ഷണം ധനികരെ ക്ഷണിക്കുകയും പാവങ്ങൾക്ക് നിഷേധിക്കുകയും ചെയ്യുന്ന വിവാഹ സദ്യയുടെ ഭക്ഷണമാണ്.'' (മുസ്‌ലിം)**

മറ്റൊരു റിപ്പോർട്ടിൽ ആവശ്യക്കാരെ ക്ഷണിക്കാതിരിക്കുകയും വരാൻ തയ്യാറില്ലാത്തവരെ ക്ഷണിക്കുകയും ചെയ്യുന്ന ഭക്ഷണമാണ് എന്നും കാണാം. സമൂഹത്തിൽ കഷ്ടതയനുഭവിക്കുകയും ഒരു നേരത്തെ ആഹാരത്തിന് പോലും പ്രയാസപ്പെടുകയും ചെയ്യുന്നവരെ ക്ഷണിക്കാതെ ധനികരെ മാത്രം പരിഗണിക്കുകയും ചെയ്യുന്ന സമ്പ്രദായം തീർത്തും ഒഴിവാക്കേണ്ടതാണ്.

## ക്ഷണം സ്വീകരിക്കൽ നിർബന്ധം

ഒരു മുസ്‌ലിമിന് മറ്റൊരു മുസ്‌ലിമിനോടുള്ള ബാധ്യതകളിൽ പെട്ടതാണ് ക്ഷണിച്ചാൽ ക്ഷണം സ്വീകരിക്കുക എന്നത്. എന്നാൽ വിവാഹത്തിന് ക്ഷണിച്ചാൽ അത് സ്വീകരിക്കൽ നിർബന്ധമാണെന്നാണ് നബി(ﷺ)യുടെ നിർദ്ദേശം.

إذا دعي أحدكم فليجب فإن كان صائما فليصل وإن كان مفطرا فليطعم (مختصر مسلم رقم: ٨٢٦)

**''നിങ്ങളിൽ ഒരാൾ ക്ഷണിക്കപ്പെട്ടാൽ അവൻ അത് സ്വീകരിക്കട്ടെ, അവൻ നോമ്പ്കാരനാണെങ്കിൽ അവൻ പങ്കെടുക്കുകയും അവർക്കുവേണ്ടി**

**പ്രാർത്ഥിക്കുകയും ചെയ്യട്ടെ, നോമ്പുകാരനല്ലെങ്കിൽ അവൻ ഭക്ഷണം കഴിക്കുകയും ചെയ്യട്ടെ.'' (മുഖ്തസറു മുസ്‌ലിം 526)**

മറ്റൊരു ഹദീസിൽ ക്ഷണം സ്വീകരിക്കാത്തവൻ അല്ലാഹുവിനോടും റസൂലിനോടും ധിക്കാരം പ്രവർത്തിച്ചവനാണെന്നും ഹദീസിൽ വന്നിട്ടുണ്ട്.

ومن لم يجب الدعوة فقد عصى الله ورسوله (مختصر مسلم

**''വല്ലവനും ക്ഷണം സ്വീകരിച്ചിട്ടില്ലെങ്കിൽ അവൻ അല്ലാഹിവിനോടും റസൂലിനോടും ധിക്കാരം പ്രവർത്തിച്ചവനാണ്.'' (മുഖ്തസറുമുസ്‌ലിം 527)**

വിവാഹത്തിന് ക്ഷണിക്കുമ്പോൾ ക്ഷണിക്കുന്നവന്റെ സന്തോഷത്തിൽ പങ്കുചേരുന്നതോടൊപ്പം വിവാഹം പരസ്യപ്പെടുത്തുക എന്ന കൽപ്പനകൂടി നിർവ്വഹിക്കപ്പെടുകയാണ്. അത് ക്ഷണം സ്വീകരിക്കുമ്പോൾ മാത്രമേ നിർവഹിക്കപ്പെടുകയുള്ളൂ. അതിനായിരിക്കാം നോമ്പുള്ളവരാണെങ്കിൽ പോലും ക്ഷണം സ്വീകരിക്കണം എന്ന് പ്രവാചകൻ(ﷺ) കർശനമാക്കിയത്. നോമ്പുകാരന് ക്ഷണം സ്വീകരിച്ച് നോമ്പ് മുറിക്കാൻ പോലും ഇസ്‌ലാം സ്വാതന്ത്ര്യം നൽകുന്നുണ്ട്. കാരണം വിവാഹത്തിന്റെ തൊട്ട്മുമ്പ് വരെ അന്യരായി കഴിഞ്ഞിരുന്ന ഒരു സ്ത്രീയും പുരുഷനും ഒരുമിച്ച് ഒരിടത്ത് കാണുമ്പോൾ സ്വഭാവികമായും തെറ്റിദ്ധാരണകൾക്ക് കാരണമാകും. അതുകൊണ്ടാണ് വിവാഹം കഴിവതും പരസ്യപ്പെടുത്തണമെന്നും വിവാഹത്തിന് ക്ഷണിച്ചാൽ ക്ഷണം സ്വീകരിക്കൽ നിർബന്ധമാണെന്നും ഇസ്‌ലാം നിർദ്ദേശിച്ചതിലുള്ള ഔചിത്യം.

എന്നാൽ ഇസ്‌ലാം നിഷിദ്ധമാക്കിയ വിഭവങ്ങൾ വിളമ്പുന്നതോ ഇസ്‌ലാം അനുവദിച്ചതല്ലാത്തതും അനാചാരത്തിന്റെ പേരിൽ ഒരുക്കിയതുമായ സദ്യയിലേക്ക് ക്ഷണിച്ചാൽ അത് ഒരിക്കലും സ്വീകരിക്കേണ്ടതില്ല. നബി(ﷺ)പറയുന്നത് കാണുക:

من كان يؤمن بالله واليوم الآخرفلا يقعدنّ على مائدة يدار عليها بالخمر (أحمد، ارواء الغليل للألباني رقم :١٩٤٩)

**''അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുന്ന ഒരാൾ മദ്യം വിളമ്പുന്ന ഭക്ഷണത്തളികയിൽ പങ്കെടുക്കരുത്''.**

ക്ഷണം സ്വീകരിച്ചാൽ വിവാഹസദ്യയിൽ ദമ്പതിമാർക്ക് വേണ്ടി പ്രാർത്ഥിക്കേണ്ടതാണ്. അതിനുള്ള പദങ്ങൾ നബി(ﷺ)പഠിപ്പിച്ചു തന്നിട്ടുണ്ട്:

بارك الله لك وبارك عليك و جمع بينكما في خير (صحيح أبي داود رقم: ٢١٣٠)

**''ബാറക്കലലാഹു ലക വബാറക അലൈക്ക വജമഅ ബൈനകുമാ ഫീ ഖൈറ് (അല്ലാഹു നിന്നെ അനുഗ്രഹിക്കുകയും നിന്റെ മേൽ അനുഗ്രഹം**

ചൊരിയുകയും നന്മയിൽ നിങ്ങളെ രണ്ട് പേരേയും ഒരുമിച്ച് ചേർക്കുകയും ചെയ്യട്ടെ).'' (സ്വഹീഹ് അബൂദാവൂദ് 2130)

അതു പോലെ ക്ഷണം സ്വീകരിച്ചതിന് ശേഷം ഭക്ഷണം നൽകിയ ആതിഥേയർക്ക് വേണ്ടിയും നബി(ﷺ) പ്രാർത്ഥിക്കാറുണ്ടായിരുന്നു:

اللهمّ أطعم من أطعمني وأسْق منْ أسقاني (مسلم)

''അല്ലാഹുമ്മ അത്ഇം മൻ അത്അമനി വസ്ഖി മൻ അസ്ഖാനീ. (അല്ലാഹുവേ എന്നെ ഭക്ഷിപ്പിച്ചവന് നീ ഭക്ഷണം നൽകുകയും എന്നെ കുടിപ്പിച്ചവനെ നീ കുടിപ്പിക്കുകയും ചെയ്യേണമേ).'' (മുസ്‌ലിം)

ഈ പ്രാർത്ഥന വിവാഹത്തിന് ക്ഷണിച്ചവർക്കായി മാത്രമുള്ള പ്രാർത്ഥനയല്ല എന്നു കൂടി ഓർമ്മപ്പെടുത്തുന്നു. വിവാഹത്തിന് ക്ഷണിച്ചാൽ കുടുംബസമേതം തന്നെ പങ്കെടുക്കാവുന്നതാണ്. സ്വഹീഹുൽ ബുഖാരിയിൽ സ്ത്രീകളും കുട്ടികളും വിവാഹത്തിന് പങ്കെടുക്കൽ എന്ന ഒരു അധ്യായം തന്നെ കാണാം.

باب ذهاب النساء والصبيان الى العرس (صحيح البخاري)

''സ്ത്രീകളും കുട്ടികളും വിവാഹത്തിന് പോകൽ''

## അതിഥികളെ സ്ത്രീകൾക്കും സ്വീകരിക്കാം

വിവാഹസദ്യ വരനും വധുവും ഒരു പോലെ പങ്കാളിയാവേണ്ട അവസരമാണല്ലോ. അതുകൊണ്ട് തന്നെ അത്തരം സന്തോഷത്തിൽ സ്ത്രീ പങ്കാളിയാകുന്നതിനെയോ അതിഥികൾക്ക് ഭക്ഷണം വിളമ്പിക്കൊടുക്കുന്നതിനെയോ ഇസ്‌ലാം വിലക്കിയിട്ടില്ല. ഒരു മുസ്‌ലിംസ്ത്രീ നിർബന്ധമായും അന്യരുടെ മുമ്പിൽ മറക്കൽ നിർബന്ധമായ ഭാഗങ്ങൾ മറച്ച് കൊണ്ടായിരിക്കണം എന്നു മാത്രം. ശരീഅത്ത് നിശ്ചയിച്ച വസ്ത്രധാരണ രീതി സ്വീകരിച്ച് സ്ത്രീകൾ നബി(ﷺ)യുടെ കാലത്ത് അത്തരം മേഖലകളിൽ പ്രത്യക്ഷപ്പെട്ടിരുന്നത് പ്രവാചകൻ(ﷺ) വിലക്കിയിട്ടില്ല എന്ന് കാണാൻ കഴിയും.

عن سهل رضي الله عنه لما عرّس أبو أسيد الساعدي دعا النبي صلى الله عليه وسلم وأصحابه ، فلما صنع لهم طعاما ، ولا قدمه اليهم الاّ امرأة أم أسيد ،بلّت تمرات في تور من حجارة من الليل فلما فرغ النبي صلى الله عليه وسلم من الطعام أماثته له فسقته تتحفه بذلك (البخاري ٩/ ٢٠٠، مسلم ٦/ ١٠٣، آداب الزفاف للألباني صفحة: ١٧٨)

''സഹ്ൽ (رضي الله عنه) നിന്ന് നിവേദനം; അബൂഉസൈദുസ്സായിദി (رضي الله عنه) തന്റെ ദാമ്പത്യത്തിലേർപ്പെട്ട് കഴിഞ്ഞപ്പോൾ നബി(ﷺ)യെയും സ്വഹാബികളെയും (തന്റെ വീട്ടിലേക്ക്) ക്ഷണിച്ചു. അന്നേരം അവർക്ക് ഭക്ഷണം ഉണ്ടാ

**ക്കിയതും അത് അവർക്ക് വിളമ്പിക്കൊടുത്തതുമെല്ലാം അദ്ദേഹത്തിന്റെ ഭാര്യ ഉമ്മുസഅദ് (ﷺ) ആയിരുന്നു. അവർ കല്ല് കൊണ്ടുള്ള പാത്രത്തിൽ ഈത്തപ്പഴം നനച്ച് വെച്ചിരുന്നു. നബി(ﷺ) ഭക്ഷണം കഴിച്ച് വിരമിച്ചപ്പോൾ ഉമ്മുസഅദ് (ﷺ) അവരുടെ മൂന്ന്വിരലുകൾ കൊണ്ട് നബി(ﷺ)ക്ക് അത് എടുത്തു കൊടുക്കുകയും അതോടൊപ്പം കുടിക്കാൻ ഒഴിച്ച് കൊടുക്കുകയും ചെയ്തിരുന്നു. അങ്ങിനെ അവർ നബി(ﷺ) യെ പ്രത്യേകമായി പരിഗണിക്കുകയും ചെയ്തിരുന്നു.'' (ബുഖാരി 9/200, മുസ്ലിം 6/103, അൽബാനി ആദാബുസ്സിഫാഫ് 178)**

ഈ ഹദീസിനെ വിശദീകരിച്ചു കൊണ്ട് ഇബ്നുഹജറുൽ അസ്ഖലാനി ബുഖാരിയുടെ ശറഹായ ഫത്ഹുൽ ബാരിയിലും, ഇമാം നവവി ശറഹ് മുസ്ലിമിലും സ്ത്രീ അതിഥികൾക്ക് സേവനം ചെയ്യൽ അനുവദനീയമാണ് എന്നും അതിഥികളിൽ ചിലരെ പ്രത്യേകം പരിഗണിക്കാവുന്നതാണ് എന്നും രേഖപ്പെടുത്തിയതായി കാണാം.

## പാല് കൊടുക്കൽ

വിവാഹ ദിവസങ്ങളിൽ നമ്മുടെ നാടുകളിൽ നടപ്പുള്ള അമ്മായി (വധുവിന്റെ മാതാവ്) വരന് പാൽ കൊടുക്കാറുള്ളത് പോലുള്ള ഒരു സമ്പ്രദായം നമുക്ക് ഹദീസുകളിൽ കാണാൻ കഴിയും. ഒരു പക്ഷെ അതിനെ അനുകരിച്ച് തുടങ്ങുകയും പിന്നീട് പ്രചരിക്കപ്പെട്ടിട്ടുള്ളത് പോലെ അതും ഒരു ചടങ്ങും പരസ്പരം ദുരഭിമാനം നടിക്കാനുള്ള ഒരവസരമായി പരിണമിച്ചതുമാകാം. ഇന്ന് പാൽ കുടിക്കാൻ കൊടുക്കുമ്പോൾ വലിയ ഒരു സംഖ്യയോ സ്വർണ്ണമോ അതിന് പകരം നൽകണം എന്നെല്ലാമുള്ള ആചാരങ്ങളാണ് ഇതിന്റെ പിന്നിൽ. എന്നാൽ അതിന് ഒരിക്കലും ഇസ്ലാം പഴുത് നൽകുന്നില്ല. അത്തരം ഒരു ലാഭക്കച്ചവടമായി അതിനെ പഠിപ്പിച്ചിട്ടുമില്ല. വധൂവരൻമാർ തമ്മിൽ ഒരുമിക്കുമ്പോൾ എന്തെങ്കിലും മധുരപാനിയമോ പാലോ പരസ്പരം കുടിക്കുക, കൂടെയുള്ളവർക്ക് കൂടി അതിൽ പങ്ക്ചേരാൻ അവസരം ഉണ്ടാക്കുക എന്നതിന് നമുക്ക് ഹദീസിൽ മാതൃക കാണാൻ കഴിയും:

അസ്മാഅ് ബിൻത്യസീദ് (ﷺ) പറയുന്ന ഒരു സംഭവം കാണുക:

إنّي قيّنت عائشة لرسول الله صلى الله عليه وسلم ثم جئته فدعوته لجولتها فجاء فجلس إلى جنبها ، فأتي بعس لبن فشرب ثم ناولها النبي صلى الله عليه وسلم فخفضت رأسها واستحيت قالت أسماء: فانتهرتها وقلت لها ، خذي من يد النبي صلى الله عليه وسلم قالت فأخذت فشربت شيأ، ثم قال لها النبي صلى الله عليه وسلم أعطي طربك قالت أسماء: فقلت يا رسول الله! بل خذ فاشرب منه ثم ناولنيه من يدك، فأخذه فشرب منه ثم ناولنيه قالت فجلست ثم وضعته على ركبتي

ثم طفقت أديره وأتبعه بشفتي لأصيب منه شرب النبي صلى الله عليه وسلم ثم قال لنسوة عندي: ناوليهن، فقلن لا نشتهيه! فقال صلى الله عليه وسلم لا تجمعن جوعا وكذبا (أحمد ٦/ ٤٨٣، طبراني، ابن أبي الدنيا، ألباني في آداب الزفاف: ٩٢)

''ഞാൻ ആയിഷ(ﷺ)യെ നബി(ﷺ)ക്ക് വേണ്ടി അണിയിച്ച് ഒരുക്കി. ശേഷം നബി(ﷺ)യുടെ അടുത്ത് ചെന്ന്, അദ്ദേഹത്തെ അവളെ കാണാൻ വിളിച്ചു. അദ്ദേഹം വരികയും അവളുടെ അടുത്തായി ഇരിക്കുകയും ചെയ്തു. അന്നേരം ഒരു പാത്രം പാൽ കൊണ്ടു വരികയും നബി(ﷺ) അതിൽനിന്ന് കുടിച്ച ശേഷം അവളുടെ ആയിഷ(ﷺ)യുടെ നേരെ നീട്ടി; അപ്പോൾ അവൾ ലജ്ജിച്ച് തലതാഴ്ത്തി. അന്നേരം ഞാൻ അവളോട് ഗൗരവമായി പറഞ്ഞു: നബി(ﷺ) യുടെ കൈയ്യിൽനിന്ന് അത് വാങ്ങൂ. അപ്പോൾ അവൾ അത് വാങ്ങി അൽപം കുടിച്ചു. അന്നേരം നബി(ﷺ)പറഞ്ഞു: ഇനി അത് നിന്റെ കൂട്ടുകാരിക്ക് കൊടുത്തേക്ക്. അസ്മാഅ് (ﷺ) പറഞ്ഞു: നബിയേ, നിങ്ങൾ അത് വാങ്ങി കുടിച്ച ശേഷം നിങ്ങളുടെ കൈ കൊണ്ട് എനിക്ക് തന്നേക്കൂ. നബി(ﷺ) അത് വാങ്ങി കുടിച്ച ശേഷം എനിക്ക് തന്നു. ഞാൻ അത് വാങ്ങി എന്റെ കാലിന്റെ മുട്ടിന്മേൽ വെച്ച് തിരിച്ച് നബി(ﷺ) കുടിച്ച ഭാഗത്ത് തന്നെ ചുണ്ട്വെച്ച് കുടിച്ചു. പിന്നീട് എന്റെ അടുത്തുണ്ടായിരുന്ന സ്ത്രീകൾക്ക് കൂടി അത് കൊടുക്കാൻ പറഞ്ഞു. അവർ പറഞ്ഞു: ഞങ്ങൾക്കു വേണ്ട! അപ്പോൾ നബി(ﷺ) അവരോട് പറഞ്ഞു: വിശപ്പും പിന്നെ അതിന്റെ കൂടെ കളവും എന്തിനാണ് നിങ്ങൾ കൂട്ടിച്ചേർക്കുന്നത്''. (അഹ്മദ് 6/438, ത്വബ്റാനി, ഇബ്നു അബിദ്ദുൻയാ, അൽബാനി ആദാബുസ്സിഫാഫ്)

## ഇണയെ ആദ്യം കാണുമ്പോൾ

അവളുടെ തലയിൽ കൈവെച്ച് താഴെ പറയുംപ്രകാരം പ്രാർത്ഥിക്കുക:

بسم الله اللهمّ إنّي أسألك من خيرها وخير ما جبلْتها عليه وأعوذ بك من شرّها وشرّ ما جبلْتها عليه (البخاري، في كتاب آداب الزفاف للألباني ٩٣)

''ബിസ്മില്ലാഹി അല്ലാഹുമ്മ ഇന്നീ അസ്അലുക മിൻ ഖയ്രിഹാ വഖയ്രി മാ ജബൽതഹാ അലൈഹി. വ അഊദുബിക മിൻ ശർരിഹാ വ ശർരി മാ ജബൽതഹാ അലൈഹി. (അല്ലാഹുവേ ഇവളിലെ നന്മയും ഇവളെ സൃഷ്ടിച്ചതിലെ നന്മയും ഞാൻ നിന്നോട് ചോദിക്കുന്നു. അല്ലാഹുവേ ഇവളിലെ തിന്മയിൽ നിന്നും ഇവളെ നീ സൃഷ്ടിച്ചതിലെ തിന്മയിൽ നിന്നും ഞാൻ നിന്നോട് രക്ഷതേടുകയും ചെയ്യുന്നു.)'' (ബുഖാരി, അൽബാനിയുടെ ആദാബുസ്സഫാഫ് 93)

**മണിയറയിൽ നമസ്കാരം!**

അബൂഉസൈദിന്റെ അടിമയായി അബൂസഈദ് പറയുന്നു: ഞാൻ അടിമയായിരിക്കുന്ന അവസരത്തിലാണ് വിവാഹിതനായത്. വിവാഹം കഴിഞ്ഞ ശേഷം പ്രമുഖ സ്വഹാബികളായ ഇബ്നുമസ്ഊദ്, അബൂദർറ്, ഹുദൈഫ (ﷺ) എന്നിവർ ഉൾപ്പെടെയുള്ളവരെ എന്റെ വീട്ടിലേക്ക് ക്ഷണിച്ചു. അന്നേരം അവർ എന്നോട് ഇങ്ങനെ പറഞ്ഞു:

إذا دخل عليك أهلك فصلِّ ركعتين ثم سلِ الله من خير ما دخل عليك وتعوّد من شرّه ثمّ سأنك وشأنُ أهلكَ (مصنف ابن أبي شيبة، آداب الزفاف لألباني صحف: ٩٤)

**"നിന്റെ ഭാര്യ നിന്റെ അടുത്തേക്ക് കടന്നുവന്നാൽ നീ അവളെയും കൊണ്ട് രണ്ട് റക്അത്ത് നമസ്കരിക്കുകയും ശേഷം നിന്നിലേക്ക് വന്നവളിലെ നന്മയെ ചോദിച്ചും തിന്മയിൽ നിന്ന് രക്ഷ ചോദിച്ചും പ്രാർത്ഥിക്കുക, തുടർന്ന് നിന്റെയും നിന്റെ ഇണയുടെ കാര്യത്തിലും." (മുസന്നഫ് അബീശൈബ, അൽബാനിയുടെ ആദാബുസ്സഫാഫ് 94)**

അബ്ദുല്ലാഹിബ്നുമസ്ഊദ് (ﷺ) തന്റെയടുക്കൽ, വിവാഹിതനായ വിവരം പറഞ്ഞ് ഭാര്യയിൽ നിന്നും വെറുപ്പുണ്ടാക്കുന്ന കാര്യങ്ങൾ സംഭവിക്കാതിരിക്കട്ടെ എന്ന് പറഞ്ഞ ഒരു വ്യക്തിയോട് ഇപ്രകാരം പറഞ്ഞു കൊടുത്തു: ഇണക്കം അല്ലാഹുവിൽനിന്നും, വെറുപ്പ് പിശാചിൽ നിന്നുമാണ്. അല്ലാഹു നിങ്ങൾക്ക് അനുവദിച്ചു തന്നതിൽ നിങ്ങൾക്ക് വെറുപ്പ് ഉണ്ടാക്കാനാണ് പിശാച് ശ്രമിക്കുക. അതിനാൽ നിന്റെ ഇണ നിന്റെ അടുക്കൽ വന്നാൽ നീ അവളോട് നിന്റെ പിന്നിലായി നിന്ന് രണ്ട് റക്അത്ത് നമസ്കരിക്കാൻ പറയുകയും ശേഷം ഇങ്ങിനെ പ്രാർത്ഥിക്കുകയും ചെയ്യുക:

اللهمّ بارك لي في أهلي وبارك لهم فيّ ، اللهمّ اجمع بيننا ما جمعت بخيرٍ وفرّق بيننا إذا فرّقت إلى خير (مصنف عبد الرزاق، الطبراني في الأوسط ،آداب الزفاف للألباني صحف ٩٦)

**"അല്ലാഹുമ്മ ബാരിക് ലീ ഫീ അഹ്ലി, വബാരിക് ലഹും ഫീയ്യ, അല്ലാഹുമ്മ ജ്മഅ് ബയ്നനാ മാ ജമഅ്ത ബി ഖയ്രിൻ വഫർരിഖ് ബയ്നനാ ഇദാ ഫറഖ്ത ഇലാ ഖയ്ർ. (അല്ലാഹുവേ എനിക്ക് എന്റെ ഇണയിലൂടെ നീ അനുഗ്രഹം ചൊരിയേണമേ, എന്നിലൂടെ അവൾക്കും, അല്ലാഹുവേ ഞങ്ങളെ നീ ഒരുമിച്ച് ചേർത്താൽ നീ നന്മയിൽ ഒരുമിച്ച് കൂട്ടുകയും, നീ ഞങ്ങളെ വേർപിരിക്കുമ്പോൾ നന്മയിലേക്ക് ഞങ്ങളെ നീ വേർപിരിക്കുകയും ചെയ്യണമേ)." (മുസ്വന്നഫ് അബ്ദുറസ്സാഖ്, ത്വബ്റാനിയുടെ ഔസത്ത്, അൽബാനിയുടെ ആദാബുസ്സഫാഫ് 96)**

സൽമാനുൽ ഹാരിസി (ﷺ) വിവാഹിതനായതിനെ സംബന്ധിച്ച് അബ്ദുൽറസാഖ് (ﷺ) തന്റെ മുസ്വന്നഫിൽ ദുർബലമായ സനദനോട് കൂടി ഉദ്ദരിക്കുന്ന സംഭവം ശ്രദ്ധേയമാണ്, (ദുർബലമായതാണെങ്കിലും നമ്മുടെ സമൂഹത്തിൽ വേണ്ടത്ര അറിവോ ശീലമോ ഇല്ലാത്ത ഈ നബിചര്യയെ

ശക്തിപ്പെടുത്താൻ സഹായകമാകും എന്നതുകൊണ്ട് ഇവിടെ ചേർക്കുക യാണ്. സുന്നത്താണ് എന്നതിന് ആദ്യം പറഞ്ഞ രണ്ട് റിപ്പോർട്ടുകൾ തന്നെ മതിയായതുമാണ്. സൽമാനുൽ ഫാരിസി (ﷺ) വിവാഹിതനായ ദിവസം തന്റെ ഇണയുടെ തലയിൽ കൈവെച്ച് പ്രാർത്ഥിച്ച ശേഷം അവ ളുടെ അടുത്ത് ഇരുന്ന് പറഞ്ഞ വാക്കുകൾ താഴെ ചേർക്കുന്നു.

هل أنت مطيعتي رحمك الله ؟ قالت: قد جلست مجلس من يطاع، قال إنّ رسول الله صلى الله عليه وسلم قال لي: إن تزوجت يوما فليكن أول ما تلتقيان عليه على طاعة الله . فقومي فلنصل ركعتين فما سمعتني أدعو فأمّني، فصليا وأمّنت فبات عندها ..... (المصنف عبدالرزاق ٦/ ١٩٢)

“അല്ലാഹു നിന്നെ അനുഗ്രഹിക്കട്ടെ, നീ എന്നെ അനുസരിക്കുക യില്ലേ? അവൾ പറഞ്ഞു: അനുസരിക്കപ്പെടുന്ന ഒരു സ്ഥാനത്താണ് താങ്ക ൾ ഇരിക്കുന്നത്. അന്നേരം അദ്ദേഹം പറഞ്ഞു: എന്നോട് നബി(ﷺ) ഇപ്ര കാരം പറഞ്ഞിട്ടുണ്ട്. നീ വിവാഹം കഴിക്കുന്ന ദിവസം നിങ്ങൾ തമ്മിൽ ആദ്യം നിർവ്വഹിക്കുന്നത് അല്ലാഹുവിന് കീഴ്പെടലായിരിക്കണം. അതി നാൽ ഒരുങ്ങൂ. നമുക്ക് രണ്ട് റക്അത്ത് നമസ്കരിക്കാം. ഞാൻ പ്രാർത്ഥിക്കുമ്പോൾ നീ കേൾക്കുന്നത് ആമീൻ പറയുകയും ചെയ്യുക. അങ്ങിനെ അവർ രണ്ട് റക്അത്ത് നമസ്കരിച്ചതിന് ശേഷം അദ്ദേഹം അവ ളുടെ അടുക്കൽ കഴിഞ്ഞു കൂടി...” (മുസന്നഫ് അബ്ദുറസ്സാഖ് 6/192)

*******

# സംതൃപ്ത ജീവിതം

വിവാഹം ദമ്പതിമാരിൽ ഒരു പുതിയ ജിവിതത്തിനു തുടക്കം കുറിക്കുകയാണ്. അതുകൊണ്ട് തന്നെ അത് കേവലം ലൈംഗീക സുഖം ആസ്വദിക്കാനാണ് എന്നചിന്ത ഒന്നാമതായി നാം മാറ്റേണ്ടതാണ്. ലൈംഗീക സുഖാസ്വാദനത്തിന് ഇസ്‌ലാം അനുവദിക്കുന്ന മാർഗ്ഗം വിവാഹമാണ് എന്നത് വിസ്മരിച്ച് കൊണ്ടല്ല ഇത് എഴുതുന്നത്. മറിച്ച് ഒരാൾ പരിപൂർണ്ണമായ വിശ്വാസിയാകുന്നതും വൈവാഹിക ജീവിതത്തിലൂടെയാണ് എന്ന് പഠിപ്പിക്കുന്നുണ്ട്. അതുകൊണ്ട് തന്നെ ദമ്പതിമാർ മനസ്സിലാക്കൽ അനിവാര്യമായ ഒരുപാടു വിഷയങ്ങളിലേക്ക് ഇസ്‌ലാം മനുഷ്യന്റെ ശ്രദ്ധ ക്ഷണിക്കുന്നുണ്ട്. അത് പിന്തുടരുക എന്നതും സംതൃപ്തമായ ലൈംഗീകാസ്വാദനത്തിനും സമാധാനപൂർണ്ണമായ കുടുംബ ജീവിതത്തിനും കൂടി അനിവാര്യമാണ്. നബി(ﷺ) പറയുന്നത് കാണുക:

من تزوج فقد استكمل نصف الإيمان فليتق الله في النصف الباقي (طبراني في الأوسط، حسنه الألباني رقم ٦١٤٨ في الصحيح الجامع، و٦٢٥ في الصحيحة)

**"വല്ലവനും വിവാഹിതാനായാൽ അവൻ വിശ്വാസത്തിന്റെ പകുതി പൂർത്തീകരിച്ചവനായി; ബാക്കിയുള്ള പകുതി പൂർത്തിയാക്കാൻ അവൻ അല്ലാഹുവിനെ സൂക്ഷിച്ച് ജീവിക്കട്ടെ". (ത്വബ്റാനിയുടെ ഔസത്വ്, അൽബാനിയുടെ സ്വഹീഹുൽ ജാമിഅ് (ഹസൻ) 6148, സിൽസിലത്തു സ്വഹീഹ 625)**

മറ്റൊരു ഹദീസിൽ മതത്തിന്റെ അർദ്ധഭാഗം നേടിക്കഴിഞ്ഞു എന്നും കാണാം.

إذا تزوج العبد فقد استكمل نصف الديد فليتق الله في النصف الباقي (بيهقي في شعب الإيمان حسنه الألباني في الصحيح الجامع رقم: ٤٣٠)

**"ഒരു ദാസൻ വിവാഹിതനായാൽ അവൻ മതത്തിന്റെ പകുതി പൂർത്തിയാക്കി; ബാക്കിയുള്ള പകുതി പൂർത്തിയാക്കാൻ അവൻ അല്ലാഹുവിനെ സൂക്ഷിക്കട്ടെ. (ബൈഹഖിയുടെ ശുഅബുൽ ഈമാൻ, അൽബാനിയുടെ സ്വഹീഹുൽ ജാമിഅ് (ഹസൻ) 430)**

മുകളിൽ പറഞ്ഞ രണ്ട് ഹദീസുകളിൽ വിവാഹത്തോടെ വിശ്വാസത്തിന്റെ പകുതി നേടിയെന്നും മതത്തിന്റെ പകുതി നേടിയെന്നും പറഞ്ഞത് നാം മനസ്സിലാക്കി എന്നത് കേവലം വിവാഹമെന്ന കർമ്മം കഴിയുന്നത്കൊണ്ടോ നമ്മുടെ നാട്ടിലെ രീതി അനുസരിച്ച് മഹല്ല് അടിസ്ഥാനത്തിൽ പരിപാലിക്കപ്പെടുന്ന റജിസ്റ്ററിൽ ഒപ്പുവെച്ചത് കൊണ്ടോ മാത്രം ലഭിക്കുന്നല്ല എന്നുറപ്പാണ്. അതു രണ്ടുപേരും തങ്ങളുടെ ബാധ്യതകളും കടമകളും നിർവ്വഹിച്ച് മുന്നോട്ട് പോകുമ്പോൾ മാത്രമേ ലഭ്യമാകുകയുള്ളൂ. അപ്പോൾ മാത്രമേ സംതൃപ്തമായ ലൈംഗിക സുഖവും സമാധാനപൂർവ്വമായ കുടുംബ ജീവിതവും ലഭിക്കുകയുള്ളൂ. അതുകൊണ്ട് തന്നെ

ഓരോരുത്തരുടേയും ബാധ്യതകളെന്തൊക്കെയാണെന്ന് നമുക്ക് പരിശോധിക്കാം.

*************

## നല്ല ഭർത്താവ്

ഒരു ഭർത്താവിന്റെ കടമകളും ബാധ്യതകളും മനസ്സിലാക്കാനുതകുന്ന വിശുദ്ധ വചനങ്ങൾ താഴെ ചേർക്കുന്നു. നല്ലത് മനസ്സിലാക്കുവാനുള്ള അടയാളമായി പ്രവാചകൻ(ﷺ) പറഞ്ഞത് നല്ല ഭർത്താവിനെ അന്വേഷിക്കുവാനാണ്. ഭാര്യക്ക് നല്ലവനായ ഭർത്താവാണ് നല്ല മനുഷ്യൻ.

خياركم خيركم لنسائهم (أحمد، ترمذي، ابن حبان، صحيح الجامع للألباني رقم: ٣٢٦٥)

**‘‘നിങ്ങളിൽ ഉത്തമൻ അവരിലെ സ്ത്രീകൾക്ക് നല്ലവനായ വ്യക്തിയാണ്’’. (അഹ്മദ്, തിർമിദി, ഇബ്നു ഹിബ്ബാൻ, സ്വഹീഹുൽ ജാമിഅ് 3265)**

خياركم خيركم لأهله (طبراني، صحيح الجامع: ٣٢٦٦)

**‘‘നിങ്ങളിൽ ഉത്തമർ തന്റെ ഭാര്യക്ക് നല്ലവനാണ്.’’ (ത്വബ്റാനി, സ്വഹീഹുൽ ജാമിഅ് 3265)**

## നരകത്തിൽ നിന്ന് രക്ഷപ്പെടുത്തുക

{ يَا أَيُّهَا الَّذِينَ آمَنُوا قُوا أَنفُسَكُمْ وَأَهْلِيكُمْ نَارًا وَقُودُهَا النَّاسُ وَالْحِجَارَةُ عَلَيْهَا مَلَائِكَةٌ غِلَاظٌ شِدَادٌ لَا يَعْصُونَ اللَّهَ مَا أَمَرَهُمْ وَيَفْعَلُونَ مَا يُؤْمَرُونَ} سورة التحريم: ٦

**‘‘സത്യവിശ്വാസികളെ നിങ്ങൾ നിങ്ങളെയും നിങ്ങളുടെ കുടുംബത്തെയും, മനുഷ്യരും കല്ലും കത്തിക്കപ്പെടുന്ന നരകത്തിൽ നിന്നും രക്ഷിക്കുക. അതിന്റെ മേൽനോട്ടത്തിനായി പരുഷസ്വഭാവമുള്ളവരും അതിശക്തരുമായ മലക്കുകളുണ്ടായിരിക്കും. അല്ലാഹു അവരോട് കൽപ്പിച്ച കാര്യത്തിൽ അവനോടവർ എതിര് പ്രവർത്തിക്കുകയില്ല. കൽപ്പിക്കപ്പെടുന്നത് പ്രവർത്തിക്കുകയും ചെയ്യും‘‘. (സൂറ: തഹ്രീം 6)**

كلكم راع وكلكم مسؤول عن رعيته (متفق عليه)

**‘‘നിങ്ങളെല്ലാവരും ഭരണകർത്താക്കളാണ്. നിങ്ങളുടെ ഭരണീയരുടെ കാര്യം നിങ്ങളോട് ചോദിക്കുന്നതായിരിക്കും’’. (മുത്തഫഖുൻ അലൈഹി)**

إنّ الله سائل كلّ راع عمااسترعاه أحَفِظ أم ضيّعه حتى يسأل الرجل عن أهل بيته (النسائي صحيح الجامع: ١٧٧٥)

**‘‘തീർച്ചയായും അല്ലാഹു എല്ലാ ഭരണകർത്താക്കളോടും തന്റെ കീഴിലുള്ളവരോടുള്ള ബാധ്യതകൾ കൃത്യമായി പാലിച്ചിട്ടുണ്ടോ അതോ പാഴാക്കുകയാണോ ചെയ്തത് എന്ന് ചോദിക്കുക തന്നെ ചെയ്യും. ഒരു മനുഷ്യനോട് തന്റെ കുടുംബത്തെ സംബന്ധിച്ച് വരെ ചോദിക്കുന്നതായിരിക്കും’’. (നസാഈ, സ്വഹീഹ് ജാമിഅ് 1775, സിൽസിലത്തുസ്വഹീഹ 1636)**

ഭാര്യമാരോട് നിങ്ങൾ നല്ല നിലക്ക് പെരുമാറണം എന്ന ഉപദേശം, നബി(ﷺ)യുടെ അന്തിമോപദേശങ്ങളിൽ അവസാനമായി പറഞ്ഞത് അതാണ് പോലും.!

الصلاة وما ملكت أيمانكم الصلاة وما ملكت أيمانكم (أحمد، نسائي،ابن ماجه،صحيح الجامع٣٠٧٣)

“നമസ്കാരവും നിങ്ങളുടെ വലംകൈ ഉടമപ്പെടുത്തിയവരുടെ (ഭാര്യമാരുടെ) കാര്യവും ശ്രദ്ധിക്കണം. നമസ്കാരവും നിങ്ങളുടെ വലംകൈ ഉടമപ്പെടുത്തിയവരുടെ (ഭാര്യമാരുടെ) കാര്യവും ശ്രദ്ധിക്കണം”. (അഹ്മദ്, നസാഈ, ഇബ്നുമാജ, സ്വഹീഹുൽ ജാമിഅ് 3573)

അതുപോലെ പ്രവാചകൻ(ﷺ)യുടെ വിടവാങ്ങൽ പ്രസംഗത്തിലും സ്ത്രീകളുടെ കാര്യം എടുത്ത് പറയാൻ വിട്ടു പോയിട്ടില്ല. അവിടുന്ന് പറഞ്ഞ വാക്കുകൾ ശ്രദ്ധിക്കുക:

ألا واستوصوا بالنساء خيرا فإنهن عوان عندكم ألا إن لكم على نساءكم حقا ولنسائكم عليكم حقا، فأما حقكم على نسائكم فلا يوطئن فرشكم من تكرهون ولا يؤذن في بيوتكم لمن تكرهون ألا وحقهن عليكم أن تحسنوا إليهن في كسوتهن وطعامهن(الترمذي،ابن ماجه، الالباني آداب الزفاف صفحة: ٢٧٠)

“ശ്രദ്ധിക്കുക! നിങ്ങൾ ഭാര്യമാരോട് നല്ലനിലയിൽ വർത്തിക്കുക; അവർ നിങ്ങളുടെ അടുക്കൽ സൂക്ഷിപ്പുമുതലാണ്. നിങ്ങൾക്ക് നിങ്ങളുടെ ഭാര്യമാരിൽ അവകാശങ്ങളുണ്ട്. അപ്രകാരം നിങ്ങളുടെ ഭാര്യമാർക്ക് നിങ്ങളിലും അവകാശങ്ങളുണ്ട്. നിങ്ങൾക്ക് ഭാര്യമാരിലുള്ള അവകാശങ്ങളിൽ പെട്ടതാണ് നിങ്ങളുടെ വിരിപ്പിൽ നിങ്ങൾ ഇഷ്ടപ്പെടാത്തവർക്ക് അവസരം കൊടുക്കാതിരിക്കുക, നിങ്ങൾ വെറുക്കുന്നവർക്ക് നിങ്ങളുടെ വീട്ടിലേക്ക് അനുമതിനൽകാതിരിക്കുക എന്നത്. അവർക്ക് നിങ്ങളിൽനിന്നും ലഭിക്കേണ്ട അവകാശമാണ് അവർക്ക്നല്ലനിലക്ക് ഭക്ഷണവും പാർപ്പിടവും നൽകുകഎന്നത്”. (തിർമുദി, ഇബ്നുമാജ, അൽബാനിയുടെ ആദാബുസിഫാഫ് 270)

## മാന്യമായ രീതിയിൽ ചെലവ് നൽകുക

മുആവിയതു ബ്നുഹൈദത് (رضي الله عنه) നബി(ﷺ) യോട് ഒരിക്കൽ ചോദിച്ചു: പ്രവാചകരെ, ഞങ്ങളുടെ ഭര്യമാർക്ക് ഞങ്ങളിൽ നിന്നും ലഭിക്കേണ്ട അവകാശങ്ങൾ എന്തൊക്കെയാണ്. നബി(ﷺ) പറഞ്ഞു:

أن تطعمها إذا طعمت وتكسوها إذا اكسيت ولا تقبح الوجه، ولا تضرب ولا تهجر إلا في البيت كيف وقد أفضى بعضكم إلى بعض (حاكم، أبو داود، أحمد صحيح الترغيب والترهيب لألباني ٢ رقم: ١٩٢٩)

''നീ ഭക്ഷണം കഴിക്കുമ്പോൾ അവളെയും ഭക്ഷിപ്പിക്കുക, നീ വസ്ത്രം ധരിക്കുമ്പോൾ അവൾക്കും വസ്ത്രം നൽകുക, അവളെ ചീത്തവിളിക്കുകയോ മുഖത്ത് അടിക്കുകയോ ചെയ്യാതിരിക്കുക, വീട്ടിൽ വെച്ചല്ലാതെ അവളോട് പിണങ്ങരുത്. എങ്ങിനെയാണ് അതിന് കഴിയുക? നിങ്ങൾ പരസ്പരം ഇഴകിചേർന്ന് കഴിയുന്ന സ്ഥിതിക്ക്.'' (ഹാകിം, അൽബാനിയുടെ സ്വഹീഹ് തർഗീബ് വതർഗീബ് 2/1929, അഹ്മദ്)

ഭാര്യക്ക് നൽകേണ്ടതായ വിഭവങ്ങൾ നൽകുന്നതിൽ പിശുക്ക് കാണിക്കുന്നവരിൽ നിന്ന് തനിക്ക് ആവിശ്യമുള്ളത് ഭർത്താവ് അറിയാതെ തന്നെ എടുക്കാൻ പ്രവാചകൻ(ﷺ) അനുവാദം നൽകിയത് പോലും ഹദീസുകളിൽ കാണാൻ കഴിയും.

സ്വഹീഹുൽ ബുഖാരിയിൽ ഭർത്താവ് തന്റെ ഭാര്യക്കും കുട്ടിക്കും ചിലവ് നൽകുന്നില്ലെങ്കിൽ മാന്യമായനിലക്ക് തനിക്ക് ആവശ്യമുള്ളത് എടുക്കാൻ ഭാര്യക്ക് അവകാശമുണ്ട് എന്ന ഒരു അധ്യായം തന്നെ കാണാൻ കഴിയും. ശേഷം താഴെ പറയുന്ന സംഭവം ഉദ്ധരിക്കുകയും ചെയ്യുന്നുണ്ട്.

عن عائشة رضي الله عنها أن هند بنت عتبة قالت يا رسول الله إن أبا سفيان رجل شحيح وليس يعطيني ما يكفيني وولدي ألآما أخذت منه وهو لا يعلم فقال: خذي ما يكفيك وولدك با لمعروف (البخاري)

ആയിഷ (رضي الله عنها) പറയുന്നു: ഉത്ബയുടെ മകൾ ഹിന്ദ് (رضي الله عنها) നബി(ﷺ)യുടെ അടുക്കൽ വന്ന് ചോദിച്ചു: പ്രവാചകരെ, എന്റെ ഭർത്താവ് അബൂസുഫ്യാൻ ചിലവ് ചെയ്യാൻ അൽപ്പം മടിയുള്ള വ്യക്തിയാണ്. എനിക്കും കുട്ടിക്കും ആവശ്യമുള്ളത് അദ്ദേഹം അറിയാതെ ഞാൻ എടുക്കലല്ലാതെ, അദ്ദേഹം നൽകാറില്ല. അന്നേരം നബി(ﷺ) പറഞ്ഞു: നിനക്കും കുട്ടിക്കും ആവിശ്യമുള്ളത് മാന്യമായ രീതിയിൽ നീ എടുത്തുകൊള്ളുക. (ബുഖാരി)

## സ്ത്രീയുടെ പ്രകൃതം മനസ്സിലാക്കി വർത്തിക്കുക

من كان يؤمن بالله واليوم الآخر فإذا شهد أمرا فليتكلم بخير

أوليسكت ، واستوصوا بالنساء خيرا فانّ المرأة خلقت من ضلع وإن أعوج شيئ في الضلع أعلاه إن ذهبت تقيمه كسّرته وإن تركته لم يزل أعوج واستوصوا بالنساء خيرا ( مختصر مسلم رقم: ٨٤٤)

“നിങ്ങൾ അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുന്നവരാണെങ്കിൽ വല്ലകാര്യത്തിനും സാക്ഷികളാകുമ്പോൾ നല്ല നിലക്ക് സംസാരിക്കുക. അല്ലെങ്കിൽ മൗനം പാലിക്കുക. സ്ത്രീകളോട് നിങ്ങൾ മാന്യമായ രീതിയിൽ പെരുമാറുക. അവർ സൃഷ്ടിക്കപ്പെട്ടത് വാരിയെല്ലിനാലാണ്. അവയിൽ ഏറ്റവും വളവുള്ളത് മുകളിലുള്ളതാണ്. അത് നിവർത്താൻ നീ തുനിഞ്ഞാൽ അത് പൊട്ടിക്കലായിരിക്കും. അതിനെ അങ്ങിനെതന്നെ വിട്ടാൽ അത് വളഞ്ഞ് കൊണ്ടേയിരിക്കും. അതിനാൽ സ്ത്രീകളോട് മാന്യതയോടെ പെരുമാറുക”. (മുഖ്തസറു മുസ്ലിം 844)

## ദേഷ്യപ്പെടാതിരിക്കുക

لا يفرك مؤمن مؤمنة إن كره منها خلقا رضي منها آخر ( مختصر مسلم رقم ٨٤٥)

“ഒരു വിശ്വാസിയും ഒരു വിശ്വാസിനിയെ വെറുക്കരുത്. അവളിൽനിന്നും വെറുപ്പുളവാക്കുന്ന വല്ല സ്വഭാവവും കണ്ടാൽ തന്നെ നിങ്ങളെ തൃപ്തിപ്പെടുത്തുന്ന മറ്റു സ്വഭാവങ്ങൾ അവളിലുണ്ടായിരിക്കും”. (മുഖ്തസറു മുസ്ലിം 845) ഒരു സംഭവം ശ്രദ്ധിക്കുക:

كان النبي صلى الله عليه وسلم عند بعض نسائه فأرسلت إحدى أمهات المؤمنين بصحفة فيها طعام فضربت التي النبي صلى الله عليه وسلم في بيتها يد الخادم فسقطت الصحفة فانفلقت ، فجمع النبي صلى الله عليه وسلم فلق الصحفة ثمّ جعل يجمع فيها الطعام الذي كان في الصحفة ويقول: غارت أمكم ثم حبس الخادم حتى أتي بصحفة من عند التي هو في بيتها فدفع الصحفة إلى التي كُسرتصحفتها وأمسك المكسورة في بيت التي كسرت (البخاري برقم: ٥٢٢٥)

നബി(ﷺ) തന്റെ ഭര്യമാരിൽ ഒരാളുടെ വീട്ടിലായിരിക്കേ, നബി(ﷺ)യുടെ ഭാര്യമാരിൽ പെട്ട മറ്റൊരാൾ ഒരു പ്ലെറ്റിൽ കുറച്ചു ഭക്ഷണം കൊടുത്തയച്ചു. അന്നേരം നബി(ﷺ)യുടെ അടുത്തുണ്ടായിരുന്ന ഭാര്യ ആ പാത്രത്തിന് ഒരു തട്ടുകൊടുത്തു; പാത്രം വീണു ചിന്നിച്ചിതറി. ഉടനെ നബി (ﷺ) അതിന്റെ കഷ്ണങ്ങളെല്ലാം പെറുക്കിക്കൂട്ടി, താഴെ വീണ ഭക്ഷണവും. അദ്ദേഹം ഇപ്രകാരം പറഞ്ഞു: ‘ഉമ്മാക്ക് ദേഷ്യം പിടിച്ചിരിക്കുന്നു’. ശേഷം ആ വീട്ടിലുണ്ടായിരുന്ന അതു പോലുള്ള പ്ലെറ്റ്

**എടുത്ത് ഭൃത്യന്റെ കൈയ്യിൽ കൊടുത്തയച്ചു. പൊട്ടിയ കഷ്ണങ്ങൾ പൊട്ടിച്ചവളുടെ വീട്ടിൽ വെക്കുകയും ചെയ്തു. (ബുഖാരി 5225)**

നോക്കൂ പ്രവാചകൻ(ﷺ)യുടെ ക്ഷമയുടെ ആഴം! ഉമ്മാക്ക് ദേഷ്യം പിടിച്ചിരിക്കുന്നു എന്ന് പറയുകമാത്രം ചെയ്തു. ഒരിക്കലും അദ്ദേഹം കോപാകുലനായില്ല. മനുഷ്യസഹജമായ പ്രശ്നങ്ങളും,ദേഷ്യവും ആരിലും ഉണ്ടാകാവുന്നതാണ്. പക്ഷെ അതേ അളവിൽ കൂടെയുള്ളവർ ദേഷ്യപ്പെടാതെ ക്ഷമിച്ച് സമചിത്തതകൈവരിക്കുമ്പോൾ മാത്രമെ ജിവിതം പ്രശ്നങ്ങളില്ലാതെ മുന്നോട്ട് കൊണ്ട് പോകാൻ കഴിയുകയുള്ളൂ.

## മാനസിക ഉല്ലാസത്തിന് അവസരമൊരുക്കുക

പ്രവാചകൻ (ﷺ) വിനോദാവസരങ്ങളിൽ പോലും തന്റെ ഭാര്യയെ കൂടി സന്തോഷത്തിൽ പങ്കാളിയാക്കാൻ അവസരം ഉണ്ടാക്കിയിരുന്നു. ബുഖാരിയിലും മുസ്ലിമിലും മറ്റ് ഹദീസ് ഗ്രന്ഥങ്ങളിലുമെല്ലാം പ്രതിപാദിക്കപ്പെട്ട ഒരു സംഭവത്തിന്റെ സാരം ഇവിടെ ചേർക്കുന്നു;

“ആയിഷ (رضي الله عنها) പറയുന്നു: ഒരിക്കൽ ഒരു പെരുന്നാൾ ദിവസം എത്യോപ്യക്കാരായ ഒരു സംഘം ആളുകൾ മദീനാപള്ളിയിൽ ആയുധാഭ്യാസ പ്രകടനം നടത്തുകയുണ്ടായി. അന്നേരം പ്രവാചകൻ (ﷺ) എന്നോട് ചോദിച്ചു: ആയിഷാ നിനക്കിത് കാണണോ?. ഞാൻ താൽപര്യം കാണിച്ചപ്പോൾ അദ്ദേഹം എന്നെ അദ്ദേഹത്തിന്റെ പിന്നിൽ നിർത്തി. തന്റെ ചുമൽ താഴ്ത്തി എനിക്ക് കാണാൻ അവസരമൊരുക്കിത്തന്നു. ഞാൻ അന്നേരം എന്റെ താടി അദ്ദേഹത്തിന്റെ ചുമലിൽ വെച്ച് എന്റെ കവിൾ അദ്ദേഹത്തിന്റെ കവിളിൽ ചേർത്തുവെച്ച് നിന്ന് കാണുകയുണ്ടായി. നബി (ﷺ) അന്നേരം കളിക്കാരെ പ്രോത്സാഹിപ്പിക്കുന്നുമുണ്ടായിരുന്നു. ഇടക്ക് ആയിഷാ, മതിയായില്ലെ എന്നു ചോദിച്ചു. ഞാൻ ധൃതി കൂട്ടല്ലെ; എന്ന് പറഞ്ഞു. അങ്ങിനെ എനിക്ക് മടുക്കുന്നത് വരെ പ്രവാചകൻ(ﷺ) എനിക്ക് അവരുടെ കളികാണാൻ സൗകര്യം ചെയ്തുതന്നു”. (ബുഖാരി, മുസ്ലിം, നസാഇൗ)

ഈ സംഭവത്തെ സംബന്ധിച്ച് ആയിഷ (رضي الله عنها) ഇപ്രകാരം പറഞ്ഞതായും ഹദീസിൽ കാണാം “ഞാൻ എനിക്ക് അവർ കളിക്കുന്നത് കാണാനുള്ള താൽപര്യം കൊണ്ടായിരുന്നില്ല; ولكن أحببت أن يبلغ النساء مقامه لي ومكاني منه എന്നാൽ എനിക്ക് നബി(ﷺ)യുടെ അടുക്കലുള്ള സ്ഥാനവും നബിക്ക് എന്നോടുള്ള സ്നേഹവും മറ്റു സ്ത്രീകളൊന്ന് അറിയട്ടെ എന്ന നിലക്കാണ് ഞാൻ അങ്ങിനെ ചെയ്തത്”. (അൽബാനിയുടെ ആദാബുസ്സിഫാഫ് 274)

നോക്കൂ ആ ബന്ധത്തിന്റെ ദൃഢതയും, സ്നേഹത്തിന്റെ ആഴവും ഈ ഒരൊറ്റ സംഭവത്തിൽ നിന്നുതന്നെ മനസ്സിലാക്കാം. ആയിഷ (ﷺ) പ്രസ്തുത സംഭവം കാണാൻ നബിയോട് ചേർന്നുനിന്ന വിവരണം ഒന്ന് ഓർത്തു നോക്കൂ. ഭാര്യാഭർതൃ ബന്ധം എല്ലാ മേഖലകളിലും അവരിൽ നമുക്ക് ദർശിക്കാൻ കഴിയും.

കുടുംബ ജീവിതം അൽപം കളിയും തമാശയും വിനോദങ്ങളുമെല്ലാം നിറഞ്ഞതായിരിക്കണമെന്ന് നബി(ﷺ) ആഗ്രഹിക്കുകയും അതനുസരിച്ച് പെരുമാറുകയും ചെയ്തത്പോലെ മറ്റുള്ളവരും അങ്ങിനെയായിരിക്കണം എന്ന് തന്നെയായിരുന്നു പ്രവാചകൻ താൽപര്യം കാണിച്ചിരുന്നതും. ജാബിർ (ﷺ) ഒരു വിധവയെ വിവാഹം ചെയ്തത് അറിഞ്ഞ പ്രവാചകൻ(ﷺ) അദ്ദേഹത്തോട് ചോദിച്ചത് ഇപ്രകാമായിരുന്നു:

هلاّ بكرا تلاعبها وتلاعبك (صحيح النسائي: ٣٢١٩)

**''നിനക്ക് ഒരു കന്യകയെ കല്യാണം കഴിക്കാമായിരുന്നില്ലേ? നിനക്ക് അവളുമായും അവൾക്ക് നീയുമായും കളിക്കാൻ (അതായിരുന്നു നല്ലത്)''. (സ്വഹീഹ് നസാഈ 3219)**

മറ്റൊരു സംഭവം ശ്രദ്ധിക്കുക:

**ആയിഷ (ﷺ) തന്നെ പറയട്ടെ: ''അവർ പ്രവാചകൻ (ﷺ) യോടൊത്ത് ഒരു യാത്രയിലായിരുന്നു. അവരുടെ ചെറുപ്രായത്തിലായിരുന്നു അത്. അന്നേരം നബി(ﷺ) തന്റെ കൂടെയുള്ളവരോട് വേഗം നടക്കാൻ ആവശ്യപ്പെടുകയും അവർ നടന്നു നീങ്ങിയപ്പോൾ ആയിഷ(ﷺ)യോട് പറഞ്ഞ വാക്കുകൾ ശ്രദ്ധിക്കുക: ആയിഷാ നമുക്കൊന്ന് മൽസരിച്ച് ഓടാം; അന്നേരം അവർ അദ്ദേഹവുമായി മത്സരിച്ച് ഓടുകയും അവർ വിജയിക്കുകയും ചെയ്തു. പിന്നീട് മറ്റൊരവസരത്തിൽ ഞാൻ നബി(ﷺ)യോടൊപ്പം പുറപ്പെട്ട ഒരു യാത്രയിൽ, കൂടെയുണ്ടായിരുന്ന ആളുകളോടെല്ലാം വേഗത്തിൽ നടക്കാൻ ആവിശ്യപ്പെട്ട ശേഷം അദ്ദേഹം എന്നോട് പറഞ്ഞു: വരൂ ഞാൻ നീയുമായി ഒന്ന് മത്സരിച്ച് ഓടി നോക്കട്ടെ. ഞാൻ പഴയ സംഭവമെല്ലാം മറന്നിട്ടുണ്ടായിരുന്നു. ഞാൻ അപ്പോൾ ശരീരം വണ്ണമുള്ള അവസ്ഥയിലായിരുന്നു. എനിക്ക് ഈ അവസരത്തിൽ എങ്ങനെ മത്സരിക്കാൻ കഴിയും; നബി(ﷺ) നിർബന്ധിച്ച് ഞാൻ ഓടുകയും നബി(ﷺ) എന്നെ തോൽപ്പിക്കുകയും ചെയ്തു. അന്നേരം അദ്ദേഹം ചിരിച്ചുകൊണ്ട് പറഞ്ഞു: ഇത് അന്നത്തെ മൽസരത്തിന് പകരം വീട്ടിയതാണ്''. (അബൂദാവൂദ് 1/403, ഹുമൈദി 261, ഇബ്നുമാജ 1/610, അൽബാനിയുടെ ഇർവാഉൽ ഗലീൽ 1497)**

## കാര്യങ്ങൾ കൂടിയാലോചിക്കുക

നബി(ﷺ) കാര്യങ്ങളിൽ ഭാര്യമാരോട് കൂടിയാലോചിക്കുക പോലും ചെയ്യാറുണ്ടായിരുന്നു. ഞാൻ ഭർത്താവാണ്, ഭാര്യ പൊതുകാര്യങ്ങളിൽ ഇടപെടുകയോ അഭിപ്രായം പറയുകയോ ചെയ്യേണ്ടവളല്ല എന്നായിരുന്നില്ല നബി(ﷺ) മനസ്സിലാക്കിയിരുന്നത്. ഹുദൈബിയാ സന്ധിയുമായി ബന്ധപ്പെട്ട ഒരു സംഭവം ശ്രദ്ധിക്കുക:

സന്ധിപ്രകാരം തിരിച്ചു പോരേണ്ടതിനാൽ ഇഹ്റാമിൽ നിന്ന് ഒഴിവായി ബലി മൃഗത്തെ അറുക്കാൻ പറഞ്ഞു. പക്ഷേ സ്വഹാബികൾ സന്ധിയിലും ഉംറ നിർവ്വഹിക്കാതെ തിരിച്ചു പോകുന്നതിലും തീർത്തും അസംതൃപ്തരായിരുന്നു. അതിനാൽ രണ്ട് മൂന്ന് തവണ ആവർത്തിച്ചു പറഞ്ഞിട്ടും സ്വഹാബികൾ ആരും എഴുന്നേൽക്കാത്തതിൽ പ്രവാചകൻ(ﷺ) വിഷമിച്ചു. ഇനി എന്തു ചെയ്യണം എന്ന് കൂടെയുണ്ടായിരുന്ന ഭാര്യ ഉമ്മുസൽമ (رضي الله عنها)യുമായി ആലോചിച്ചു. അവർ പറഞ്ഞു: പ്രവാചകരെ, അങ്ങ് ആദ്യം താങ്കളുടെ മൃഗത്തെ അറുക്കുകയും തലമുടി കളയുകയും ചെയ്യുക. അപ്പോൾ ബാക്കിയുള്ളവരും അത് അംഗീകരിച്ചു കൊള്ളും. പറഞ്ഞ പ്രകാരം നബി(ﷺ) അറുക്കുകയും തലമുടി കളയുകയും ചെയ്തപ്പോൾ സ്വഹാബികളും അതു പോലെ പ്രവർത്തിച്ചു.

## വീട്ടുകാരെ സഹായിക്കുക

പ്രവാചകൻ(ﷺ) വീട്ടിലെ ജോലികളിൽ പോലും ഭാര്യമാരെ സഹായിച്ചിരുന്നു. ആയിഷ(رضي الله عنها) പറയുന്നു:

كان صلى الله عليه وسلم في مهنة أهله فإذا حضرت الصلاة خرج إلي الصلاة (البخاري ٢/ ١٢٩، الترمذي ٣/ ٣١٤)

**“അദ്ദേഹം തന്റെ വീട്ടുകാരോടൊപ്പം വീട്ടുജോലികളിൽ ഏർപ്പെടും. നമസ്കാര സമയമായാൽ നമസ്കരിക്കാൻ പോവുകയും ചെയ്യും”. (ബുഖാരി 2/129, തിർമിദി 3/314)**

മറ്റു ചില റിപ്പോർട്ടുകൾ കൂടി കാണുക:

كان بشرا من البشر يفلي ثوبه ويحلب شاته ويخدم نفسه (الشمائل للترمذي ٢/ ١٨٥)

**“അദ്ദേഹം മനുഷ്യരിൽ ഒരാളായി (സാധാരണക്കാരനായി) തന്നെ കഴിഞ്ഞു; തന്റെ വസ്ത്രം തുന്നുക, ആടിനെ കറക്കുക, തന്റെ ആവശ്യങ്ങൾ സ്വയം നിർവ്വഹിക്കുക എന്നതെതെല്ലാം അദ്ദേഹം ചെയ്തിരുന്നു”. (ശമാഇലു തിർമിദി 2/185)**

## സ്നേഹം പ്രകടമാക്കുക

إن كان رسول الله صلى الله عليه وسلم ليؤتى بالإناء فأشرب منه وأنا حائض ثم يأخذه فيضع فاه على موضع فيّ وإن كنت لآخذ العرق فآكل منه ثم يأخذه فيضع فاه على موضع فيّ (مسلم ١/١٦٨)

**"നബി(ﷺ) വല്ലതും കുടിക്കാൻ കൊണ്ട് വരപ്പെട്ടാൽ അതിൽ നിന്ന് അദ്ദേഹം എന്നെ കുടിപ്പിക്കും. ഞാൻ ആർത്തവക്കാരിയായിരിക്കുമ്പോൾ പോലും; ശേഷം ഞാൻകുടിച്ച അതേ ഭാഗത്ത് വായവെച്ച് അദ്ദേഹം കുടിക്കും. ഞാൻ വല്ല എല്ലിൻ കഷ്ണവും കടിക്കാൻ എടുത്താൽ ഞാൻ കടിച്ച ഉടനെ നബി(ﷺ) അത് വാങ്ങി ഞാൻ കടിച്ച സ്ഥലത്ത് അദ്ദേഹം കടിക്കുമായിരുന്നു". (മുസ്‌ലിം 1/168)**

كان يقبّل بعض أزواجه ثمّ يصلي ولا يتوضأ (أحمد، أبو داود، مختصر مسلم ٥٩١، صحيح الجامع ٤٩٩٧)

**"അദ്ദേഹം (വുളു എടുത്ത ശേഷം പോലും) തന്റെ ഭാര്യമാരെ ചുംബിക്കുമായിരുന്നു. പിന്നെ വീണ്ടും വുളു എടുക്കാതെ നമസ്കരിക്കുകയും ചെയ്യും". (മുഖ്തസറു മുസ്‌ലിം 591, അഹ്മദ്, സ്വഹീഹുൽ ജാമിഅ് 4997)**

**ക്ഷമ കൈകൊള്ളുക**

ഒമ്പത് ഭാര്യമാർ തന്റെ കൂടെ ജീവിച്ചിരുന്ന അവസരത്തിൽ അവരെ അടിക്കുകയോ ദേഷ്യപ്പെട്ട് സംസാരിക്കുകയോ ഉണ്ടായിട്ടില്ല എന്നത് പ്രത്യേകം എടുത്ത് പറയേണ്ടത് തന്നെയാണ്. ഒരിക്കൽ തങ്ങൾക്ക് ലഭിച്ച് കൊണ്ടിരിക്കുന്ന വിഭവങ്ങളും സൗകര്യങ്ങളുമെല്ലാം വർദ്ധിപ്പിക്കണം എന്ന് പറഞ്ഞ് ഭാര്യമാരെല്ലാം നബി(ﷺ)യോട് ആവശ്യപ്പെടുകയും അദ്ദേഹത്തെ പ്രയാസപ്പെടുത്തുകയും ചെയ്തപ്പോൾ അതിന് പരിഹാരം എന്നനിലക്ക് അല്ലാഹു ആയത്ത് ഇറക്കുകയാണ് ഉണ്ടായത്. കാരണം പ്രവാചകൻ(ﷺ) അത്തരം അവസരത്തിൽ പോലും അവർക്ക് വിഷമമുണ്ടാക്കുന്ന വാക്ക് പറയുകയില്ലെന്ന് അല്ലാഹുവിന്ന് അറിയാം. അല്ലാഹുവിന്റെ വാക്കുകൾ ശ്രദ്ധിക്കുക:

{يَا أَيُّهَا النَّبِيُّ قُل لِّأَزْوَاجِكَ إِن كُنتُنَّ تُرِدْنَ الْحَيَاةَ الدُّنْيَا وَزِينَتَهَا فَتَعَالَيْنَ أُمَتِّعْكُنَّ وَأُسَرِّحْكُنَّ سَرَاحًا جَمِيلًا وَإِن كُنتُنَّ تُرِدْنَ اللَّهَ وَرَسُولَهُ وَالدَّارَ الْآخِرَةَ فَإِنَّ اللَّهَ أَعَدَّ لِلْمُحْسِنَاتِ مِنكُنَّ أَجْرًا عَظِيمً} سورة الأحزاب: ٢٨، ٢٩

"നബിയേ, നിങ്ങളുടെ ഭാര്യമാരോട് പറഞ്ഞേക്കുക: ഐഹിക ജീവിതവും അതിന്റെ അലങ്കാരവുമാണ് നിങ്ങൾ ഉദ്ദേശിക്കുന്നതെങ്കിൽ നിങ്ങൾ വരൂ! നിങ്ങൾക്ക് ഞാൻ ജീവിത വിഭവം നൽകുകയും ഭംഗിയായ നിലയിൽ

ഞാൻ നിങ്ങളെ മോചിപ്പിച്ച് അയച്ച് തരികയും ചെയ്യാം. അല്ലാഹുവിനെയും അവന്റെ ദൂതനെയും പരലോക ഭവനത്തെയുമാണ് നിങ്ങൾ ഉദ്ദേശിക്കുന്നതെങ്കിൽ നിങ്ങളുടെ കൂട്ടത്തിൽ സദ്വൃത്തകളായുള്ളവർക്ക് അല്ലാഹു മഹത്തായ പ്രതിഫലം ഒരുക്കിവെച്ചിട്ടുണ്ട്.'' (സൂറ: അഹ്സാബ് 28,29)

ഈ ആയത്ത് അവതരിച്ചിട്ടും നബി(ﷺ) ഭാര്യമാരോട് പറഞ്ഞത് കാണുക:

إني أريد أن أعرض عليكِ أمرا أحب أن لا تعجلي حتى تستأثري أبويكِ (صحيح مسلم)

**''ഞാൻ ഒരു വിഷയം നിന്റെ മുന്നിൽ വെക്കുന്നു. എന്നാൽ അതിൽ എടുത്ത്ചാടി ധൃതി കാണിക്കരുത്. നിന്റെ മാതാപിതാക്കളോട് കൂടിയാലോചിച്ച് മാത്രമേ തീരുമാനമെടുക്കാവു''. (സ്വഹീഹ് മുസ്‌ലിം)**

കുടുംബ ജീവിതം സന്തോഷദായകമാകാൻ വിട്ടുവീഴ്ച്ച അനിവാര്യമാണ്. എന്നാൽ അന്യായമായ ഒന്നിനും ഭാര്യമാർക്ക് വേണ്ടി പോലും കൂട്ടു നിൽക്കുകയും അരുത്.

ഒരു ഭർത്താവ് എന്നനിലക്ക് പ്രവാചകൻ(ﷺ) ജീവിതത്തിൽ കൈക്കൊണ്ട ക്ഷമ കുറച്ചൊന്നുമായിരുന്നില്ല എന്ന് കാണാൻ കഴിയും.

തന്നെക്കാൾ പതിനഞ്ച് വയസ്സ് പ്രായം കൂടുതലുണ്ടായിരുന്ന വിധവയായ ഖദീജ(ؓ)യുമായി പ്രവാചകൻ(ﷺ) തന്റെ ജീവിതത്തിന്റെ ചോരത്തിളപ്പുള്ള യൗവ്വനകാലത്തിലെ 25 വർഷം സന്തോഷത്തോടെ കഴിച്ചുകൂട്ടി. അവർ മരണപ്പെടുന്നത് വരെ വേറെ വിവാഹം കഴിച്ചില്ല. അവരുടെ വേർപാടിന് ശേഷം തന്റെകൂടെ കന്യകയടക്കം വേറെ ഭാര്യമാരുമാരുമായി കഴിഞ്ഞ്കൂടുന്ന അവസരത്തിലും പ്രവാചകൻ(ﷺ) ഖദീജ(ؓ)യോടൊത്ത് ചിലവഴിച്ച മധുരിക്കുന്ന ഓർമ്മകൾ അയവിറക്കുമായിരുന്നു. പ്രവാചക ജിവിതത്തിലെ ഇത്തരം സംഭവങ്ങൾ നാം അനുസ്മരിക്കുകയും അനുകരിക്കുകയും ചെയ്താൽ ജീവിതം മധുരിക്കുന്നതാക്കി മാറ്റാൻ കഴിയുമെന്നതിൽ തർക്കമുണ്ടാവുകയില്ല.

*************

# നല്ലവളായ ഭാര്യ

ഒരു നല്ല ഭാര്യയ്ക്ക് ഉണ്ടായിരിക്കേണ്ട ലക്ഷണങ്ങളും ഗുണങ്ങളും പ്രവാചകൻ(ﷺ) പറഞ്ഞ് പഠിപ്പിച്ചിട്ടുണ്ട്. അപ്രകാരം ഒരു ഭാര്യ തന്റെ ഭർത്താവിനോട് പാലിക്കേണ്ടതായ കടമകളേയും പ്രവാചകൻ ഓർമ്മപ്പെടുത്തിയിട്ടുണ്ട്. അല്ലലില്ലാത്ത കുടുംബജീവിതത്തിന് ശ്രദ്ധിക്കേണ്ട ഏതാനും നിർദ്ദേശങ്ങൾ തിരുനബിയുടെ വചനങ്ങളിൽ നിന്നും താഴെ ചേർക്കുന്നു.

الدنيا كلها متاع وخير متاع الدنيا المرأة الصالحة (مسلم، أحمد، صحيح الجامع :٣٤١٣)

“ഇഹലോകം മുഴുവനും വിഭവങ്ങളാണ്. ഇഹലോക വിഭവങ്ങളിൽ ഏറ്റവും ശ്രേഷ്ടം സദ്വൃത്തയായ ഒരു സ്ത്രീയാണ്”. (മുസ്ലിം, അഹ്മദ്, സ്വഹീഹുൽ ജാമിഅ് 3413)

{فَالصَّالِحَاتُ قَانِتَاتٌ حَافِظَاتٌ لِّلْغَيْبِ بِمَا حَفِظَ اللَّهُ} سورة النساء :٣٤

“സദ്വൃത്തയായ സ്ത്രീകൾ അനുസരണ ശീലമുള്ളവരും അല്ലാഹു സംരക്ഷിച്ച പ്രകാരം (പുരുഷൻമാരുടെ) അഭാവത്തിൽ സംരക്ഷിക്കേണ്ടതെല്ലാം സംരക്ഷിക്കുന്നവരുമാണ്”. (സൂറ: നിസാഅ് 34)

## ഭർത്താവിനെ സന്തോഷിപ്പിക്കുക

خير النساء من تسرك إذا أبصرت وتطيعك إذا أمرت وتحفظ غيبتك في نفسها ومالك (طبراني، صحيح الجامع : ٣٢٩٩)

“സ്ത്രീകളിൽ (ഭാര്യമാരിൽ) നല്ലവൾ നീ നോക്കിയാൽ നിന്നെ സന്തോഷിപ്പിക്കുകയും, നീ കൽപ്പിച്ചാൽ അനുസരിക്കുകയും നിന്റെ അസാനിദ്ധ്യത്തിൽ അവളുടെ ചാരിത്ര്യവും നിന്റെ സമ്പത്തും കാത്തു സൂക്ഷിക്കുന്നവളാണ്”. (ത്വബ്റാനി, അൽബാനിയുടെ സ്വഹീഹുൽ ജാമിഅ് 3299,3298)

## ഭർത്താവിനെ പൂർണ്ണമായി അനുസരിക്കുക

لو كنت آمرا أحدا أن يسجد لأحدٍ ، لأمرت المرأت أن تسجد لزوجها (ترمذي، حاكم، أحمد صحيح الجامع :٥٢٩٤)

“ആരോടെങ്കിലും മറ്റൊരാൾക്ക് സുജൂദ് ചെയ്യാൻ കൽപ്പിക്കുമായിരുന്നുവെങ്കിൽ ഒരു സ്ത്രീയോട് തന്റെ ഭർത്താവിന് സുജൂദ് ചെയ്യാൻ കൽപ്പിക്കുമായിരുന്നു”. (തിർമിദി, ഹാകിം, അഹ്മദ്, സ്വഹീഹ് ജാമിഅ് 5294)

والذي نفس محمد بيده لا تؤدّي المرأة حق ربها حتى تؤدّي حق زوجها ، ولو سألها نفسها وهي على قتبٍ لم تمنعه نفسها (ابن ماجه ١/ ٥٧٠، أحمد ٤/ ٣٨١، صحيح الجامع : ٥٢٩٥)

“എന്റെ ആത്മാവ് ആരുടെ കയ്യിലോണോ അവനെത്തന്നെയാണെ സത്യം. ഒരു സ്ത്രീ തന്റെ ഭർത്താവിനോടുള്ള കടമകൾ നിർവ്വഹിക്കുന്നത് വരെ അല്ലാഹുവിനോടുള്ള കടമകൾ പൂർത്തിയാക്കിയതായി പരിഗണിക്കുകയില്ല. അവളോട് അദ്ദേഹം അവളുടെ ശരീരം ആവശ്യപ്പെടുന്നത് ഒരു വാഹനപ്പുറത്ത് വെച്ചാണെങ്കിൽ പോലും അവൾ വിസമ്മതിക്കാൻ പാടില്ല”. (ഇബ്മുമാജ 1/570, അഹ്മദ് 4/381, സ്വഹീഹുൽ ജാമിഅ് 5295)

إذا دعا الرجل إمرأته إلى فراشه فلم تأته فتاب غضبان عليها لعنتها الملائكة حتى تصبح (وفي رواية حتى ترضى عنه) (البخاري ٤/ ٢٤١، والزيادة أبو داود ١/ ٣٣٤، آداب الزفاف للألباني ٢٨٣:)

“ഒരാൾ തന്റെ ഭാര്യയെ തന്റെ വിരിപ്പിലേക്ക് ക്ഷണിക്കുകയും അവൾ വിസമ്മതിക്കുകയും ദേഷ്യത്തോടെ അയാൾ ഉറങ്ങുകയും ചെയ്താൽ നേരം പുലരുന്നത് വരെ മലക്കുകൾ അവളെ ശപിക്കുന്നതാണ്. (ബുഖാരി 4/241) മറ്റൊരു റിപ്പോർട്ടിൽ അവൻ അവളെ സംബന്ധിച്ച് തൃപ്തിപ്പെടുന്നത് വരെ എന്നും കാണാം”. (അബൂദാവൂദ് 3/334, ആദാബുസ്വിഫാഫ് 283)

لا يحلّ لإمرأة أن تصوم وزوجها شاهد إلاّ بإذنه، ولا تأذن في بيته لإلاّ بإذنه (متفق عليه)

“ഒരു സ്ത്രീക്കും തന്റെ ഭർത്താവ് സ്ഥലത്തുണ്ടായിരിക്കെ അദ്ദേഹത്തിന്റെ അനുമതിയില്ലാതെ സുന്നത്ത് നോമ്പ് അനുഷ്ടിക്കാൻ അനുവാദമില്ല. അദ്ദേഹത്തിന്റെ അനുമതിയില്ലാതെ വീട്ടിലേക്ക് (ഒരാൾക്കും) അനുവാദം കൊടുക്കാനും പാടുള്ളതല്ല”. (മുത്തഫഖുൻ അലൈഹി)

إذا صلّت المرأة خمسها وحصنت فرجها وأطاعت بعلها د×لت من أيّ أبواب الجنّة شاءت (طبراني في الأوسط ١/ ١٦١، آداب الزفاف صفحة: ٢٨٦)

“ഒരു സ്ത്രീ അഞ്ച് സമയങ്ങളിൽ നമസ്കരിക്കുകയും തന്റെ ചാരിത്ര്യം കാത്ത് സൂക്ഷിക്കുകയും ഭർത്താവിന് കീഴ്പ്പെടുകയും ചെയ്ത് ജീവിച്ചാൽ സ്വർഗത്തിന്റെ ഏത് കവാടത്തിലൂടെ വേണമെങ്കിലും അവൾക്ക് പ്രവേശിക്കാവുന്നതാണ്”. (ത്വബ്റാനിയുടെ ഔസത്ത് 2/169, ആദാബുസ്സിഫാഫ് 286)

والمرأة راعية في بيت زوجها وهي مسؤولة عن رعيتها (متفق عليه صحيح الجامع :٤٥٦٩)

‘‘സ്ത്രീ ഭർതൃവീട്ടിലെ ഭരണാധികാരിയാണ്. തന്റെ പ്രജകളെ സംബന്ധിച്ച് അവളും ചോദിക്കപ്പെടുന്നതാണ്’’. (മുത്തഫഖുൻ അലൈഹി, സ്വഹീഹ് ജാമിഅ് 4569)

## ഉള്ളതിനനുസരിച്ച് ജീവിക്കാൻ പഠിക്കുക

يا معشر النساء تصدقن وأكثرن الإستغفار فإني رأيتكنّ أكثر أهل النار ، فقالت إمرأة منهنّ جزلة

وما لنا يا رسول الله أكثر أهل النار ؟ قال تكثرن اللعن وتكفرن العشير ( مختصر مسلم ٥٢٤)

‘‘അല്ലയോ സ്ത്രീ സമൂഹമേ നിങ്ങൾ ദാനധർമ്മങ്ങൾ അധികരിപ്പിക്കുകയും കൂടുതലായി പാപമോചനം തേടുകയും ചെയ്യുക. കാരണം ഞാൻ നരകത്തിൽ കൂടുതലായി നിങ്ങളെയാണ് കണ്ടത്. അന്നേരം അവരിൽ നിന്ന് തന്റേടമുള്ള ഒരു സ്ത്രീ ചോദിച്ചു: എന്താണ് പ്രവാചകരെ ഞങ്ങളെ ധാരാളമായി നരകത്തിൽ കാണാൻ കാരണം. അദ്ദേഹം പറഞ്ഞു: നിങ്ങൾ ശാപ വാക്കുകൾ അധികരിപ്പിക്കുകയും ഭർത്താക്കളോട് നന്ദികേട് കാണിക്കുകയും ചെയ്യുന്നവരാണ്’’. (മുഖ്തസറു മുസ്‌ലിം 524) മറ്റൊരു റിപ്പോർട്ടിൽ ഇങ്ങനെയും കാണാം:

لو أحسنت إلى إحداهنّ الدهر ثمّ رأت منك شيئا قالت ما رأيت منك خيرا قط (البخاري)

‘‘നീ അവരിൽ ഒരാൾക്ക് കാലംമുഴുവനും നന്മ ചെയ്ത് കൊടുകുകയും ശേഷം എന്തെങ്കിലും ഒരു വിഷയം (ഇഷ്ടമില്ലാത്തത്) കണ്ടാൽ അവൾ പറയും നിങ്ങളിൽ നിന്നും ഒരു നന്മയും ഞാൻ ഇത് വരെ കണ്ടിട്ടില്ല എന്ന്’’. (ബുഖാരി)

*************

# ദമ്പതിമാർ ഇരുവരും ശ്രദ്ധിക്കേണ്ടത്

കെട്ടുറപ്പുള്ള ദാമ്പത്യ ജീവിതത്തിൽ രണ്ട് പേരും ശ്രദ്ധിക്കേണ്ടതായ പല വിഷയങ്ങളും ഇസ്‌ലാം മുന്നോട്ട് വെച്ചിട്ടുണ്ട്.

هُنَّ لِبَاسٌ لَّكُمْ وَأَنتُمْ لِبَاسٌ لَّهُنَّ} سورة البقرة: ١٨٧

“അവർ നിങ്ങൾക്ക് വസ്ത്രമാണ്. നിങ്ങൾ അവർക്കും വസ്ത്രമാണ്”. (സൂറ: ബഖറ 187)

വിവാഹത്തെ സംബന്ധിച്ച് പറഞ്ഞതായ മുകളിൽ പറഞ്ഞ വചനം ഒരു പാട് ആശയങ്ങൾ മുന്നോട്ട് വെക്കുന്നുണ്ട്.

## ന്യൂനതകൾ മറച്ചുവെക്കുക

ജീവിതമാകുന്ന ഗോദയിലേക്ക് ഇറങ്ങുമ്പോൾ മാനുഷിക ചാപല്യങ്ങൾ ഏത് വ്യക്തികളിൽ നിന്നും സംഭവിക്കാവുന്നതാണ്. എത്രതന്നെ ശ്രദ്ധാപൂർവ്വം വർത്തിച്ചാലും രണ്ട്തരം ചുറ്റുപാടിലും ജീവിത ശൈലികളിലൂടെയും ജീവിച്ചുവന്ന രണ്ട് പേർ ഒന്നിച്ച് ചേരുമ്പോൾ അത് സംഭവിച്ചേക്കാവുന്നതാണ്. അത്തരം പോരായ്മകൾ രണ്ട്പേരും ക്ഷമിക്കുകയും മറച്ചു വെക്കാനുള്ള ഉയർന്ന മാനസിക പക്വതയും വൈവാഹിക ജീവിതത്തിലേക്ക് പ്രവേശിക്കുന്നതോടെ വരനും വധുവും കൈവരിക്കുമ്പോൾ വിവാഹം സന്തോഷ പ്രദമാക്കാൻ കഴിയുകയുള്ളൂ. വസ്ത്രം ധരിക്കുന്ന പ്രധാനലക്ഷ്യം ഗോപ്യത മറച്ചുവെക്കലാണെന്ന് മനസ്സിലാക്കാൻ കഴിയുന്നവർക്ക് ഇത് എളുപ്പത്തിൽ ഗ്രഹിക്കാനാകും.

## പരസ്പരം സന്തോഷിക്കുക

ജീവിതത്തിലെ ന്യൂനതകൾ മറച്ചുവെക്കുന്നതുപോലെ തന്റെ പെരുമാറ്റം തന്റെ ഇണയെ സന്തോഷിപ്പിക്കാൻ കൂടി അവസരം നൽകുന്നതാകണം. അത് ഇണയുടെ സന്തോഷവും സംതൃപ്തിയും അന്യോന്യം അറിയുമ്പോൾ മാത്രമെ കൈവരിക്കാൻ കഴിയൂ. ഇണക്ക് ഇഷ്ടമുള്ള കാര്യങ്ങളെന്തൊക്കെയാണ് വെറുപ്പുണ്ടാക്കുന്ന കാര്യങ്ങളെന്തൊക്കയാണ് എന്ന് അറിഞ്ഞും മനസ്സിലാക്കിയും വർത്തിക്കണമെന്ന് സാരം. അതുപോലെ ഇണയിൽനിന്ന് ലഭ്യമാവുന്ന നന്മകളെ പുകഴ്ത്തി പറയലും സന്തോഷമുണ്ടാക്കാൻ അവസരം നൽകും. അതോടൊപ്പം തന്റെ ഇണയെ സന്തോഷിപ്പിക്കേണ്ടത് ഞാനാണ്. ഞാൻ അത് നിർവ്വഹിച്ചിട്ടില്ലെങ്കിൽ തന്റെ പങ്കാളി അത് താൽകാലികമായെങ്കിലും ലഭിക്കുന്ന മാർഗ്ഗങ്ങൾ തേടിപ്പോകാനും സാധ്യതയുണ്ട് എന്നും എപ്പോഴും ദമ്പതിമാർ ഓർത്തിരിക്കേണ്ടതാണ്. തന്റെ ഇണയിൽനിന്ന് താൻ കൊതിക്കുന്നത് കിട്ടാതെ പോകുന്നതിന്റെ പേരിലാണ് ഇന്ന് കാണുന്ന കുടുംബ കലഹങ്ങളും വഴിവിട്ട സഞ്ചാരങ്ങളും വിവാഹമോചനങ്ങളുമെല്ലാം സംഭവിക്കുന്നത് എന്നും ഓർത്തിരി

ക്കേണ്ടതാണ്. നാം ധരിക്കുന്ന വസ്ത്രം കേവലം നഗ്നതമറയാൻ മാത്ര മല്ലെന്ന് നമുക്ക് അറിയാവുന്നതാണല്ലോ.

## പരസ്പരം സംരക്ഷിക്കുക

വിവാഹത്തിലൂടെ ഇന്നലെ വരെ ജീവിച്ചതിനേക്കാൾ ഭാരിച്ച ഉത്തര വാദിത്തമാണ് തങ്ങളേറ്റെടുത്തിട്ടുള്ളതെന്ന ബോധം എപ്പോഴും ദമ്പതിമാർ കാത്തു സൂക്ഷിക്കേണ്ടതാണ്. അത് കേവലം നൈമിഷകമായ ഭൗതിക ജീവിതത്തിലെ സംരക്ഷണം മത്രമല്ല; ശാശ്വതമായ പരലോക ജീവിതരക്ഷ യായിരിക്കണം പ്രാധാന്യപൂർവ്വം കണക്കിലെടുക്കുന്നത്. പ്രകൃതിയുടെ മാറ്റങ്ങൾക്ക് അനുസൃതമായി ശരീര സംരക്ഷണത്തിന് അനുയോജ്യമായി നാം വസ്ത്രങ്ങൾ തിരഞ്ഞെടുക്കും എന്നത് തർക്കമറ്റതാണല്ലോ. അതിനാൽ തന്റെ ഇണ കൂടി നരകത്തിൽ നിന്ന് രക്ഷപ്പെട്ട് തന്നോടൊപ്പം സ്വർഗ്ഗത്തിൽ ഉണ്ടാവണമെന്ന് ചിന്തിക്കുകയും അതിനായി പ്രവർത്തിക്കുകയും ചെയ്തേ മതിയാകൂ. നബി(ﷺ) പറയുന്നത് കാണുക:

رحم الله رجلا قام من الليل فصلّى وأيقظ إمرأته فصلت، فإن أبت نضح في وجهها الماء، رحم الله إمرأة قامت من الليل فصلّت وأيقظت زوجها فصلى، فإن أبى نضحت في وجهه الماء (أحمد، أبو داود، نسائي صحيح الجامع :٣٤٩٤)

**“ഒരാൾക്ക് അല്ലാഹു കരുണ ചെയ്യട്ടെ, അയാൾ രാത്രി എഴുന്നേറ്റ് നമസ്ക രിക്കുകയും തന്റെ ഭാര്യയെക്കൂടി വിളുച്ചുണർത്തി അവളും നമസ്കരി ക്കുന്നു, അവൾ എഴുന്നേറ്റില്ലെങ്കിൽ മുഖത്ത് വെള്ളം കുടയുകയും ചെയ്യും. ഒരു സ്ത്രീക്ക് അല്ലാഹു കരുണ ചെയ്യട്ടെ, അവൾ രാത്രി എഴു ന്നേറ്റ് നമസ്കരിക്കുകയും തന്റെ ഭർത്താവിനെക്കൂടി വിളിച്ചുണർത്തി നമ സ്കരിക്കും, അദ്ദേഹം ഉണരാൻ വിസമ്മിതിച്ചാൽ മുഖത്ത് വെള്ളം കുട യുകയും ചെയ്യും”. (അഹ്മദ്, അബൂദാവൂദ്, നസാഈ, സ്വഹീഹ് ജാമിഅ് 3494)**

عن أبي هريرة و ابي سعيد رضي الله عنهما قالا قال رسول الله صلى الله عليه وسلمإذا أيقظ الرجل أهله من الليل فصليا أو صلى ركعتين جميعا كتابا في الذاكرين والذاكرات (رواه أبو داود وصحيح الترغيب والترهيب للألباني ١/ رقم ٦٢٦)

**“അബൂഹുറൈറ(ﷺ)യും അബൂസഈദിൽ ഖുദ്രിയ്യ് (ﷺ) പറയുന്നു, നബി(ﷺ) പറഞ്ഞു: ഏതൊരു മനുഷ്യനാണോ തന്റെ ഭാര്യയെ വിളിച്ചുണ ർത്തി രണ്ട്പേരും ഒരുമിച്ച് രണ്ട് റക്അത്ത് നമസ്കരിക്കുന്നത് അവർ (അഹ്സാബ് 35ൽ) അല്ലാഹുവിനെ സ്മരിക്കുന്ന പുരുഷന്മാരും സ്ത്രീക ളും എന്ന വിഭാഗത്തിൽ രേഖപ്പെടുന്നതാണ്”. (അബൂദാവൂദ്, അൽബാനി യുടെ സ്വഹീഹ് തർഗീബു വത്തർഹീബ് 1/626)**

## സ്വകാര്യത കാത്ത് സൂക്ഷിക്കുക

ദാമ്പത്യ ജീവിതത്തിൽ പരസ്യമാക്കാൻ പാടില്ലാത്ത വിഷയങ്ങൾ രഹസ്യമാക്കി വെക്കൽ ആനന്ദപൂർണ്ണമായ ജീവിത്തതിന് അനിവാര്യമാണ്.

إنّ من أشرِّ الناس عند الله منزلة يوم القيامة الرجل يفضي إلى إمرأته وتفضي إليه ثم ينشر سرّها

(مختصر مسلم ٨٣١)

**"അല്ലാഹുവിങ്കൽ അന്ത്യനാളിൽ പദവികളിൽ ഏറ്റവും മോശപ്പെട്ട വിഭാഗം തന്റെ ഭാര്യയുമായി ഇണചേർന്ന ശേഷം അവൾ അവനുമായും, അവൻ അവളുമായും, രഹസ്യം പുറത്ത് വിടുന്നവരാണ്". (മുഖ്തസറു മുസ്‌ലിം 831)**

ലൈംഗീക ജീവിത വിഷയത്തിൽ മാത്രമല്ല, ഒരു കുടുംബമായി ജീവിക്കുമ്പോൾ പല രഹസ്യങ്ങളുമുണ്ടായിരിക്കും അവ പരസ്യമാക്കാൻ പാടില്ല. അത് വ്യക്തിപരമായാലും അല്ലാത്തതായാലും അവ രഹസ്യമായി തന്നെ നില നിൽക്കണം.

## ഊഹങ്ങൾ (സംശയങ്ങൾ) കൈവെടിയുക

വൈവാഹിക ജീവിത്തതിൽ ഭാര്യക്ക് ഭർത്താവിനേയോ ഭർത്താവിന് ഭാര്യയേയോ പരസ്പരം വിശ്വാസമില്ലാതിരിക്കുക, അന്യോന്യം സംശയിച്ച് കഴിഞ്ഞ്കൂടുക എന്നത് ദാമ്പത്യ ജീവിത്തിലെ സൈ്വര്യം കെടുത്തുന്ന പ്രധാനപ്പെട്ട വിഷയമാണ്. അന്യോന്യം സംശയിക്കാൻ അവസരമുണ്ടാക്കാതിരിക്കുക, തെറ്റിദ്ധാരണയ്ക്ക് ഇടംനൽകുന്ന സാഹചര്യങ്ങൾ സൃഷ്ടിക്കാതിരിക്കുക എന്നത് രണ്ട്പേരും വളരെ ശ്രദ്ധിക്കേണ്ടതാണ്.

നിസാര കാര്യങ്ങളിൽ പരസ്പരം സംശയത്തോടെ കഴിഞ്ഞ് കൂടുന്ന ദമ്പതിമാർക്ക് ഒരിക്കലും വൈവാഹിക ജീവിതത്തിൽ സമാധാനം കൈവരിക്കാൻ സാധിക്കുകയില്ല.

## സ്ഥാനങ്ങൾ വകവെച്ച് കൊടുക്കുക

ഇസ്‌ലാം വിവാഹ ജീവിത്തതിലെ നായകത്വം പുരുഷനാണ് നൽകിയിട്ടുള്ളത്. അത് അംഗീകരിക്കാൻ ഭാര്യ തയ്യാറാകേണ്ടതുണ്ട്.

{الرِّجَالُ قَوَّامُونَ عَلَى النِّسَاء بِمَا فَضَّلَ اللّهُ بَعْضَهُمْ عَلَى بَعْضٍ وَبِمَا أَنفَقُواْ مِنْ أَمْوَالِهِمْ} سورة النساء ٣٤:

**"പുരുഷന്മാർ സ്ത്രീകളുടെ മേൽ നിയന്ത്രണാധികാരമുള്ളവരാകുന്നു. മനുഷ്യരിൽ ചിലർക്ക് മറ്റു ചിലരേക്കാൾ കഴിവു നൽകിയതുകൊണ്ടും അവർ (പുരുഷന്മാർ) അവരുടെ ധനം ചിലവഴിച്ചതു കൊണ്ടുമാണത്". (സൂറ നിസാഅ് 34)**

കുടുംബ ജീവിതത്തിൽ നായകത്വം പുരുഷനാണ് ഇസ്ലാം നൽകിയിരിക്കുന്നത്. അതിനുള്ള ശാരീരിക യോഗ്യത അവർക്കാണുള്ളത്. അതോടൊപ്പം കുടുംബ ജീവിതത്തിൽ സമ്പത്ത് ചിലവഴിക്കുന്നതും അവർ ആയതു കൊണ്ടാണ്. എന്നാലത് ഒരിക്കലും സ്ത്രീയെ ഭരിക്കുവാനോ അടിച്ചമർത്താനോ അല്ല. ഇസ്ലാം ഭർത്താവ്, ഭാര്യ എന്നീ രണ്ട് പദങ്ങൾക്കും ഒരേ പദം ലിംഗ വിത്യാസത്തോടെ ഉപയോഗിക്കുകയാണ് ചെയ്യുന്നത്. ഇണ എന്നർത്ഥം പറയാൻ കഴിയുന്ന زوج (സൗജ്) എന്ന പദമാണ് ഉപയോഗിക്കുന്നത്. ഈ ബോധം, അതായത് തന്റെ കൂടെയുള്ളത് തന്റെ ഇണയാണ് എന്ന മനസ്സോടെയാകണം കഴിയേണ്ടത്. അപ്പോൾ മാത്രമേ ജീവിതം മധുരമാക്കിത്തീർക്കാൻ കഴിയുകയുള്ളൂ.

*************

## ബന്ധപ്പെടുമ്പോൾ

ലൈംഗീക ബന്ധത്തിലേർപ്പെടുന്ന അവസരത്തിലും ഇസ്ലാം മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അവ കൃത്യമായി മനസ്സിലാക്കി പ്രാവർത്തികമാക്കാൻ ദമ്പതിമാർ ശ്രദ്ധിക്കണ്ടതാണ്.

### വൃത്തി

ലൈംഗീക ബന്ധത്തിലേർപ്പെടുന്നതിന് എന്നുമാത്രമല്ല, ഏത് അവരത്തിലും ശരീരവും വീടും പരിസരങ്ങളുമെല്ലാം വൃത്തിയോടെ കാത്ത് സൂക്ഷിക്കൽ അനിവാര്യമാണ്. ഇതിന്റെ ഭാഗമായിട്ടുകൂടിയാണ് ലൈംഗീക ഭാഗത്തുള്ള രോമങ്ങൾ നീക്കി വൃത്തിയാക്കുക എന്നുള്ളത്. പ്രവാചകൻ(ﷺ) പ്രകൃതി ശീലങ്ങൾ എന്ന നിലയിൽ അത് പഠിപ്പിക്കുകയും ചെയ്തിട്ടുണ്ട്. അതിനാൽ നേരത്തെ തന്നെ ശരീരമെല്ലാം വൃത്തിയാക്കേണ്ടതാണ്.

عشر من الفطرة : قصُّالشاربِ وإعفاء اللحيةِ والسِّواكِ واستنشاقُ الماءِ وقصُّ الأظفارِ وغسل البراجمِ ونتفُ الإبْطِ وحلقُ العانةِ ، وانتقاصُ الماءِ ونسي مصعب العاشرة قال : إلاّ أن تكون المضمضة قال النووي لعلها الختان (مسلم)

**"പത്ത് കാര്യങ്ങൾ പ്രകൃതി ശീലങ്ങളാണ്: മീശ വെട്ടുക, താടി നീട്ടുക, പല്ല് തേക്കുക, മൂക്കിൽ വെള്ളമാക്കി വൃത്തിയാക്കുക, കക്ഷരോമം പറിക്കുക, നഖം മുറിക്കുക, ശരീര സന്ധികൾ വൃത്തിയാക്കുക, ഗുഹ്യരോമം വടിക്കുക, വെള്ളം കൊണ്ട് ശൗച്യം ചെയ്യുക. പത്താമത്തെ കാര്യം റിപ്പോർട്ടറായ മിസ്അബ് (ﷺ) മറന്നു. അത് വായ വൃത്തിയാക്കലാണ്. അത് മുകളിൽ പറഞ്ഞ അഞ്ചുകാര്യങ്ങളിൽ എണ്ണിയ ചേലാകർമ്മം ആകാം എന്ന് നവവി (ﷺ) പറയുന്നു". (മുസ്ലിം)**

ഇവിടെ ഹദീസിൽ എല്ലാ വിഷയങ്ങളും ലൈംഗീക ബന്ധത്തിലേർപ്പെടുന്നതിന് മുമ്പായി നിർവ്വഹിക്കൽ അന്യോന്യം താല്പര്യവും സ്നേഹവും സുദൃഢമാക്കിത്തീർക്കാനും വെറുപ്പ് തോന്നാതിരിക്കാനും വളരെ അനിവാര്യമായ വിഷയങ്ങളാണ്. പ്രത്യേകിച്ച് പല്ല് തേക്കുക, വായ വൃത്തിയാക്കുക എന്നിവയെല്ലാം എന്തുമാത്രം വിലപ്പെട്ട ഉപദേശങ്ങളാണ്.

**"നബി(ﷺ) മീശ വെട്ടുക, നഖം മുറിക്കുക, കക്ഷം പറിക്കുക, ഗുഹ്യ രോമം വടിക്കുക എന്നിവയ്ക്ക് നാൽപ്പത് ദിവസത്തിൽ അധികരിക്കാതിരിക്കുക എന്ന സമയം നിശ്ചയിച്ചു തന്നിട്ടുണ്ട്". (മുസ്ലിം)**

വീട്ടിൽ നിന്ന് ഏതാനും ആഴ്ചകളോ മാസങ്ങളോ വിട്ടുനിന്ന വ്യക്തി വീട്ടുകാരെ അറിയിക്കാതെ വീട്ടിലേക്ക് പോകരുത് എന്ന് പോലും പ്രവാചകൻ(ﷺ) നിർദ്ദേശിച്ചിട്ടുണ്ട്. കാരണം ഭർത്താവിനെ സ്വീകരിക്കുന്നതിന് ഭാര്യക്ക് തയ്യാറെടുക്കാനും കൂടിയാണത്.

ഒരിക്കൽ ജാബിർ (ﷺ) ഒരു യാത്ര കഴിഞ്ഞ് മദീനയിലെത്തി. പെട്ടെന്ന് വീട്ടിലേക്ക് പോകാൻ ധൃതിപ്പെട്ടു. അന്നേരം പ്രവാചകൻ(ﷺ) കാരണം ചോദിച്ചപ്പോൾ ഞാൻ കല്യാണം കഴിച്ച് അധികമായിട്ടില്ലല്ലൊ എന്ന് മറുപടി പറഞ്ഞു. തദവസരം നബി(ﷺ) പ്രധാനപ്പെട്ട ഒരു ഉപദേശം നൽകുകയുണ്ടായി:

أمهلوا حتى تدخل ليلاكي تمشط الشعثة وتستحدّ المغيبة فإذا قدمت فالكيس الكيس ( مختصر مسلم: ٨٤٧)

**"രാത്രി (പെട്ടെന്ന്) വീട്ടിൽ ചെല്ലുന്നത് അൽപം ചിന്തിക്കുക, അവൾക്ക് അവളുടെ മുടിയൊക്കെ ഒന്ന് ചീകിയൊതുക്കി ഭംഗിയാക്കാനും, അവൾക്ക് ഗുഹ്യരോമങ്ങൾ നീക്കി വൃത്തിയാക്കാനും അവസരം ലഭിക്കാൻ വേണ്ടിയാണത്. പിന്നെ അടുക്കൽ എത്തിയാൽ ബുദ്ധിപൂർവ്വം പെരുമാറുകയും വേണം". (മുഖ്തസറു മുസ്‌ലിം 847)**

ഇവിടെ ഹദീസിൽ ബുദ്ധിപൂർവ്വം പെരുമാറണം എന്നതു കൊണ്ട് ഉദ്ദേശിക്കുന്നത് നിഷിദ്ധം പ്രവർത്തിച്ച് പോകാതിരിക്കാൻ ശ്രദ്ധിക്കണമെന്നാണ്. വീട്ടിൽ നിന്ന് വിട്ടുനിന്ന ശേഷം ചെല്ലുന്ന അവസരത്തിൽ ഭാര്യയുമായി ലൈംഗീക ബന്ധം പാടില്ലാത്ത ആർത്തവ സമയം ആണോ എന്നതെല്ലാം അവളുടെ പെരുമാറ്റത്തിൽ നിന്ന് മനസ്സിലാക്കാൻ തന്റേടം കാണിക്കണം എന്ന് സാരം. കുറേകാലം വിട്ട് നിന്ന് വീട്ടിലെത്തുന്ന അവസരം തന്റെ ലൈംഗീക ദാഹം ശമിപ്പിക്കാനുള്ള വ്യഗ്രതയിൽ പരിസരം മറന്ന് പ്രവർത്തികരുതെന്ന എത്ര വിലപ്പെട്ട ഉപദേശമാണ് പ്രവാചകൻ(ﷺ) നൽകിയിട്ടുള്ളത്!!

മറ്റു ചില റിപ്പോർട്ടുകൾ കൂടി കാണുക:

لاَ تطرقوا النساء ليلا (أحمد، حاكم صحيح الجامع : ٧٣٦٢)

**"നിങ്ങൾ (നേരത്തെ അറിയിക്കാതെ) രാത്രിയിൽ ചെന്ന് ഭാര്യമാരെ മുട്ടിവിളിക്കരുത്". (അഹ്മദ്, ഹാകിം, സ്വഹീഹ് ജാമിഅ് 7362)**

إذا طال أحدكم الغيبة فلا يطرق أهله ليلا (متفق عليه صحيح الجامع : ٣٥٦)

**"നിങ്ങൾ ദീർഘകാലം വിട്ടു നിന്നാൽ രാത്രി (പെട്ടെന്ന്) ഭാര്യയെ മുട്ടിവിളിക്കരുത്". (മുത്തഫഖുൻ അലൈഹി, സ്വഹീഹ് ജാമിഅ് 534)**

## ഇണചേരുമ്പോൾ

ദാമ്പത്യ സുഖം പുരുഷനും സ്ത്രീക്കും ഒരുപോലെ അനുഭവിക്കാനുള്ളതാണല്ലോ; അതുകൊണ്ട്തന്നെ അത് ഒരിക്കലും ഏകപക്ഷീയമായിരിക്കരുത്. തന്റെ ഇണയുടെ അവസ്ഥ കൂടി ശ്രദ്ധിക്കേണ്ടതുണ്ട്. സംസാരം, സ്പർശനം, ചുംബനം എന്നവയിലൂടെ ഇണയെകൂടി ലൈംഗീക വേഴ്ചക്ക്

സന്നദ്ധമാക്കാൻ ശ്രദ്ധിക്കണം. പൊതുവേ മറ്റെല്ലാ വിഷയങ്ങളിലെന്നപോലെ, സ്ത്രീയുടെ സ്ത്രൈണ സ്വഭാവം മനസ്സിലാക്കിയായിരിക്കണം ബന്ധപ്പെടുന്നത്. സ്ത്രീകൾ വൈകി മാത്രം രതിമൂർച്ഛയിലെത്തുകയും വൈകി മാത്രം വികാരം ശമിക്കുകയും ചെയ്യുന്നവരാണ്. അതിനാൽ സാവകാശം മാത്രമെ പുരുഷൻ ബന്ധപ്പെടാവൂ എന്നതും തനിക്ക് സ്ഖലനം നടന്നു കഴിഞ്ഞാലും തന്റെ പങ്കാളിക്ക് വേണ്ടിയും അൽപം കാത്ത് നിന്ന ശേഷം മാത്രമെ ലിംഗം പുറത്തെടുക്കാവൂ.

അതു പോലെ ഭർത്താവ് തന്നിൽ നിന്നും സുഖമാസ്വാദിക്കാൻ താൽപര്യം കാണിച്ചാൽ അതിനോട് സഹകരണം കാണിക്കാൻ ഭാര്യയും മടികാണിക്കരുത്. പെതുവെ പുരുഷന്മാർ സ്ത്രീകളേക്കാൾ ഇണ ചേരാനുള്ള ആഗ്രഹവും താൽപര്യവും കൂടുതലുള്ളവരായിരിക്കും. അതിനാലായിരിക്കും സ്ത്രീകളോട് പറഞ്ഞതായ ഉപദേശങ്ങളിൽ ഇങ്ങനെ കാണാൻ കഴിയും:

إذا دعل الرجل زوجته لحاجته فلتأته وإن كانت على التنور (نسائي، الترمذي، صحيح الجامع الصغير: ٥٣٤)

**“ഒരാൾ തന്റെ ആവശ്യപൂർത്തീകരണത്തിന് വിളിച്ചാൽ അവൾ അയാളുടെ അടുത്തേക്ക് ചെല്ലട്ടെ; അവൾ അടുപ്പിന്റെ അടുക്കലാണെങ്കിലും ശരി”. (മസാഇൗ, തിർമിദി, സ്വഹീഹ് ജാമിഅ് 534)**

ഭർത്താവിന്റെ സാന്നിദ്ധ്യത്തിൽ സുന്നത്ത് നോമ്പ് അനുഷ്ഠിക്കാൻ പോലും ഭർത്താവിനോട് മുൻ കൂട്ടി അനുവാദം ചോദിക്കേണ്ടതുണ്ട്. ഏത് അവസരത്തിലും ഭർത്താവിന്റെ ഇംഗിതത്തിന് കീഴ്പ്പെടൽ ഭാര്യക്ക് നിർബന്ധമാണ് എന്ന് സാരം.

## എങ്ങനെയായിരിക്കണം ബന്ധപ്പെടുന്നത്

ഇണചേരുന്നത് പ്രത്യേക രീതി ഇസ്ലാം നിർദ്ദേശിക്കുന്നില്ല. ദമ്പതിമാരുടെ താൽപര്യത്തിനനുസരിച്ച് ബന്ധപ്പെടുന്നതിന് രീതി കണ്ടെത്താവുന്നതാണ്. ഒരേരീതി തന്നെ അവലംഭിച്ച് കൊള്ളണമെന്നില്ല. വ്യത്യസ്ത രീതികളിൽ ഓരോരുത്തരുടേയും താൽപര്യമനുസരിച്ചും ബന്ധപ്പെടുന്നതിന് മതം വിലക്കുന്നില്ല. ബന്ധപ്പെടുന്നത് ജനനേന്ദ്രിയത്തിൽ ആയിരിക്കണമെന്ന് മാത്രം. അല്ലാഹു പറയുന്നു:

{نِسَآؤُكُمْ حَرْثٌ لَّكُمْ فَأْتُواْ حَرْثَكُمْ أَنَّى شِئْتُمْ} سورة البقرة : ٢٢٣

“നിങ്ങളുടെ ഭാര്യമാർ നിങ്ങളുടെ കൃഷിയിടമാകുന്നു. അതിനാൽ നിങ്ങൾ ഇഛരിക്കുന്ന വിധം നിങ്ങൾക്ക് നിങ്ങളുടെ കൃഷിയിടത്തിൽ ചെല്ലാവുന്നതാണ്”. (സൂറ: ബഖറ 223)

ഈ വചനം അവതരിക്കാനുള്ള പശ്ചാതലം കൂടി മനസ്സിലാക്കുന്നത് വിഷയത്തിന്റെ പൂർണ്ണതക്ക് നന്നായിരിക്കും.

عن جابر قال كانت اليهود تقول إِّا أتى الرجال إمرأته من دبرها في قبلها كان الولد أحول فنزلت {نِسَآؤُكُمْ حَرْثٌ لَّكُمْ فَأْتُواْ حَرْثَكُمْ أَنَّى شِئْتُمْ} (متفق عليه)

''ജാബിർ(ﷺ)വിൽ നിന്ന്, ഒരാൾ തന്റെ ഭാര്യയെ പിന്നിലൂടെ മുന്നിൽ പ്രവേശിപ്പിച്ച് ബന്ധപ്പെട്ടാൽ കുട്ടിക്ക് കോങ്കണ്ണുണ്ടാകുമെന്ന് ജൂതന്മാർ പറയുമായിരുന്നു. അന്നേരമാണ് نِسَآؤُكُمْ حَرْثٌ لَّكُمْ فَأْتُواْ حَرْثَكُمْ أَنَّى شِئْتُمْ എന്ന ആയത്തിറങ്ങിയത്. അപ്പോൾ പ്രവാചകൻ(ﷺ)പറഞ്ഞു: മുന്നിലൂടെയോ പിന്നിലൂടെയോ എങ്ങിനെ വേണമെങ്കിലും നിങ്ങൾക്ക് ബന്ധപ്പെടാം. മുൻവശത്തായിരിക്കണം പ്രവേശിപ്പിക്കുന്നത് എന്ന് മാത്രം''. (മുത്തഫഖുൻ അലൈഹി)

ഇബ്നുഅബ്ബാസ് (ﷺ) ഈ വിഷയത്തിൽ പറയുന്ന മറ്റൊരു സംഭവം അബൂദാവൂദും ഹാകിമുമെല്ലാം ഉദ്ധരിച്ചിട്ടുള്ളതിന്റെ ചുരുക്കം ഇവിടെ ചേർക്കുന്നു. ''അൻസാറുകൾ ബിംബാരാധകരായി കഴിഞ്ഞിരുന്ന ഒരു വിഭാഗം ജൂതന്മാരുമായി ഇടകലർന്ന് കഴിയുന്നവരായിരുന്നു. അവർ വേദഗ്രന്ഥത്തിന്റെ ആളുകളായിരുന്നതിനാൽ അവരുടെ ജീവിതരീതികൾ സ്വാഭാവികമായും മറ്റുള്ളവർ അനുകരിക്കാറുണ്ടായിരുന്നു. അവർ വേദക്കാർ ഒരേ രീതിയിൽ മാത്രമേ ബന്ധപ്പെടാറുണ്ടായിരുന്നുള്ളൂ. തന്നെയുമല്ല മറ്റ് നിലയിൽ ബന്ധപ്പെടുന്നത് അവർ മ്ലേഛമായി കാണുകയും ചെയ്തിരുന്നു. മുഹാജിറുകളിൽ പെട്ട ഒരാൾ ഒരു അൻസ്വാരി സ്ത്രീയെ വിവാഹം ചെയ്തത് അവളുമായി താൻ ആഗ്രഹിച്ച രീതിയിൽ ബന്ധപ്പെടാൻ ഒരുങ്ങിയപ്പോൾ അവൾ വിസമ്മതിക്കുകയും പ്രശ്നം വലുതാവുകയും നബി(ﷺ)യുടെ അടുക്കൽ എത്തുകയും ചെയ്തു. അന്നേരമാണ് മുകളിൽ പറഞ്ഞ ആയത്ത് (ബഖറ:223) അവതരിച്ചത്. ശേഷം നബി(ﷺ) ഇപ്രകാരം പറയുകയും ചെയ്തു:

مقبلات ومدبرات ومستلقيات يعني بذلك موضع الولد

മുന്നിലോ പിന്നിലോ കിടന്നോ എങ്ങിനെ വേണമെങ്കിലും നിങ്ങൾക്ക് സമീപിക്കാം. ജനനേന്ദ്രിയത്തിലായിരിക്കണം എന്ന് മാത്രം''. (അബൂദാവൂദ് 1/377, ഹാകിം 2/195, അൽബാനിയുടെ ആദാബുസ്വിഫാഫ് 101)

## ബന്ധപ്പെടുമ്പോഴുള്ള പ്രാർത്ഥന

بِسْمِ اللهِ اللهُمَّ جَنِّبْنَ الشيْطَانَ وَجَنِّبِ الشيطانَ مَا رزَقْتَنَا (البخاري)

''ബിസ്മില്ലാഹി അല്ലാഹുമ്മ ജന്നിബ്നി ശ്ശെയ്താന വജന്നിബ്നിശ്ശെയ്താന മാ റസഖ്നതാ. (അല്ലാഹുവേ ഞങ്ങളിൽ നിന്നും പിശാചിനെ നീ അകറ്റേ

ണമേ, ഞങ്ങൾക്ക് പ്രദാനം നൽകുന്ന (സന്തതിയിൽ) നിന്നും പിശാചിനെ നീ അകറ്റണമേ)". (ബുഖാരി)

إذا أتي أحدكم أهله ثم أراد أن يعود فليتوضأ فإنها أنشط للعود (حاكم، بيهقي، صحيح الجامع للألباني ٢٦٣)

"ഒരിക്കൽ ബന്ധപ്പെട്ട ശേഷം വീണ്ടും ബന്ധപ്പെടാൻ ഉദ്ദേശിച്ചാൽ അവക്ക് ഇടയിൽ വുളുവുണ്ടാക്കൽ നബിചര്യയിൽ പെട്ടതാണ്. അത് മടക്കത്തിന് (രണ്ടാമത് ബന്ധപ്പെടുന്നതിന്) ഉന്മേഷം നൽകുന്നതാണ്". (ഹാകിം, ബൈഹഖി, സ്വഹീഹ് ജാമിഅ് 263)

## ദമ്പതിമാർ നഗ്നരാവൽ

ദമ്പതിമാർ ലൈംഗീക കേളികളിൽ ഏർപ്പെടുന്ന സന്ദർഭങ്ങളിൽ പ്രയാസമുണ്ടാക്കുന്ന ഒരുപാട് നിബന്ധനകൾ സമൂഹം അടിച്ചേൽപ്പിക്കുന്നതായി കാണാം. അതിൽ പെട്ടതാണ് ലൈംഗീക വേഴ്ചയുടെ അവസരത്തിലും നഗ്നരാവാൻ പാടില്ല എന്നുള്ളത്. ഇതിനായി ചില ദുർബല ഹദീസുകളും ഉദ്ധരിക്കാറുണ്ട്.

"നിങ്ങൾ ആരെങ്കിലും തന്റെ ഭാര്യയുമായി ബന്ധപ്പെടുമ്പോൾ അവൻ ഒരു മറ സ്വീകരിക്കേണ്ടതാണ്. അവർ രണ്ട്പേരും നഗ്നരാവാതിരിക്കുകയും ചെയ്യട്ടെ". (ഇബ്നുമാജ 1/592) ഈ ഹദീസ് ദുർബലമാണ്. വിശ്വാസ യോഗ്യമല്ല എന്ന് ഹദീസ് പണ്ഡിതന്മാരായ ഉബ്നുമഈൻ, ഇബ്നുഇബ്ബാൻ എന്നിവർ എടുത്തു പറഞ്ഞിട്ടുണ്ട്. അതു കൊണ്ട് സംയോഗ വിഷയത്തിൽ പാടില്ലാത്ത കാര്യങ്ങൾ ഇസ്ലാം വ്യക്തമാക്കിയിട്ടുണ്ട്. അതല്ലാത്ത ഏതു രീതികളും താൽപര്യങ്ങളുമാകാം എന്നതാണ് ഇതിൽ നിന്ന് മനസ്സിലാക്കേണ്ടത്. അനാവശ്യ ചിന്തകളും സംശയങ്ങളും ഈ വിഷയത്തിൽ ഒഴിവാക്കുകയാണ് ഗുണകരം. എന്നാൽ മറ സ്വീകരിക്കണം എന്നത് ഈ ഹദീസുകളിലു ടെയല്ലെങ്കിലും നാം സ്വീകരിക്കേണ്ട മര്യാദകളിൽ പെട്ടതാണെന്നകാര്യം തർക്കമില്ലാത്തതാണ്.

## ലൈംഗീക ഭാഗത്തേക്ക് നോക്കൽ

ദമ്പതിമാർക്ക് ലൈംഗിക ഭാഗത്തേക്ക് അന്യോന്യം നോക്കാൻ പാടില്ല എന്നുള്ള ചില അബദ്ധ ധാരണകളും ചിലർ സമൂഹത്തിൽ പ്രചരിപ്പിച്ചുട്ടുണ്ട്. അതിനും അടിസ്ഥാനമില്ല. ഈ വിഷയത്തിലും യാതൊരു വിരോധവും സ്വഹീഹായ ഹദീസുകളിൽ സ്ഥിരപ്പെട്ടിട്ടില്ല.

ആയിഷ (ﷺ) പറയുന്നതായി താഴെ പറയും പ്രകാരം ഒരു വാചകം കാണാവുന്നതാണ്. "ഞാൻ ഒരിക്കലും നബി(സ)യുടെ ഗോപ്യഭാഗം കണ്ടിട്ടില്ല".

ما رأيت عورة رسول الله صلى الله عليه وسلم قط (الطبراني، إبن ماجه، أبو شيخ في أخلاق النبي صلى الله عليه وسلم)

ത്വബ്റാനിയുടെ സ്വഗീറിൽ (പേജ് 27) വന്നിട്ടുള്ള ഇതിന്റെ പരമ്പരയിൽ ബറക്കത്തുബ്നു മുഹമ്മദുൽ ഹലബി എന്നൊരാളുണ്ട്. അയാൾ വിശ്വാസ യോഗ്യനല്ല. അയാളിൽ യാതൊരു ബറക്കതുമില്ല; എന്നാണ് നാസറുദ്ദിൻ അൽബാനി പറഞ്ഞിട്ടുള്ളത്. ഇതേ വ്യക്തിയുള്ള പരമ്പരയോട് കൂടി തന്നെ യാണ് അബൂനുഐമും (8/247) ഖത്വീബും 1/225) ഇത് ഉദ്ധരിച്ചിട്ടുള്ളത്. ഇതേ വാക്ക് തന്നെ ഇബ്നുമാജയും (1/226)യും ഇബ്നു സഅദും (8/136) ആയിഷ(ﷺ)യുടെ അടിമ സ്ത്രീയിൽ നിന്ന് ഉദ്ധരിക്കുന്നുണ്ട്. അതിൽ പറ യപ്പെട്ട അടിമ സ്ത്രീ ആരാണെന്ന് വ്യക്തമല്ലാത്തതിനാൽ അതും സ്വീകാര്യ യോഗ്യമല്ലെന്നതാണ് പണ്ഡിതാഭിപ്രായം.

നബി(ﷺ)യുടെ ചരിത്രം വിശദികരിക്കുന്ന അഖ്ലാഖുന്നബിയ്യി(ﷺ) എന്ന ഗ്രന്ഥത്തിൽ (പേജ്: 251) അബൂശൈഖ് എന്ന പണ്ഡിതൻ മൂന്നാമത് ഒരു സനദിലൂടെ ഇത് ഉദ്ധരിച്ചിട്ടുണ്ട്. അതിന്റെ പരമ്പരയിൽ അബൂസാ ലിഹ് എന്നൊരു വ്യക്തിയുണ്ട്. അയാൾ വിശ്വാസയോഗ്യനല്ല. മുഹമ്മദു ബ്നുൽ ഖാസിം എന്ന മറ്റൊരു വ്യക്തി പെരുംകള്ളനുമാണ്. അതിനാൽ പ്രസ്തുത റിപ്പോർട്ടും സ്വീകാര്യയോഗ്യമല്ല.

മേൽപറയപ്പെട്ടതായ വിഷയത്തിന് എതിരായ ഒരു റിപ്പോർട്ട് ഇബ്നുഹിബ്ബാൻ, സുലൈമാനു ബ്നുമൂസയിൽ നിന്ന് ഉദ്ധരിക്കുന്നുണ്ട്; അത് ഇപ്രകാരമാണ്. ‘‘ഒരാൾ തന്റെ ഭാര്യയുടെ ലൈംഗീക ഭാഗത്തേക്ക് നോക്കുന്നതിന്റെ വിധിയെന്താണെന്ന് അദ്ദേഹത്തോട് ഒരാൾ ചോദിച്ചു: അ തിനെ സംബന്ധിച്ച് അദ്ദേഹം പറഞ്ഞത്, ഞാൻ ഇക്കാര്യം ആത്വാഇനോട് ചേദിച്ചു, അദ്ദേഹം ആയിഷ(ﷺ)യോട് ചോദിച്ചു: അതിന് മഹതി പറഞ്ഞ തായ മറുപടി താഴെ ചേർക്കുന്നു:

كنت أغتسل أنا ورسول الله صلى الله عليه وسلم من إناءبيني وبينه واحد

**‘‘(ഞാനും നബി(ﷺ)യും ഒരുമിച്ച് ഒരു പാത്രത്തിൽ നിന്ന് വെള്ളമെടുത്ത് ജനാബത്ത് കുളിക്കാറുണ്ടായിരുന്നു”.) (അൽബാനിയുടെ ആദാബുസ്വി ഫാഫ് 109)**

ഹദീസ് എന്ന പേരിൽ വന്നിട്ടുള്ള ഒരു മൗളൂഅ് ആയ (നിർമ്മിതമായ) വാക്കാണ് മേൽപറയപ്പെട്ട, ദമ്പതിമാർ ലൈംഗീകാവയവയവങ്ങളിലേക്ക് പരസ്പരം നോക്കുകയും കാണുകയും അരുത് എന്നതിന് എടുത്ത്പറയാ റുള്ളത്. അത് ഇപ്രകാരമാണ്:

إذا جامع أحدكم زوجته أو جاريته فلا ينظر إلى فرجها فإن ذلك يورث العمى (ضعيف الجامع للألباني ٤٥٢)

**‘‘നിങ്ങളാരെങ്കിലും തന്റെ ഇണയുമായി ബന്ധപ്പെടുകയാണെങ്കിൽ അവ ളുടെ ലൈംഗീക ഭാഗത്തേക്ക് നോക്കരുത്. അത് അന്ധതയെ അനന്തരമെ ടുക്കലായിരിക്കും”. (ളഈഫുൽജാമിഅ് 452)**

ഇത് നിർമ്മിത ഹദീസാണ്. ഹദീസ് പണ്ഡിതന്മാരായ അബൂ ഹാതിം, ഇബ്നുഹിബ്ബാൻ എന്നിവരും ആധുനിക പണ്ഡിതരായ ഇബ്നുഖയ്യിമുൽ ജൗസി, അബ്ദുൽഹഖ്, ഇബ്നു ദഖിഖ് എന്നിവരും ഇക്കാര്യം അവരുടെ ഗ്രന്ഥങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്. (അൽബാനിയുടെ ആദാബുസ്വിഫാഫ് 111 കാണുക) മുആവിയതു ബ്നു .... നബി(ﷺ)യോട് തന്റെ നഗ്നത വെളി വാക്കൽ നിഷിദ്ധമായതും, പാടുള്ളതും ഏതൊക്കെയാണ് എന്ന ചോദ്യ ത്തിന് പ്രവാചകൻ(ﷺ) പറഞ്ഞ മറുപടി കാണുക.

احفظ عورتك إلا من .وجتك أو ما ملكت يمينك (أبو داود ٤ / ٤٠ رقم ٤٠١٧، سلسلة الصحيحة ٤/ ٢٨١)

''നിന്റെ ഔറത്ത് നീ (വെള്ളിവാകാതെ) സൂക്ഷിക്കുക; നിന്റെ ഭാര്യയു ടെയും നീ ഉടമപ്പെടുത്തിയ അടിമ സ്ത്രീകളുടെയും മുന്നിലൊഴികെ''. (അബൂദാവൂദ് 4/40:4017, സിൽസിലത്തു സ്വഹീഹ4/281)

ഈ ഹദീസ് ഭാര്യ ഭർത്താക്കൾ ശരീരത്തിലെ നഗ്നഭാഗങ്ങൾ പര സ്പരം കാണാൻ പാടില്ല എന്നല്ല പഠിപ്പിക്കുന്നത്. മറിച്ച് കാണൽ നിഷിദ്ധ മല്ല; അനുവദിക്കപ്പെട്ടതാണ്. എന്നാണ് പഠിപ്പിക്കുന്നത്.

## ഗുദമൈഥുനം നിഷിദ്ധം

عن امّ سلمة رضي الله عنها قالت: لما قدم المهاجرون المدينة على الأنصار تزوجوا من نسائهم ، وكان المهاجرون يجبون ، وكانت الأنصار لا تجبي، فأراد الرجل من المهاجرين امرأته على ذلك ، فأبت عليه حتى تسأل رسول الله صلي اللع عليه وسلم ، قالت: فأتته، فاستحيت أن تسأله ، فسأله أم سلمة ، فنزلت : { نِسَآؤُكُمْ حَرْثٌ لَّكُمْ فَأْتُواْ حَرْثَكُمْ أَنَّى شِئْتُمْ | وقال : لا إلاّ في صمام واحد

(أحمد ٦/ ٣٠٥، بيهقي ٧/ ١٩٥ على شروط مسلم، آداب الزفاف للألباني : ١٠٣)

''ഉമ്മുസൽമ (ﷺ) പറയുന്നു: മുഹാജിറുകൾ മദീനയിലെത്തി അൻസ്വാരി സ്ത്രീകളെ വിവാഹം ചെയ്തു. മുഹാജിറുകൾ സ്ത്രീകളെ കമഴ്ത്തിക്കി ടത്തി ബന്ധപ്പെടാൻ താൽപര്യം കാണിക്കുന്നവരായിരുന്നു. അൻസ്വാരി സ്ത്രീകൾ അത് ഇഷ്ടപ്പെട്ടിരുന്നില്ല. മുഹാജിറുകളിൽ പെട്ട ഒരാൾ തന്റെ ഭാര്യയെ പിന്നിലൂടെ ബന്ധപ്പെടാൻ ഒരുങ്ങി, അന്നേരം ആ വിഷയം നബി(ﷺ)യോട് അന്വേഷിച്ച് അനുവദനീയമാണോ എന്ന് ഉറപ്പ് വരുത്തു ന്നത്വരെ അവൾ വിസമ്മതിച്ചു. അങ്ങിനെ നബി(ﷺ)യുടെ അടുത്തെത്തി യെങ്കിലും ലജ്ജ കാരണത്താൽ പിന്മാറുകയും, ഉമ്മുസൽമാ (ﷺ) നബി(ﷺ)യോട് ചോദിക്കുകയും ചെയ്തു. അന്നേരമാണ് ബഖറ 223-ാം ആയത്ത് അവതരിപ്പിച്ചത്. കൂടെ നബി(ﷺ)പറഞ്ഞു: ജനനേന്ദ്രിയത്തിൽ

ആക്കിക്കൊണ്ട് ഏത് വിധേന ചെയ്യുന്നതിലും വിരോധമില്ല". (അഹ്മദ് 6/305, ബൈഹഖി മുസ്‌ലിമി നിബന്ധനകൾ പാലിച്ച് 7/195, അൽബാനി ആദാബിസ്സിഫാഫ് 103)

ملعون من أتى امرأته في دبرها (صحيح أبو داود ٢/ ٢٤٩ رقم ٢١٦٢)

"സ്ത്രീയെ ഗുദമൈഥുനം ചെയ്യുന്നവൻ ശപിക്കപ്പെട്ടവനാണ്". (സ്വഹീഹ് അബൂദാവൂദ് 2/249 നമ്പർ 2162)

إن الذي يأتي امرأته في دبرها لا ينظر الله إليه يوم القيامة (صحيح الجامع: ١٦٩١)

"സ്ത്രീയെ ഗുദത്തിൽ ഭോഗിക്കുന്നവനിലേക്ക് അല്ലാഹു നോക്കുകയില്ല". (സ്വഹീഹ് ജാമിഅ് 1691)

## ആർത്തവ സമയത്ത് സംയോഗം നിഷിദ്ധം

സ്ത്രീ ആർത്തവകാരിയായിരിക്കുമ്പോൾ ലിംഗം യോനിയിൽ പ്രവേശിച്ച് കൊണ്ട് സംയോഗം ചെയ്യുന്നത് നിഷിദ്ധമാണ്. എന്നാൽ മറ്റുപല സമൂഹങ്ങളിലും നിലനിൽക്കുന്ന വിധത്തിൽ ഒരു നിലക്കും സ്ത്രീയെ സ്പർശിക്കാൻ പാടില്ലാത്തവിധം അകറ്റി പാർപ്പിക്കണം എന്ന് ഇതിന് അർത്ഥമാക്കരുത്. ആർത്തവ സമയം സ്ത്രീകൾ സാധാരണ അവസരങ്ങളിലുള്ള അവസ്ഥയിലല്ല എന്ന് ഏതൊരാൾക്കും മനസ്സിലാക്കാൻ പ്രയാസമുണ്ടാവുകയില്ല. എന്നാൽ ഈ സന്ദർഭങ്ങളിൽ ലൈംഗിക ബന്ധത്തിലേർപ്പെടാത്ത നിലക്കുള്ള എല്ലാത്തരം കാമകേളികളിലും ഏർപ്പെടുന്നാവുന്നതാണ്. അല്ലാഹു പറയുന്നു:

{وَيَسْأَلُونَكَ عَنِ الْمَحِيضِ قُلْ هُوَ أَذًى فَاعْتَزِلُواْ النِّسَاء فِي الْمَحِيضِ وَلاَ تَقْرَبُوهُنَّ حَتَّى يَطْهُرْنَ فَإِذَا تَطَهَّرْنَ فَأْتُوهُنَّ مِنْ حَيْثُ أَمَرَكُمُ اللّهُ إِنَّ اللّهَ يُحِبُّ التَّوَّابِينَ وَيُحِبُّ الْمُتَطَهِّرِينَ} سورة البقرة ٢٢٢:

"ആർത്തവത്തെപ്പറ്റി അവർ നിന്നോട് ചോദിക്കുന്നു: പറയുക; അതൊരു മാലിന്യമാകുന്നു. അതിനാൽ ആർത്തവ ഘട്ടത്തിൽ നിങ്ങൾ സ്ത്രീകളിൽനിന്ന് അകന്ന് നിൽക്കേണ്ടതാണ്. അവർ ശുദ്ധിയാകുന്നത്വരെ അവരെ സമീപിക്കാൻ പാടില്ല. എന്നാൽ അവർ ശുദ്ധിയായിക്കഴിഞ്ഞാൽ അല്ലാഹു നിങ്ങളോട് കൽപ്പിച്ച വിധത്തിൽ നിങ്ങൾ അവരുടെ അടുത്ത്ചെന്നു കൊള്ളുക. നിശ്ചയം അല്ലാഹു പശ്ചാതപിക്കുന്നവരെയും ഇഷ്ടപ്പെടുന്നു". (സൂറ: ബഖറ 222)

നബി(ﷺ) പറഞ്ഞു:

من أتى حائضا أو إمرأة في دبرها أو كاهنا فصدقه بما يقول فقد كفر بما أنزل على محمد (صحيح الألباني صحيح سنن ابن ماجه ١/ ٢٠٩ رقم ٦٣٩)

**“ആർത്തവകാരിയെ ഭോഗിക്കുന്നവനും ഗുദമൈഥുനം ചെയ്യുന്നവനും ജോൽസ്യരുടെ ജൽപനങ്ങളെ സത്യപ്പെടുത്തുന്നവനും മുഹമ്മദ്നബി(ﷺ)ക്ക് അവതരിപ്പിക്കപ്പെട്ടതിൽ അവിശ്വസിച്ചവനാണ്”. (അൽബാനി സ്വഹീഹ് ഇബ്നുമാജ 1/209, നമ്പർ 639)**

## ആർത്തവകാരിയെ ഭോഗിച്ചവന്റെ പ്രായശ്ചിത്തം

ആർത്തവകാരിയുമായി ബന്ധപ്പെടുന്നത് കുറ്റകരമാണ്. അത് കേവലം പശ്ചാതാപം കൊണ്ട് മാത്രം പൊറുക്കപ്പെടുന്നതല്ല. മറിച്ച് അതിന് പ്രായശ്ചിത്വം കൂടി നൽകേണ്ടതുണ്ട് എന്നാണ് നബിവചനങ്ങളിൽ നിന്നും മനസ്സിലാക്കുന്നത്.

في الذي يأتي امرأته وهي حائض قال يتصدق بدينار أو نصف دينار (صحيح أبي داود للألباني ١/ ١٦٩ رقم ٢٦٤)

**“ആർത്തവ സമയം തന്റെ ഭാര്യയുമായി ബന്ധപ്പെട്ടവന്റെ വിഷയത്തിൽ നബി(ﷺ) പറഞ്ഞു: അവൻ ഒരു ദീനാറൊ അല്ലെങ്കിൽ ഒരു ദീനാറിന്റെ പകുതിയോ ദാനം ചെയ്യേണ്ടതാണ്”. (സ്വഹീഹ് അബൂദാവൂദ് 1/169 നമ്പർ 264)**

എന്നാൽ സ്ത്രീയുടെ യോനിയിൽ പ്രവേശിപ്പിക്കുന്നത് ഒഴിച്ച് താനുദ്ദേശിക്കുന്നതെല്ലാം അനുവദനീയമാണ്. നബി(ﷺ) ആർത്തവ സമയങ്ങളിൽ ലൈംഗീക ബന്ധമല്ലാത്തതെല്ലാം അനുഭവിക്കാറുണ്ടായിരുന്നു. ആയിശ(رضي الله عنها) പറയുന്നു:

كان رسول الله ﷺ يأمر إحدانا إذا كانت حائضا أن تتزر ثم يضاجعها زوجها وقال مرة يباشرها (صحيح أبي داود ١/ ٧٠ رقم ٢٦٨)

**“ഞങ്ങളിൽ ആരെങ്കിലും ആർത്തവകാരിയായാൽ നബി(ﷺ) ഞങ്ങളോട് ഒരു തുണി ഉടുക്കാൻ പറയും. ശേഷം ഭർത്താവ് അവളുമായി ശയിക്കുമായിരുന്നു”. (സ്വഹീഹ് അബൂദാവൂദ് 1/70 നമ്പർ 268)**

## ലൈംഗീകാവയവം ഉപയോഗിക്കാതെ മറ്റെല്ലാം അനുവദനീയമാണ്.

اصنعوا كل شيئ إلا النكاح أي : الجماع (مسلم)

**“ലൈംഗീക ബന്ധം അല്ലാത്തതെല്ലാം നിങ്ങൾ ചെയ്തു കൊള്ളുക”. (മുസ്ലിം)**

## ആർത്തവത്തിന് ശേഷം എപ്പോൾ ?

ആർത്തവമുണ്ടായതിന് ശേഷം എപ്പോഴാണ് പിന്നീട് ബന്ധപ്പെടാൻ അനുവദിക്കുന്നത് എന്നതിൽ പണ്ഡിതന്മാർക്കിടയിൽ അഭിപ്രായ വ്യത്യാസങ്ങൾ നിലനിൽക്കുന്നുണ്ട്. എങ്കിലും രക്തസ്രാവം നിന്നു കഴിഞ്ഞാൽ ആ ഭാഗം കഴുകി വൃത്തിയാക്കിയ ശേഷം ബന്ധപ്പെടാവുന്നതാണ്. നബി(ﷺ) കുളി നിർബന്ധമുള്ള അവസരങ്ങളിൽ കുളിക്കാതെ ഉറങ്ങുകയോ ഭക്ഷണം കഴിക്കുകയോ ചെയ്യുകയാണെങ്കിൽ അതിനു മുമ്പായി വുളൂഹ് നിർവ്വഹിക്കാറുണ്ടായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ രക്തം നിന്നു കഴിഞ്ഞാൽ ഗുഹ്യഭാഗം കഴുകി വൃത്തിയാക്കി വുളു നിർവ്വഹിച്ച് ബന്ധപ്പെടാവുന്നതാണ് എന്ന് മനലസ്സിലാക്കാവുന്നതാണ്.

*************

## അസ്ല് (ലിംഗം പുറത്തെടുക്കൽ) അനുവദനീയം

സ്ത്രീ ഗർഭം ധരിക്കാതിരിക്കാൻ സംയോഗവേളയിൽ സ്ഖലനം നടക്കുന്നതിന് മുമ്പായി ശുക്ലം സ്ത്രീയുടെ യോനിയിലേക്ക് സ്രവിക്കാതിരിക്കാനായി ലിംഗം പുറത്തേക്ക് എടുക്കുന്നതിന് അറബിയിൽ അസ്ല് എന്നാണ് പറയുക. ആവശ്യഘട്ടങ്ങളിൽ സ്ത്രീയുടെ കൂടി സമ്മതപ്രകാരം അത് അനുവദനീയമാണ്. എന്നാലിത് നിർബന്ധ സാഹചര്യത്തിൽ മാത്രമെ ഇസ്ലാം അനുവദിക്കുന്നുള്ളൂ. അടുത്തടുത്തുള്ള പ്രസവം മാതാവിനേയും കുഞ്ഞുങ്ങളേയും സാരമായി ബാധിക്കുമെന്ന് തോന്നുന്ന അവസരങ്ങളിൽ രണ്ട്പേരുടേയും ധാരണയോട് കൂടി ഇത് ആകാവുന്നതാണ്.
രണ്ട് കൊല്ലക്കാലം കുഞ്ഞിന് മുലപ്പാൽ നൽകൽ കുഞ്ഞിന്റെ ശരിയായ വളർച്ചക്ക് അനിവാര്യമാണ്. ഈ കാലയളവിൽ ഗർഭധാരണം നടക്കാതിരിക്കാനായി താൽകാലികമായി ഗർഭ ധാരണം തടയാനുള്ള ആധുനിക മാർഗ്ഗങ്ങൾ സ്വീകരിക്കലും അനുവദനീയമാണെന്ന് താഴെ പറയുന്ന ഹദീസുകളുടെ അടിസ്ഥാനത്തിൽ പണ്ഡിതന്മാർക്ക് അഭിപ്രായമുണ്ട്.

മുകളിൽ പറഞ്ഞതല്ലാത്തനിലയിൽ താൽകാലികമായല്ലാതെയുള്ള സന്താന നിയന്ത്രണം പാടില്ലാത്തതാണ്. എന്നാൽ വിദഗ്ധനായ ഒരു ഡോക്ടർ ഒരു സ്ത്രീ ഗർഭിണിയാകാൻ പാടില്ലാത്ത വിധം രോഗിയാണെന്നോ, ഗർഭം ധരിച്ചാൽ കുഞ്ഞിനോ മാതാവിന് തന്നെയോ രോഗം മൂർച്ചിക്കാൻ ഇടയുണ്ട് എന്നോ അഭിപ്രായപ്പെട്ടാൽ ഗർഭധാരണം പൂർണ്ണമായും തടയാനള്ള മാർഗ്ഗം സ്വീകരിക്കുന്നതിൽ കുറ്റമില്ല.

عن جابر : كنّا نعزل على عهد رسول الله صلى الله عليه وسلم فبلغ ذلك نبي الله صلى الله عليه وسلم ولم ينهنا والقرآن ينزل (متفق عليه)

**“ജാബിർ(﵁)വിൽ നിന്ന് ഞങ്ങൾ നബി(ﷺ)യുടെ കാലത്ത് അസ്ല് ചെയ്യാറുണ്ടായിരുന്നു. അത് നബി(ﷺ)യുടെ അടുക്കൽ എത്തിയിരുന്നു. എന്നാൽ ഞങ്ങളോട് അദ്ദേഹം അത് വിരോധിച്ചില്ല”. (മുതഫഖുൻ അലൈഹി)**

അബൂസഈദിൽ ഖുദ്രിയ്യ് (﵁) പറയുന്ന മറ്റൊരു സംഭവം കാണുക:

جاء رجل إلى النبي صلى الله عليه وسلم فقال: يا رسول الله إنّ لي جارية وأنا أعزل عنها وإنّي أكره أن تحمل وأنا أريد ما يريد الرجال وإن اليهود تحدث أن العزل الموؤودة الصغرى فقال عليه السلام : كذبت اليهود لو أراد الله أن يخلقه ما استطعت أن تصرفه (غاية المرام للألباني رقم ٢٤٠)

“ഒരാൾ നബി(ﷺ)യുടെ അടുക്കൽ വന്ന് പറഞ്ഞു: നബിയെ എനിക്ക് ഒരു അടിമസ്ത്രീയുണ്ട്. ഞാൻ അവളുമായി ആളുകൾ ഉദ്ദേശിക്കാറുള്ളത് ആഗ്രഹിക്കുന്നു. ഞാൻ അവളുമായി അസ്ല് ചെയ്യാറുണ്ട്. എന്നാൽ ജൂത ന്മാർ അസ്ല് ചെറിയ നിലയ്ക്ക് കുഞ്ഞിന് കുഴിച്ച് മൂടലാണ് എന്ന് പറയു ന്നു. അപ്പോൾ നബി(ﷺ) പറഞ്ഞു: അവർ പറയുന്നത് കളവാണ്. എന്നാൽ അല്ലാഹു അതിൽ ഒരു സൃഷ്ടി ഉദ്ദേശിച്ചാൽ നിനക്കത് തെറ്റിക്കാൻ കഴി യുന്നതല്ല”. (അൽബാനിയുടെ ഗായത്തുൽമറാം 240)

ജാബിർ(رضي الله عنه) പറയുന്ന മറ്റൊരു സംഭവം മുസ്ലിമും മറ്റും റിപ്പോർട്ട് ചെയ്യുന്നത് ഇപ്രകാരമാണ്:

جاء رجل من الأنصارإلى رسول الله صلى الله عليه وسلم فقال إنّ لي جارية أطوف عليها وأنا أكره أن تحمل فقال أعزل عنها إن شئت فإنّه سيأتيها ما قدر اها قال فلبث الرجل ثمّ أتاه فقال إن الجارية قد حملت قال قد أخبرتك أنّه سيأتيها ما قدر لها (أبو داود ٢/ ٢٥٢ رقم ٢١٧٣)

“അൻസാരികളിൽപെട്ട ഒരാൾ നബി(ﷺ)യുടെ അടുക്കൽ വന്ന് ഇപ്രകാരം പറഞ്ഞു: എനിക്കൊരു അടിമ സ്ത്രീയുണ്ട്, ഞാൻ അവളുടെ അടുക്കൽ ചെല്ലാറുണ്ട്. എന്നാൽ അവൾ ഗർഭിണിയാകുന്നത് ഞാൻ വെറുക്കുന്നു. അപ്പോൾ അദ്ദേഹം പറഞ്ഞു: നീ ഉദ്ദേശിക്കുന്നുവെങ്കിൽ നിനക്ക് അസ്ല് ചെയ്യാമല്ലോ. എന്നാൽ അല്ലാഹു കണക്കാക്കിയത് ഉണ്ടാവുക തന്നെ ചെ യ്യും. കുറച്ച് കാലം കഴിഞ്ഞ് അയാൾ വന്ന് പറഞ്ഞു: ആ അടിമ സ്ത്രീ ഗർഭിണിയായിരിക്കുന്നു. അന്നേരം നബി(ﷺ) പറഞ്ഞു: അല്ലാഹു കണ ക്കാക്കിയത് ഉണ്ടാവുക തന്നെ ചെയ്യുമെന്ന് ഞാൻ നിന്നോട് പറഞ്ഞിട്ടുള്ള താണ്”. (സ്വഹീഹ് അബൂദാവൂദ് 2/252 നമ്പർ 2173)

## കുളി

ലൈംഗീക ബന്ധത്തിലേർപ്പെടുക, (ഭാര്യാ ഭർത്താക്കളുടെ ലൈംഗീക ഭാഗ ങ്ങൾ തമ്മിൽ സ്പർശിച്ച ശേഷം ബന്ധപ്പെടാതെ പിന്മാറിയാലും, സ്ഖലനം സംഭവിച്ചില്ലെങ്കിലും കുളിക്കൽ നിർബന്ധമാണ്). സ്വപ്ന ത്തിലോ അല്ലാതെയോ സ്ഖലനം നടക്കുക, സ്ത്രീ ആർത്തവം പ്രസവം എന്നിവക്ക് ശേഷം ശുദ്ധിയാവുക, എന്നീ കാരണങ്ങളാൽ കുളിക്കൽ നിർബന്ധമാണ്.

“പ്രവാചകൻ(ﷺ) നിർബന്ധമായും കുളിക്കേണ്ട അവസരങ്ങളിൽ ആദ്യം തന്റെ വലത് കൈ കൊണ്ട് ലൈംഗീക ഭാഗത്ത് വെള്ളം ഒഴിച്ച് ഇടത് കൈ കൊണ്ട് കഴുകി വൃത്തിയാക്കും തുടർന്ന് നമസ്കാരത്തിന് വുളു ഉണ്ടാക്കുംവിധം വുളു എടുക്കും. (കാൽ അവസാനം കാഴുകിയാൽ മതി) തുടർന്ന് തലയിൽ മൂന്ന് കോരൽ വെള്ളം ഒഴിക്കും. പിന്നെ ശരീര

ത്തിന്റെ മറ്റ് ഭാഗങ്ങളിലും, ശേഷം കുളിച്ച് സ്ഥലത്ത് നിന്നും അൽപം മാറി നിന്ന് കാല് കഴുകുകയും ചെയ്യുമായിരുന്നു''. (മുഖ്തസറു മുസ്‌ലിം 155)

ബന്ധപ്പെട്ട ശേഷം രാത്രിയിൽ തന്നെ കുളിക്കുന്നില്ലെങ്കിൽ ഉറങ്ങുന്നതിന് മുമ്പ് വുളു ഉണ്ടാക്കുകയെങ്കിലും ചെയ്യേണ്ടതാണ്. ലൈംഗീക ബന്ധത്തിന് ശേഷം രാത്രിയിൽ കുളിക്കൽ നിർബന്ധമില്ല. നബി(ﷺ) റമളാൻ മാസത്തിൽ പോലും പ്രഭാതമായതിന് ശേഷം കുളിക്കുകയും നോമ്പ് അനുഷ്ടിക്കുകയും ചെയ്തിരുന്നതായി ഹദീസുകളിൽ കാണാവുന്നതാണ്.

പ്രവാചക പത്നിമാരായ ആയിശ(ﷺ)യും ഉമ്മുസൽമ(ﷺ)യും പറയുന്നു:

إن كان رسول الله صلى الله عليه وسلم ليصبح جنبا من جماع غير احتلام في الرمضان ثم يصوم

(مختصر مسلم ٥٨٥)

**''നിശ്ചയം നബി(ﷺ) റമളാനിൽ സ്വപ്ന സ്ഖലനത്തിലല്ലാതെ സംയോഗത്താൽ തന്നെ ജനാബത്തുകാരനായി നേരം പുലരാറുണ്ടായിരുന്നു. എന്നിട്ട് അദ്ദേഹം നോമ്പ് അനുഷ്ടിക്കുകയുംചെയ്യുമായിരുന്നു''. (മുഖ്തസറു മുസ്‌ലിം 585)**

**''നബി(ﷺ) ജനാബത്തുകാരനായിരിക്കെ ഭക്ഷണം കഴിക്കുകയോ ഉറങ്ങുകയോ ചെയ്യുന്നതായാൽ അതിന് മുമ്പായി ലൈംഗീകാവയവങ്ങൾ കഴുകുകയും വുളു എടുക്കുകയും ചെയ്യുമായിരുന്നു''. (ബുഖാരി)**

**''ജനാബത്തുകാരൻ വുളു ഉണ്ടാക്കുന്നത് വരെ (കാരുണ്യത്തിന്റെ) മലക്കുകൾ അവനെ സമീപിക്കുകയില്ല''. (സ്വഹീഹ് അബൂദാവൂദ്, അൽബാനിയുടെ ആദാബു സ്വിഫാഫ് 115)**

## ദമ്പതിമാർക്ക് ഒരുമിച്ച് കുളിക്കാം

ഭാര്യാഭർത്താക്കൾ ഒന്നിച്ച് കുളിക്കുന്നതിന് വിരോധമില്ല. ''ഞാനും പ്രവാചകനും ഒരുമിച്ച് ഒരു പാത്രത്തിലെ വെള്ളത്തിൽ നിന്ന് കുളിക്കാറുണ്ടായിരുന്നുവെന്ന് ആയിശ(ﷺ) പറയുന്നുണ്ട്''. (മുഖ്തസറു മുസ്‌ലിം 115)

അപ്രകാരം തന്നെ നബി(ﷺ)യും മൈമൂന (ﷺ)യും, നബി(ﷺ)യും ഉമ്മുസൽമ(ﷺ)യും ഒരുമിച്ച് കുളിച്ചിരുന്നതും മൈമൂന(ﷺ) കുളിച്ച ബാക്കി വെള്ളം കൊണ്ട് നബി(ﷺ) കുളിച്ചതുമെല്ലാം ബുഖാരിയിലും മുസ്‌ലിമിലുമെല്ലാം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

കുളിക്കുന്ന അവസരത്തിൽ വുളുവിന് കൂടി നിയ്യത്ത് ചെയ്ത് കൊണ്ട് കുളിച്ചാൽ അത് മതിയാകുന്നതാണ്.

كان لآ يتوضّأ بعد الغُسل (أحمد، نسائي صحيح الجامع للألباني رقم ٤٨٤٣)

**“അദ്ദേഹം കുളിച്ചതിന്ന് ശേഷം വുളു എടുക്കുമായിരുന്നില്ല”. (അഹ്മദ്, നസാഈ, സ്വഹീഹുൽ ജാമിഅ് 4843**

## ബഹുഭാര്യത്വം

ഇസ്ലാം വിവാഹവുമായി ബന്ധപ്പെട്ട് എല്ലാവരും കൈക്കൊള്ളേണ്ട തായ വിഷയമായിട്ടല്ല ബഹുഭാര്യത്വത്തെ കാണുന്നത് എന്നാണ് ആദ്യ മായി മനസ്സിലാക്കേണ്ടത്. കാരണം ഇന്ന് ഇസ്ലാമിനേയും മുസ്ലിംക ളെയും അധിക്ഷേപിക്കുവാൻ ഇസ്ലാമിന്റെ ശത്രുക്കൾ ഏറ്റവും കൂടുത ലായി ഉപയോഗിക്കാൻ ശ്രമിക്കുന്ന ഒരായുധങ്ങളിൽ ഒന്നാണ് ബഹുഭാര്യത്വം.

ബഹുഭാര്യത്വം മറ്റുപല മതങ്ങളിലെന്നതു പോലെ നിഷിദ്ധമായ ഒന്നായി ഇസ്ലാം കാണുന്നല്ല. മറിച്ച് ചില ഉപാദികൾക്ക് അനുസരിച്ച് അ നിവാര്യഘട്ടങ്ങളിൽ മാത്രം ഉപയോഗപ്പെടുത്താനുള്ള അനുവാദം മാത്ര മായാണ് ബഹുഭാര്യത്ത്വത്തെ കാണുന്നത്. അത്തന്നെ വിശുദ്ധഖുർആൻ അവതീർണ്ണമായ കാരണവുംകൂടി വിലയിരുത്തുമ്പോൾ അക്കാലത്ത് നട പ്പുണ്ടായിരുന്ന ക്രമാധീതമായ ഒരു കാര്യം നിയമംമൂലം നിയന്ത്രണം ഏർപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത് എന്ന് മനസ്സിലാക്കാവുന്നതാണ്. അതല്ലാതെ അക്കാലത്ത് നിലനിന്നിരുന്ന ഏക ഭാര്യ സമ്പ്രദായം മാറ്റി ബ ഹുഭാര്യത്വം കൊണ്ടുവന്നതുമല്ല. ഇക്കാര്യം താഴെ പറയുന്ന ഹദീസിലൂടെ മനസ്സിലാക്കാവുന്നതാണ്.

قيس بن حارث قال أسلمت وعندي ثمان نسوة فذكرت ذلك النبي صلى الله عليه وسلم فقال النبي صلى الله عليه وسلم أختر منهنّ أربعا (صحيح أبو داود للألباني ٢/ ٢٧٢ رقم ٢٢٤١)

**“ഖൈസ് ബ്നുഹാരിസ് (ﷺ) പറയുന്നു: ഞാൻ മുസ്ലിമായ അവസര ത്തിൽ എനിക്ക് എട്ട് ഭാര്യമാരുണ്ടായിരുന്നു. അന്നേരം ഞാൻ അത് സബ ന്ധിച്ച് നബി(ﷺ)യോട് പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു: അവരിൽ നാല് പേരെ മാത്രം നീ തെരഞ്ഞെടുക്കുക”. (അൽബാനിയുടെ സ്വഹീഹ് അബൂദാവൂദ്2/272 നമ്പർ2241)**

മറ്റൊരു റിപ്പോർട്ടിൽ നീ അവരിൽ നാല് പേരെ തിരഞ്ഞെടുക്കുകയും ബാക്കിയുള്ളവരെ ഒഴിവാക്കുകയും ചെയ്യുക എന്ന് കാണാം:

أختر منهنّ أربعا وفارق سائرهن (صحيح الجامع ٢٢٢)

**“നീ അവരിൽ നാല് പേരെ തിരഞ്ഞെടുക്കുക. ബാക്കിയുള്ളവരെ ഒഴിവാ ക്കുക.”(അൽബാനിയുടെ സ്വഹീഹുൽ ജാമിഅ് 222)**

നാലിൽ കൂടുതൽ ഭാര്യമാരുള്ളവരോട് നാലെണ്ണം മാത്രം നില നിർത്തി ബാക്കിയുള്ളവരെ ഒഴിവാക്കണമെന്ന് പറഞ്ഞ പ്രവാചകൻ(ﷺ)

ഏക ഭാര്യയുള്ള ഒരാളോട്പോലും നാല് കല്യാണം കഴിക്കാൻ നിർദ്ദേശി ച്ചിട്ടില്ലെന്ന് പ്രത്യേകം വിലയിരുത്തേണ്ടതാണ്.

ഒന്നിലധികം സ്ത്രീകളെ വിവാഹം കഴിക്കുന്നവരാകട്ടെ ഭാര്യമാർക്കിട യിൽ പരിപൂർണ്ണമായും നീതിയോടെ വർത്തിക്കണമെന്ന വിശുദ്ധ ഖുർ ആന്റെ കൽപ്പന കണിശമായും പാലിക്കുകയും ചെയ്യേണ്ടതാണ്.

{وَإِنْ خِفْتُمْ أَلاَّ تُقْسِطُواْ فِي الْيَتَامَى فَانكِحُواْ مَا طَابَ لَكُم مِّنَ النِّسَاء مَثْنَى وَثُلاَثَ وَرُبَاعَ فَإِنْ خِفْتُمْ أَلاَّ تَعْدِلُواْ فَوَاحِدَةً أَوْ مَا مَلَكَتْ أَيْمَانُكُمْ ذَلِكَ أَدْنَى أَلاَّ تَعُولُواْ} سورة النساء : ٣

**"അനാഥകളുടെ കാര്യത്തിൽ നിങ്ങൾക്ക് നീതി പാലിക്കാൻ ആവില്ലെന്ന് നിങ്ങൾ ഭയപ്പെടുകയാണെങ്കിൽ (മറ്റു) സ്ത്രീകളിൽ നിന്ന് നിങ്ങൾ ഇഷ്ട പ്പെടുന്ന രണ്ടോ മൂന്നോ നാലോ പേരെ നിങ്ങൾ വിവാഹം ചെയ്തുകൊള്ളുക. എന്നാൽ (അവർക്കിടയിൽ) നീതി പുലർത്താനാവി ല്ലെന്ന് നിങ്ങൾ ഭയപ്പെടുകയാണെങ്കിൽ ഒരുവളെ മാത്രം (നിങ്ങൾ വിവാഹം കഴിക്കുക.) അല്ലെങ്കിൽ നിങ്ങളുടെ അധീനത്തിലുള്ള അടിമ സ്ത്രീയെ (ഭാര്യയെപോലെ സ്വീകരിക്കുക.) നിങ്ങൾ അതിര്വിട്ട് പോകാ തിരിക്കാൻ അതാണ് കൂടുതൽ അനുയോജ്യമായിട്ടുള്ളത്." (നിസാഅ് 3)**

ഇവിടെ പറയപ്പെട്ട ഖുർആൻ വചനത്തിൽ നിന്നും ഭക്ഷണം, പാർപ്പിടം, വസ്ത്രം, സഹശയനം എന്നീ കാര്യങ്ങളിൽ നിർബന്ധമായും നീതി പാലിക്കുമെന്ന് ഉപാധിയുടെ അടിസ്ഥാനത്തിൽ ഇസ്‌ലാം ബഹുഭാര്യത്വം അനുവദിക്കുന്നു. അതോടൊപ്പം നീതിയോടെ മുന്നോട്ട് പോകാൻ കഴിയാത്ത പക്ഷം ഒന്നിൽ കൂടുതൽ പാടില്ലെന്ന് അതേ ഖർആൻ വചനത്തിലൂടെ തന്നെ പഠിപ്പിക്കുകയും ചെയ്യുന്നു.

എന്നാൽ ഒന്നിൽ കൂടുതൽ വിവാഹം കഴിച്ച് വേണ്ടവിധം സംരക്ഷി ക്കാതെ ഒരുവളിലേക്ക് മാത്രം ശ്രദ്ധിച്ച് മറ്റവളെ ഭാര്യയുമല്ല മോചിതയുമല്ല എന്ന നിലക്ക് കെട്ടിയിടുകയും ചെയ്യരുത് എന്ന് അല്ലാഹു മുന്നറിയിപ്പ് നൽകുന്നുണ്ട്.

അല്ലാഹു പറയുന്നത് കാണുക:

{وَلَن تَسْتَطِيعُواْ أَن تَعْدِلُواْ بَيْنَ النِّسَاء وَلَوْ حَرَصْتُمْ فَلاَ تَمِيلُواْ كُلَّ الْمَيْلِ فَتَذَرُوهَا كَالْمُعَلَّقَةِ وَإِن تُصْلِحُواْ وَتَتَّقُواْ فَإِنَّ اللّهَ كَانَ غَفُورًا رَّحِيمًا} سورة النساء : ١٢٩

**"നിങ്ങൾ എത്ര തന്നെ ആഗ്രഹിച്ചാലും ഭര്യമാർക്ക് ഇടയിൽ (മാനസിക മായി) തുല്യനീതി പാലിക്കാൻ നിങ്ങൾക്ക് ഒരിക്കലും സാധിക്കുകയില്ല. അതിനാൽ നിങ്ങൾ (ഒരാളിലേക്ക്) പൂർണ്ണമായി തിരിഞ്ഞ് കൊണ്ട് മറ്റ വളെ കെട്ടിയിട്ടവളെപ്പോലെ വിട്ടേക്കരുത്. നിങ്ങൾ പെരുമാറ്റം നന്നാക്കു കയും സുക്ഷ്മത പാലിക്കുകയും ചെയ്യുന്നപക്ഷം അല്ലാഹു ഏറെ പൊറു ക്കുന്നവനും കരുണാനിധിയുമാകുന്നു." (നിസാഅ് 129)**

ഇവിടെ പറയപ്പെട്ട ഒന്നാമത്തെ ആയത്തിൽ പറയപ്പെട്ട നീതി പാലിക്കൽ ഭൗതിക സൗകര്യങ്ങളും രണ്ടാമത്തെ ആയത്തിൽ പറയപ്പെട്ട നീതി മാനസീകമായ അവസ്ഥയുമാണ്. ഈ രണ്ട് ആയത്തുകളെയും ദുർവ്യാഖ്യാനിച്ച് ഇസ്ലാം ബഹുഭാര്യത്വം അംഗീകരിക്കുന്നില്ലെന്ന് പറയുന്നവരുണ്ട്. അതാകട്ടെ ബോധപൂർവ്വം ദുർവ്യാഖ്യാനിക്കലോ അജ്ഞതയോ ആണ്. രണ്ടാമത് പറഞ്ഞ ആയത്തിൽ ഒരിക്കലും നീതിപാലിക്കാനാകില്ലെന്നും ആദ്യ ആയത്തിൽ നീതി പാലിക്കാനാകില്ലെങ്കിൽ ഒന്നേ പാടുള്ളൂ എന്നും പറഞ്ഞത് ഒരിക്കലും വൈരുദ്ധ്യമല്ല. ആദ്യ ആയത്തിൽ പറഞ്ഞത് മനുഷ്യന് കഴിയുന്നതും രണ്ടാമത് പറഞ്ഞത് നിയന്ത്രിക്കാൻ കഴിയാത്തതുമാണ്. അതാകട്ടെ മാനസീകമായും ഇങ്ങോട്ട് ലഭിക്കുന്ന സമീപനങ്ങൾക്ക് അനുസരിച്ച് മനസ്സിന്റെ തെളിമയാർന്ന പ്രകൃതിക്ക് അനുസരിച്ച് ബഹിർഗമിക്കുന്ന വികാരവുമാണ്.

അതു കൊണ്ട് തന്നെ ബഹുഭാര്യത്വം  എന്നത് താഴെ പറയുന്ന കാരണങ്ങളിലൂടെ പരിശോധിക്കാൻ ചിലപ്പോഴെങ്കിലും അനുവദനീയം എന്നതിലുപരി അനിവാര്യമായിത്തീരുന്ന സ്ഥിതി വിശേഷങ്ങളും ഉണ്ടാകുന്നതാണ്.

## 1. സ്ത്രീകളോട് കാണിക്കുന്ന കാരുണ്യം

ആദ്യഭാര്യ നിത്യരോഗിയാവുക, പ്രസവിക്കാത്തവളാകുക, എന്നിങ്ങനെ സ്ത്രീയുടെയല്ലാത്ത കാരണങ്ങൾ മൂലം ഒരു സ്ത്രീയെ  വഴിയാധാരമാക്കി പുരുഷൻ മറ്റൊരാളെ വിവാഹം കഴിച്ച് സുഖിച്ച് ജീവിക്കുക എന്നത് ഒരു പ്രത്യയശാസ്ത്രവും  നീതികരിക്കുമെന്ന് തോന്നുന്നില്ല. എന്നാൽ ഇസ്ലാം അത്തരം സന്ദർഭങ്ങളിൽ ആദ്യഭാര്യയെ നിലനിർത്തി പരിപൂർണ്ണ സംരക്ഷണം നൽകികൊണ്ട് മറ്റൊരുവളെ കൂടി വിവാഹം കഴിക്കുവാൻ അനുവദിക്കുന്നു. ഇതാകട്ടെ പുരുഷന്റെ ഭാഗത്ത് നിന്നുകൊണ്ടല്ലാതെ സ്ത്രീയുടെ ഭാഗത്ത് നിന്ന് ചിന്തിച്ചാലും എതിർക്കപ്പെടുകയില്ല; എന്ന് മാത്രമല്ല അത് സ്ത്രീയോട് കാണിക്കുന്ന കാരുണ്യവും കൂടിയായിരിക്കും.

## 2. പ്രകൃതിയുടെ ആവശ്യം

ലോകത്ത് മിക്ക രാഷ്ട്രങ്ങളിലേയും ജനസംഖ്യയിൽ സ്ത്രീകളുടെ അനുപാദം പുരുഷന്മാരുടേതിനേക്കാൾ കൂടുതലാണ്. അത്തരം സാഹചര്യത്തിൽ എല്ലാവർക്കും ജൈവപ്രകൃതിയുടെ ഭാഗമായ ദാമ്പത്യവും ലൈഗീക പൂർത്തീകരണം ലഭ്യമാകണമെങ്കിൽ  ഒന്നുകിൽ അനാശാസ്യ മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടിവരും. അതല്ലെങ്കിൽ ചിലരെങ്കിലും ഇസ്ലാം അനുവദിച്ച ബഹുഭാര്യത്വം സ്വീകരിക്കൽ അനിവാര്യമായിത്തീരുന്നതാണ്. അതുകൊണ്ട് തന്നെ മനുഷ്യപ്രകൃതിക്ക് അനുയോജ്യമായി പ്രപഞ്ചനാഥൻ നിർദ്ദേശിച്ച ബഹുഭാര്യത്വമെന്ന നിയമവും തീർത്തും പ്രകൃതിക്ക് അനുയോജ്യമാണെന്ന് കാണാവുന്നതാണ്.

## 3. മതം മനുഷ്യനെ കണ്ടറിയുന്നു

സ്ത്രീയുടെയും പുരുഷന്റെയും ശരീരപ്രകൃതി വ്യത്യാസമാണെന്നതു പോലെ വൈകാരിക ഘടനകളും വ്യത്യാസമാണ്. ഒരു പുരുഷന് ലൈംഗീക വികാരമെന്നത് ജീവിതകാലം മുഴുവനും നിലനിൽക്കുമ്പോൾ സ്ത്രീയുടെത് ഒരു നിശ്ചിത കാലം പിന്നിടുമ്പോൾ തീരെ കുറഞ്ഞ് പോവുകയോ നിലച്ച് പോവുകയോ ചെയ്യുന്നതായാണ് പ്രസ്തുത വിഷയങ്ങളിലെ പഠന റിപ്പോർട്ടുകൾ തെളിയിക്കുന്നത്. തന്നെയുമല്ല ലൈംഗീക വികാരം നിലനിൽക്കുന്ന കാലയളവിൽ തന്നെ ആർത്തവം, പ്രസവം എന്നീ അവസരങ്ങളിൽ സ്ത്രീകൾക്ക് പൂർണ്ണമായ നിലയിൽ ലൈംഗീക ബന്ധത്തിലേർപ്പെടുന്നത് നിഷിദ്ധമോ പ്രയാസകരമോ ആയിത്തീരുന്ന ഘട്ടങ്ങളാണ്. എന്നാൽ ഒരു പുരുഷന് മേൽപറയപ്പെട്ട അവസരങ്ങളിൽ തന്റെ വികാരശമനത്തിന് ഒന്നുകിൽ നിഷിദ്ധമാർഗ്ഗങ്ങൾ അവലംബിക്കേണ്ടി വരും. അതാകട്ടെ ഒരു വിശ്വാസിക്ക് പാടില്ലാത്തതാണ്. പിന്നെ ബാക്കി നിൽക്കുന്ന ഏകമാർഗ്ഗം ബഹുഭാര്യത്വം സ്വീകരിക്കൽ മാത്രമായിരിക്കും.

*************

# അമുസ്‌ലിം ദമ്പതിമാർ ഇസ്‌ലാം സ്വീകരിച്ചാൽ

അമുസ്‌ലിം ദമ്പതിമാർ ഇസ്‌ലാം സ്വീകരിച്ചാൽ അവർക്ക് വേറെ നിക്കാഹിന്റെ ആവശ്യമില്ല. അവർ നേരത്തെ ഏർപ്പെട്ട വിവാഹം തന്നെ മതിയാകുന്നതാണ്. എന്നാൽ ഭർത്താവ് ഇസ്‌ലാം മതം സ്വീകരിക്കുകയും തന്റെ ഭാര്യ പഴയ മതത്തിൽ തന്നെ അവിശ്വാസിനിയായി തുടരുകയുമാണെങ്കിൽ ഭാര്യ അഹ്‌ലു കിതാബിൽ (ഖുർആൻ പറഞ്ഞ വേദ ഗ്രന്ഥത്തിൽ വിശ്വസിക്കുന്ന ജൂത ക്രൈസ്തവ വിഭാഗങ്ങളിൽ) പെട്ടവളാണെങ്കിൽ അവർക്ക് ഭാര്യ ഭർത്താക്കളായി തന്നെ തുടരാവുന്നതാണ്. എന്നാൽ ഭാര്യ അഹ്‌ലുകിതാബിൽ പെട്ടവളല്ല എങ്കിൽ അവരുടെ വിവാഹം ദുർബലപ്പെടുന്നതാണ്. ഭാര്യയുമായി ലൈംഗീക ബന്ധത്തിൽ ഏർപ്പെട്ട ശേഷമാണ് ഭർത്താവ് മുസ്‌ലിമാകുന്നതെങ്കിൽ ഭാര്യ അഹ്‌ലുകിതാബിൽ പെട്ടതല്ലെങ്കിൽ അവൾ വിവാഹ മോചനം ചെയ്യപ്പെട്ട സ്ത്രീയുടെ ഇദ്ദ കാലം കാത്തിരുന്ന ശേഷം – ഗർഭിണിയാണെങ്കിൽ പ്രസവിക്കുന്നത് വരെ ഗർഭിണിയല്ലെങ്കിൽ മൂന്ന് ആർത്തവമുണ്ടായി ശുദ്ധിയാകുന്ന കാലം – അത് പിന്നിട്ടാൽ വിവാഹം ദുർബലപ്പെടുന്നതാണ്. പ്രസതുത കാലത്തിനിടയിൽ അവൾ വിശ്വാസിനിയായാൽ അവരുടെ പഴയ വിവാഹബന്ധം നിലനിൽക്കുന്നതും ദാമ്പത്യത്തിൽ തുടരാവുന്നതുമാണ്.

ഭാര്യ മുസ്‌ലിമാവുകയും ഭർത്താവ് അമുസ്‌ലിമായി തന്നെ നിലകൊള്ളുകയാണെങ്കിൽ അതോടെ അവരുടെ വിവാഹ ബന്ധം ദുർബലപ്പെടുന്നതാണ്. ഭർത്താവ് അഹ്‌ലുകിതാബിൽ പെട്ടതോ അല്ലാത്ത മതത്തിൽ വിശ്വസിക്കുന്ന വ്യക്തിയോ ആരായിരുന്നാലും ബന്ധം ദുർബലപ്പെടുന്നതാണ്.

അല്ലാഹുവേ, ഇഹത്തിലും പരത്തിലും സന്തോഷദായകമായ കുടുംബജീവിതം കെട്ടിപ്പടുക്കാൻ നീ ഞങ്ങളെ സഹായിക്കേണമേ നാഥാ, ഞങ്ങളേയും ഞങ്ങളെ വളർത്തിയ മാതാപിതാക്കളേയും ഞങ്ങൾ വളർത്തുന്ന ഞങ്ങളുടെ മക്കളേയും ഞങ്ങളുടെ ഇണകളേയും നിന്റെ സ്വർഗ്ഗത്തിൽ ഇടം നൽകി അനുഗ്രഹിക്കണമേ. (ആമീൻ )

وصلى الله وسلم على خير خلقه نبينا محمد وآله وصحبه أجمعين

والحمد لله ربّ العالمين.

************

# ഉള്ളടക്കം


| നമ്പർ | വിഷയം | പേജ് |
|---|---|---|
| 1 | ആമുഖമായി രണ്ട് വാക്ക് | 1 |
| 2 | വിവാഹം പ്രകൃതിയുടെ തേട്ടം | 3 |
| 3 | വിവാഹം നിർബന്ധം | 4 |
| 4 | വിവാഹത്തിന്റെ ലക്ഷ്യങ്ങൾ | 7 |
| 5 | മനുഷ്യ വംശത്തിന്റെ നില നിൽപ്പ് | 7 |
| 6 | സമാധാന ജീവിതം കൈവരി ക്കാൻ | 7 |
| 7 | സദാചാര ജീവിതം നയി ക്കാൻ | 9 |
| 8 | സഹകരണ സംരക്ഷണ ബോധം വളർത്തൽ | 10 |
| 9 | സമൂഹത്തിന്റെ ഭദ്രമായ കെട്ടുറപ്പ് | 11 |
| 10 | വിവാഹം കഴിപ്പിക്കൽ സമൂഹ ബാധ്യത | 12 |
| 11 | ഇണയെ തേടുമ്പോൾ | 15 |
| 12 | ആദർശപ്പൊരുത്തം | 15 |
| 13 | തിരുത്തപ്പെടേണ്ട മാമൂലു കൾ | 20 |
| 14 | സമ്പത്ത് | 20 |
| 15 | പ്രായം | 21 |
| 16 | തറവാട് | 22 |
| 17 | സ്ത്രീധനം | 23 |
| 18 | കച്ചവട ലാഭം | 26 |
| 19 | അദ്ധ്വാന ഫലം | 27 |
| 20 | ദാനം | 27 |
| 21 | കടമായി ലഭിച്ചത് | 27 |
| 22 | അനന്തര സ്വത്ത് | 28 |
| 23 | സ്ത്രീധനം വരുത്തുന്ന വിന കൾ | 29 |
| 24 | മഹർ ഇല്ലാതെയാവുന്നു | 29 |

| | | |
|---|---|---|
| 25 | കുടുംബ ഭദ്രത തകരുന്നു | 29 |
| 26 | ജാഹിലിയ്യത്ത് തിരിച്ച് വരുന്നു | 31 |
| 27 | രക്ഷിതാക്കൾ അനീതി കാണിക്കുന്നു | 32 |
| 28 | യാചനക്ക് പ്രേരണ നൽകുന്നു | 32 |
| 29 | കൊലപാതകങ്ങളും ആത്മ ഹത്യകളും | 33 |
| 30 | സ്ത്രീധനം മഹാപാപമാണ് | 33 |
| 31 | വിവാഹബന്ധം പാടില്ലാത്ത വർ | 36 |
| 32 | രക്ത ബന്ധത്തിലൂടെ നിഷി ദ്ധമായവർ | 38 |
| 33 | കെട്ടുബന്ധത്തിലൂടെ നിഷി ദ്ധമായവർ | 38 |
| 34 | മുലകുടി ബന്ധം | 41 |
| 35 | മുലകുടിബന്ധത്തിലൂടെ നിഷിദ്ധമാകുന്നവർ | 42 |
| 36 | വിവാഹാന്വേഷണം | 44 |
| 37 | വിവാഹാന്വേഷണം നിഷിദ്ധ മായ അവസരങ്ങൾ | 51 |
| 38 | ഇദ്ദയുടെ അവസരത്തിൽ | 51 |
| 39 | ഇഹ്റാമിലായിരിക്കുമ്പോൾ | 52 |
| 40 | മറ്റൊരാളുടെ അന്വേഷ ണത്തിനിടയിൽ | 52 |
| 41 | വിവാഹത്തിനു മുമ്പ് കാണൽ | 54 |
| 42 | നിഷിദ്ധമായ പെണ്ണുകാണൽ | 56 |
| 43 | വിവാഹം സാധുവാകാനുള്ള ഘടകങ്ങൾ | 57 |
| 44 | 1. രക്ഷിതാവ് (വലിയ്യ്) | 57 |
| 45 | ഭരണാധികാരിയും വലി യ്യാകും | 59 |
| 46 | വലിയ്യ് പുരുഷന്മാർ തന്നെ യായിരിക്കണം | 61 |
| 47 | വലിയ്യുമാർക്കുള്ള നിർദേശം | 62 |
| 48 | സ്ത്രീയുടെ അനുവാദം | 63 |

| | | |
|---|---|---|
| 49 | 2. മഹർ (വിവാഹ മൂല്യം) | 67 |
| 50 | മഹർ എന്തായിരിക്കണം | 73 |
| 51 | മഹ്റിന്റ അളവ് | 79 |
| 52 | മഹ്റില്ലാത്ത വിവാഹം പാടില്ല | 82 |
| 53 | മഹ്ർ നിശ്ചയിക്കാത്ത വിവാഹം | 82 |
| 54 | മഹ്റിന്റെ അധികാരം | 84 |
| 55 | 3. സാക്ഷികൾ | 85 |
| 56 | വിവാഹ കർമ്മം | 87 |
| 57 | വിവാഹ ഖുത്വുബ | 89 |
| 58 | ദമ്പതിമാർക്ക് വേണ്ടി പ്രാർത്ഥിക്കൽ | 90 |
| 59 | വിവാഹവും ആഘോഷവും | 93 |
| 60 | ശ്രദ്ധിക്കേണ്ട കാര്യങ്ങൾ | 95 |
| 61 | പുരുഷന്മാർ സ്വർണ്ണം ധരിക്കൽ | 96 |
| 62 | സ്ത്രീകൾ പർദ്ദ ഒഴിവാക്കൽ | 97 |
| 63 | കൃത്രിമ സൗന്ദര്യം പാടില്ല | 99 |
| 64 | നമസ്കാരം ഉപേക്ഷിക്കുന്നു | 99 |
| 65 | പുരുഷന്മാർ താടിവടിക്കുന്നു | 100 |
| 66 | അന്യമതാചാരങ്ങൾ കടമെടുക്കുന്നു | 100 |
| 67 | പുണ്യമെന്ന് കരുതുന്ന പലതും പുണ്യമല്ല | 101 |
| 68 | വലീമത്ത് (വിവാഹ സദ്യ) | 103 |
| 69 | എപ്പോൾ നൽകണം | 104 |
| 70 | ആരേയാണ് ക്ഷണിക്കേണ്ടത് | 107 |
| 71 | ക്ഷണം സ്വീകരിക്കൽ നിർബന്ധം | 108 |
| 72 | അതിഥികളെ സ്ത്രീകൾക്കും സ്വീകരിക്കാം | 112 |
| 73 | പാൽ കൊടുക്കൽ | 114 |
| 74 | ഇണയെ ആദ്യം കാണുമ്പോൾ | 117 |
| 75 | മണിയറയിൽ നമസ്കാരം | 117 |
| 76 | സംതൃപ്ത ജീവിതം | 122 |

| | | |
|---|---|---|
| 78 | നല്ല ഭർത്താവ് | 125 |
| 79 | നരകത്തിൽ നിന്ന് രക്ഷപ്പെടുത്തുക | 125 |
| 80 | മാന്യമായ നിലയിൽ ചിലവ് നൽകുക | 128 |
| 81 | സ്ത്രീയുടെ പ്രകൃതം മനസ്സിലാക്കി വർത്തിക്കുക | 130 |
| 82 | ദേഷ്യപ്പെടാതിരിക്കുക | 131 |
| 83 | മാനസിക ഉല്ലാസത്തിന് അവസരമൊരുക്കുക | 133 |
| 84 | കാര്യങ്ങൾ കൂടിയാലോചിക്കുക | 137 |
| 85 | വീട്ടുകാരെ സഹായിക്കുക | 138 |
| 86 | സ്നേഹം പ്രകടമാക്കുക | 139 |
| 87 | ക്ഷമ കൈകൊള്ളുക | 140 |
| 88 | നല്ലവളായ ഭാര്യ | 143 |
| 89 | ഭർത്താവിനെ സന്തോഷിപ്പിക്കുക | 144 |
| 90 | ഭർത്താവിനെ പൂർണമായി അനുസരിക്കുക | 144 |
| 91 | ഉള്ളതിനനുസരിച്ച് ജീവിക്കാൻ പഠിക്കുക | 147 |
| 92 | ദമ്പതിമാർ ഇരുവരും ശ്രദ്ധിക്കേണ്ടത് | 149 |
| 93 | ന്യൂനതകൾ മറച്ച് വെക്കുക | 149 |
| 94 | പരസ്പരം സന്തോഷിപ്പിക്കുക | 150 |
| 95 | പരസ്പരം സംരക്ഷിക്കുക | 151 |
| 96 | സ്വകാര്യത കാത്ത് സൂക്ഷിക്കുക | 153 |
| 97 | ഊഹങ്ങൾ (സംശയങ്ങൾ) കൈവെടിയുക | 153 |
| 98 | സ്ഥാനങ്ങൾ വകവെച്ച്കൊടുക്കുക | 154 |
| 99 | ബന്ധപ്പെടുമ്പോൾ | 156 |
| 100 | വൃത്തി | 156 |
| 101 | ഇണചേരുമ്പോൾ | 159 |
| 102 | എങ്ങിനെയായീരിക്കണം | 161 |

| | | |
|---|---|---|
| | ബന്ധപ്പെടുന്നത് | |
| 103 | ബന്ധപ്പെടുമ്പോഴുള്ള പ്രാർത്ഥന | 164 |
| 104 | ദമ്പതിമാർ നഗ്നരാവൽ | 164 |
| 105 | ലൈംഗിക ഭാഗത്തേക്ക് നോക്കൽ | 165 |
| 106 | ഗുദമൈഥുനം നിഷിദ്ധം | 169 |
| 107 | ആർത്തവ സമയത്ത് സംയോഗം നിഷിദ്ധം | 171 |
| 108 | ആർത്തവകാരിയെ ഭോഗിച്ച വന്റെ പ്രായശ്ചിത്തം | 173 |
| 109 | ആർത്തവത്തിന് ശേഷം എപ്പോൾ | 174 |
| 110 | അസ്ൽ (ലിംഗം പുറത്തെടു ക്കൽ) അനുവദനീയം | 176 |
| 111 | കുളി | 179 |
| 112 | ദമ്പതിമാർക്ക് ഒരുമിച്ച് കുളിക്കാം | 181 |
| 113 | ബഹുഭാര്യത്വം | 182 |
| 114 | സ്ത്രീകളോട് കാണിക്കുന്ന കാരുണ്യം | 187 |
| 115 | പ്രകൃതിയുടെ ആവശ്യം | 187 |
| 116 | മതം മനുഷ്യനെ കണ്ടറി യുന്നു | 188 |
| 117 | അമുസ്‌ലിം ദമ്പതിമാർ ഇസ്‌ലാം സ്വീകരിച്ചാൽ | 190 |



ഇസ്‌ലാമിനെക്കുറിച്ച് അടുത്തറിയാൻ www.islamhouse.com

المكتب التعاوني للدعوة وتوعية الجاليات بحي الربوة

بمدينة الرياض